3164

ചേരമർമഹാജനസഭ. ഗ്രന്ഥാവലി നമ്പർ 1.

# ഒരു ഉൽബോധനം

അഥവാ

# ചേരമർമഹാജനസഭ.

A SPEECH DELIVERED

BY

**Mr. N. JOHN SAMUEL VAIDYAR.**

Union is Strength.
Union without number is Powerless.
Number without union is Useless.

കാര്യദർശികൾ—

1. Karikathara Kunju.
2. P. John Paul.

3164

ഒരു ഉൽബോധനം

അഥവാ

# ചേരമർമഹാജനസഭ.

രചയിതാവ്

എൻ. ജോൺ ശാമുവേൽ വൈദ്യർ

[പകർപ്പവകാശം രചയിതാവിൽ]

1-ാം പതിപ്പ് കോപ്പി 1000.

**1938.**

M. S. PRESS, KOTTAYAM.

☞ ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പുസ്തകം
വ്യാജനിർമ്മിതമാകുന്നു.

മുദ്രാവാക്യം

"മതം ഏതായാലും മനുഷ്യർ
നന്നായി ഒന്നായാൽ മതി"

---

രാഷ്ട്രീയാദർശം

ജാതിമതാദിചിന്തകൾക്കതീതമായി രാഷ്ട്രത്തിന്റെ സർവ്വവിധൈശ്വര്യോൽക്കർഷപരിശ്രമമായിരിക്കണം നമ്മുടെ പരമമായലക്ഷ്യം.

എൻ. ജോൺ ശമുവേൽ വൈദ്യർ.

M. P. Pillai

# ആമുഖം. 3164

ഭാരതചരിത്രത്തിൽ പൊതുവേയും വഞ്ചിരാജ്യചരിത്രത്തിൽ പ്രത്യേകിച്ചും ഭാവനാമധുരവും സാന്ദ്രസുന്ദരവുമായ ഒരു നവയുഗത്തിന്റെ പ്രാദുർഭാവത്തെ പ്രഘോഷിപ്പിക്കുന്ന ക്ഷേത്രപ്രവേശനവിളംബരമെന്ന പരമമഹത്തായ ആ സമത്വശാസനത്താൽ, ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഈ ധർമ്മഭൂമിയെ ധന്യധന്യയാക്കി വിജയിച്ചരുളുന്ന ഈ ഘട്ടത്തിൽ, 'പിന്നോക്കം നിൽക്കുന്ന' സമുദായങ്ങളിലെ നേതാക്കന്മാർ സ്വസമുദായങ്ങളെ ഭദ്രമായി സംഘടിപ്പിച്ചു തദ്വാരാ രാജ്യത്തിന്റെ പൊതുക്ഷേമത്തെ പുലർത്തുവാൻ ഉത്സാഹിക്കുകയെന്നതു സർവ്വഥാ സമീചീനമായിരിക്കുന്നു. ഇങ്ങനെയുള്ള ഒരു വീക്ഷണകോണത്തെ അവലംബിച്ചു നോക്കുമ്പോൾ, തിരുവിതാംകൂറിലെ അസമത്വസമുദായങ്ങളിൽ അശേഷം അഗണ്യമല്ലാത്ത ചേരമർവിഭാഗത്തെ, ആശാസ്യമാംവിധം സംഘടിപ്പിച്ചു് ഉല്ക്കർഷപഥത്തിലൂടെ പുരോഗമിപ്പിക്കുവാനായി സമുദായാഭിമാനിയായ ശ്രീ. ശാമുവൽവൈദ്യൻ ഈ ആമുഖത്തിനു വിഷയമായ ഗ്രന്ഥംമുഖേന ചെയ്യുന്ന യത്നം എത്രയോ ശ്ലാഘ്യമായി തോന്നുന്നു.

ഗ്രന്ഥകർത്താവായ ശ്രീ. ശാമുവൽ വൈദ്യന്റെ വിവിധയോഗ്യതകൾ എനിക്കു് അനുഭവവേദ്യമായിട്ടുള്ളതാകുന്നു. അനഹങ്കാരിയും സമുദായക്ഷേമകാംക്ഷിയുമായ ശ്രീ വൈദ്യൻ, ചേരമർ സമുദായാഭ്യുന്നതിയെ ലാക്കാക്കി ഈ ഗ്രന്ഥത്തിൽ ചെയ്തിരിക്കുന്ന നിർദ്ദേശ

ങ്ങൾ സമുദായാഭിമാനികളുടെ ഗാഢശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ്. ഇദ്ദേഹത്തിൻെറ പക്വമായ നേതൃത്വം, ഈ ഗ്രന്ഥം വഴിയായി സമുദായത്തിനു ലഭിച്ചിരിക്കുന്നതിനെ പ്രയോജനപ്പെടുത്തേണ്ടതും ചേരമരുടെ ധർമ്മമാകുന്നു.

ശ്രീ വൈദ്യനും ഈ ഗ്രന്ഥത്തിനും ഞാൻ സമസ്ത വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

സി. വൈ. രാമൻനായർ ബി. എ,
മലയാളം ലക്ചറർ,
സി. എം. എസ്സ്. കോളജ്
(ഒപ്പ്.)

കോട്ടയം,
21—7—1113.

3164

കേരളചക്രവർത്തിയായിരുന്ന ചേരമാൻപെരുമാളിൻെറ

# മതാദർശപ്രഖ്യാപനം.

---

"എല്ലാ മതത്തിലും ലയിച്ചുകിടക്കുന്നതു് ഒരു തത്വംതന്നെ. ഏകമായ പരബ്രഹ്മത്തിലേയ്ക്കു് എത്താനുള്ള പല മാർഗ്ഗങ്ങളത്രെ പല മതങ്ങളും. മതങ്ങൾ തങ്ങളിൽ ഉദ്ദേശങ്ങൾക്കു വ്യത്യാസമില്ല. ഉണ്ടെന്നുവാച്ചു തർക്കിക്കുന്നവർ അജ്ഞാനികളാണു്. നമുക്കു സകലമതങ്ങളും ഒരുപോലെ. നാം മതസ്ഥാപകന്മാരെ ഒരുപോലെ മാനിക്കുന്നു. വിശ്വനാഥൻ അധിവസിക്കുന്ന കാശിയും, ക്രിസ്തു അലങ്കരിച്ച ജറുശലേമും, മഹമ്മദു പവിത്രീകരിച്ച മക്കാവും, ബുദ്ധൻ പൂതമാക്കിയ കപിലവസ്തുവും ഭക്തന്മാർക്കു് ഒരുപോലെ പുണ്യസ്ഥലങ്ങളത്രെ. അതിവിശേഷമായ ഒരു സ്ഥലത്തേക്കു ചെന്നെത്തുന്നതിനു പല വഴികളുണ്ടെങ്കിൽ അതു ഗുണമല്ലേ. ..............................................
ഒരേ ഭവനത്തിൽ ഒരേ മാതാപിതാക്കൾക്കു മക്കളായി; ഒരുമിച്ചു താമസിച്ചു ഒരാൾ കൃഷ്ണനെയും, ഒരാൾ ക്രിസ്തുവിനേയും, ഒരാൾ മഹമ്മദിനേയും ഭജിക്കയും, തങ്ങളുടെ മനസ്സിൻെറ ഗതിപോലെ മതം സ്വീകരിക്കയും, ചെയ്യുന്നതെന്നോ അന്നു നിങ്ങൾക്കു മഹത്തായ ശ്രേയഃപദത്തിലേക്കുള്ള രാജപാതയിലായി എന്നു പറയാം......

.....................................................

സകല മതങ്ങളും ഒരുപോലെ ആദരിക്കിൻ. ഓരോ മതവും അനുഷ്ഠിക്കുന്നവരെ സഹോദരഭാവേന ഉള്ളുകൊണ്ടുസ്നേഹിപ്പിൻ. ദേവാലയത്തിൻെറ നടകടന്നു പോ

കമ്പോഠം തലതാഴ്ത്തി വന്ദിപ്പിൻ. അമ്പലമായാലും പള്ളിയായാലും ഈശ്വരാരാധനസ്ഥലങ്ങളെല്ലാം മനുഷ്യൻെറ ഭക്തി സമപ്പ്ിക്കുവാനുള്ള ഭണ്ഡാരങ്ങളത്രെ. ഒന്നിനേയും നിന്ദിക്കരുത്......................................................ലോകമെല്ലാം ഏകോപിച്ച് ഈശ്വരനിർദ്ദിഷ്ടമായ ഒരു മഹോദ്ദേശ്യത്തെ നിറവേററാൻ ഒരുമിച്ചു മുമ്പോട്ടു യാത്രചെയ്യുന്നതിനു മനുഷ്യരെ പഠിപ്പിക്കാനുള്ള ദൈവികമായ നയമല്ലേ മതം? അവതാരങ്ങളും ഇതിനല്ലേ? ഈ മഹാപുരുഷന്മാരെ ഒരാളെയെങ്കിലും നിന്ദിക്കുന്നതു സാക്ഷാൽഈശ്വരനെ നിന്ദിക്കുംപോലെയാകുന്നു. അതു പാപമല്ലേ?.......................

[അറിയപ്പെട്ടിരുന്ന സകലമതങ്ങളേയും മഹാത്മാവായ ചേരമാൻപെരുമാഠം ഒരുപോലെപരിഗണിച്ചുവന്നിരുന്നതു്, അദ്ദേഹത്തിൻെറ ജ്ഞാനത്തേയും ഈശ്വരഭയത്തേയും പ്രസ്പഷ്ടമാക്കുന്നു. അദ്ദേഹത്തിൻെറ മതാദർശം നമുക്കൊരു മാതൃകയായി സ്വീകരിക്കാമെങ്കിൽ, ആസന്നഭാവിയിൽ തന്നെ നാം പ്രതീക്ഷിക്കുന്നതിലപ്പുറമായ ഉല്ക്കർഷം പ്രാപിക്കാമെന്നുള്ളതിനു രണ്ടുപക്ഷമില്ല—വൈദ്യർ]

(എം. രാമവമ്മരമ്പാൻ അവർകഠം ബി. ഏ; എൽ. ററി. എഴുതിയിട്ടുള്ള പ്രഭാഷണങ്ങളിൽനിന്നുമാണ് മേൽ ഉദ്ധരിച്ചിട്ടുള്ളതു്)

3164

# അഭിപ്രായങ്ങൾ.

## I

സാമുദായിക സ്ഥിതിഗതികളെ നിഷ്പക്ഷബുദ്ധ്യാ നേരായ മാർഗ്ഗത്തിലൂടെ വിമർശിക്കുന്ന ഗ്രന്ഥങ്ങൾ അഭിവൃദ്ധിയെ ആകാംക്ഷിക്കുന്ന ഏതൊരു സമുദായത്തിനും അത്യന്താപേക്ഷിതവും ഭൂഷണവുമായിരിക്കും. ദുഷിച്ച ആചാരക്രമങ്ങളേയും യുക്തിവിഹീനങ്ങളായ വിശ്വാസതാല്പര്യങ്ങളേയും പരിത്യജിച്ച സമുദായപുരോഗമനത്തിനുതകുന്നതായ നിർദ്ദേശങ്ങളെ പ്രദാനംചെയ്യുന്ന ഒന്നത്രെ "ഒരു ഉൽബോധനം" അഥവാ "ചേരമർ മഹാജനസഭ" എന്ന ഈ ചെറുഗ്രന്ഥം.

ഈ ചെറുപുസ്തകംഅനശ്വരങ്ങളായ ഫലങ്ങളെ പ്രദാനംചെയ്യുന്നതിനു സർവ്വശക്തൻ സകല ഭാവുകങ്ങളും കൈവരുത്തട്ടെ.

എന്ന്,

സി. എൻ. കുഞ്ഞൻനമ്പൂതിരിപ്പാട്,

25—7—1113, എം. എൽ. സി. (ഒപ്പ്).

ക്യാമ്പ്—കുമാരനല്ലൂർ.

## II

ഈ പുസ്തകം കുറച്ചുസമയംകൊണ്ടുവായിച്ചു ഒരഭി പ്രായം എഴുതിക്കൊടുക്കണമെന്നാണ് ഈ പുസ്തകത്തിൻെറ ഗ്രന്ഥകത്താവും മററുചില സ്നേഹിതന്മാരും എന്നോടാവശ്യപ്പെട്ടത്. വളരെ ദ്രുതഗതിയിൽ വായിക്കാനേ സാധിച്ചുള്ളുവെങ്കിലും ചേരമർസമുദായത്തിൽ പെട്ട ഒരു സ്നേഹിതൻെറ കൃതിയാകകൊണ്ടു എൻെറ വാക്കുകൾ ആ സമുദായത്തിനു പ്രോത്സാഹജനകമെങ്കിൽ എനിക്കു വളരെ സന്തോഷമത്രേ.

ചേരമർസമുദായത്തിൽപെട്ട എല്ലാവരെയും സമുദായഭേദംകൂടാതെ ഒന്നിച്ചുചേർത്തു അവരുടെ പുരോഗതിക്കായി ഒരു ഘടന ഉണ്ടാക്കണമെന്നുള്ളതാണ് ഗ്രന്ഥകത്താവിൻെറ വലുതായ ആഗ്രഹം. ഈ ആശയത്തോട് എനിക്കു പൂണ്ണമായ യോജിപ്പാണുള്ളത്. ചേരമർസമുദായാംഗങ്ങൾ വിവിധമാർഗ്ഗങ്ങൾ അവലംബിക്കുന്നുണ്ടെങ്കിലും അവരുടെ സാമ്പത്തിക സ്ഥിതി മിക്കവാറും ഒരുപോലെയാകുന്നു എന്നുള്ളതിൽ എനിക്കു യാതൊരു സംശയവുമില്ല. അവിടെയും ഇവിടെയുമായി കുറെ വ്യക്തികൾക്കു വല്ല ഉയർച്ചയുമുണ്ടായിട്ടുണ്ടെങ്കിൽ അതാകമാനം സമുദായത്തിൻെറ ഉയർച്ചയായി എന്നു കരുതാൻ പാടില്ല.

ഇങ്ങനെ ഒരു സംഘത്തിൻെറ സ്ഥിരപരിശ്രമത്തിന്മേലാണല്ലോ ചേരമർസമുദായത്തിൻെറ അഭ്യുന്നതി പ്രധാനമായി ആശ്രയിച്ചിരിക്കുന്നത്. ഒരു സംഘടനയെപ്പററിയും സമുദായത്തിൻെറ മററുവിധത്തിലുള്ള ആവശ്യങ്ങളെ സംബന്ധിച്ചും പ്രതിപാദിച്ചിരിക്കുന്ന ഈ ചെറുഗ്രന്ഥം എല്ലാവരും വായിക്കണമെന്നു ഞാൻ വിശ്വസിക്കുന്നു.

"ഏകോപിച്ചുനില്ക്കുന്നാപക്ഷം പ്രബലസമുദായ ങ്ങളുടെ അന്യായമായ സ്വാധീനശക്തികൾ വശംവദരാകുവാൻ ഇടയില്ലെന്നുള്ളതു നിർവ്വിവാദമാണ്" എന്നു ഈ പുസ്തകത്തിൽ കാണുന്നു. പ്രബലസമുദായക്കാരെ കുറിച്ചുള്ള ഈ മനോഭാവം നീങ്ങിക്കാണുന്നതിനിടയാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ആരു് എന്തുപറഞ്ഞാലും വിശ്വസിക്കുവാൻ പ്രയാസമുള്ള ഒരു കാലഘട്ടത്തിലാണു നാം ജീവിക്കുന്നതു്. അങ്ങിനെയിരുന്നാലും പ്രബലസമുദായങ്ങളുടെ മനഃസ്ഥിതി മാറുന്നു എന്നും ആ സമുദായത്തിൽപെട്ട ചില വ്യക്തികളെങ്കിലും, മതഭേദം കരുതാതെ ചേരമർസമുദായത്തിന്റെ പൊതുവേയുള്ള അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്നതിനു ആകാംക്ഷയുള്ളവരാണെന്നും ചേരമർമഹാജനങ്ങൾ വിശ്വസിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മഹാരാജാവു തിരുമേനിക്കു പിന്നോക്കസമുദായക്കാരോടുള്ള താല്പര്യം ലോകപ്രസിദ്ധമായിട്ടുള്ള സംഗതിയാണ്. ആ വാസ്തവത്തിനു പുസ്തകത്തിൽ വേണ്ട സ്ഥാനം കൊടുത്തിരിക്കുന്നതു വളരെ ഉചിതമായി. ഞാൻ ഗ്രന്ഥകർത്താവിനു എല്ലാവിധ മംഗളങ്ങളേയും ആശംസിച്ചുകൊള്ളുന്നു.

എന്നു്,

കെ. കെ. കുരുവിള, എം. എ., ബി. ഡി.,

കോട്ടയം. എം. എൽ. സി.

26—7—1113, (ഒപ്പ്.)

# സമർപ്പണം.

മാന്യരെ,

ഈ ചെറുഗ്രന്ഥത്തിലെ ചിന്താപരമ്പര......... ചേരമർമഹാജനസഭയുടെ നിർബന്ധപൂർവ്വമായ പ്രോത്സാഹനം നിമിത്തം ഇത്തരുപത്തിൽ പ്രസിദ്ധപ്പെടുത്തുന്നു. ഇതിലെ ഉൽബോധനാശയങ്ങൾ നമ്മുടെ സമുദായാംഗങ്ങളുടെ ഏകീകരണത്തിനു പര്യാപ്തമാണെങ്കിൽ ഞാൻ കൃതാർത്ഥനായി.

30—2—1113-ൽ ചെങ്ങല്ലത്തിൽവച്ചു കൂടിയ ചേരമർമഹാജന സഭയുടെ പൊതുസമ്മേളനത്തിലെ എന്റെ പ്രസംഗസംക്ഷേപമാണ് ഇതിലെ ഉള്ളടക്കം. ചേരമർസമുദായത്തിനു നാളതുവരെ സംഘടനാപരമായ ഒരു സാമുദായിക നില ഉണ്ടായിട്ടില്ലല്ലോ. 1080-ാമാണ്ടിനുശേഷം സമുദായോദ്ധാരകന്മാരെന്നു തോന്നുമാറു (1080-ാമാണ്ടു മുതൽ 1112 വരെ—(32 കൊല്ലത്തെ) പുലയ (ചേരമർ) സമുദായത്തെ പ്രതിനിധീകരിച്ചു നേതാക്കന്മാർ 7— 15 പേരോളം സമുദായസേവനാർത്ഥം രംഗപ്രവേശനം ചെയ്തിട്ടുണ്ട്. സമുദായത്തെ ഒരു സംഘടനയിൽ ഉറപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടും ആദർശത്തോടുംകൂടി അക്ഷീണപരിശ്രമം ചെയ്യുന്നതിനു ഉത്സുകരും ത്യാഗതല്പരരുമായ നേതാക്കന്മാരെ ആശ്ലേഷിക്കുന്നതിനുള്ള ഭാഗധേയം ചേരമർസമുദായാംബികയ്ക്കു നാളതുവരെ കൈവന്നിട്ടില്ലെന്നുള്ള പരമാർത്ഥം വ്യസനസമേതം പ്രസ്താവിക്കേണ്ടതായിട്ടാണി

രിക്കുന്നതു്. സമുദായ ഭക്തന്മാരായ ചില മഹാശയന്മാർ ഉണ്ടായിട്ടില്ലെന്നു തീർത്തുപറയാവുന്നതുമല്ല. വൎഷമഴയ്ക്കുശേഷം നദിക്രൂപങ്ങൾ ശക്തിമത്തായ ജലപ്രവാഹത്താൽ കവിഞ്ഞൊഴുകുമ്പോൾ ഇരുകരകളിലുമുള്ള തിട്ടുകൾ കല്ലോലജലപ്രവാഹമേററു് അഥവാ നദിയിലെ ജലപ്രവാഹത്താൽ ആഹരിക്കുകയും അപഹരിക്കുകയും ചെയ്യുന്നപ്രകാരം നമ്മുടെ സമുദായാംഗങ്ങൾ വിവിധമതസംഘടനകളുടെ നയപ്രേരണാദിശക്തികൾക്കു വശംവദരായി ജീവിച്ചുപോരുന്നു. സൎവ്വവിധൈശ്വൎയ്യാദികൾക്കും കേളീരംഗമായ ഇതരസമുദായാംഗങ്ങളുടെ നിയന്ത്രണാശക്തിക്കധീനരും നിരാശ്രയരുമായി നമ്മുടെ വംശജർ ഇപ്പോഴും നിലനിന്നുപോരുന്നു എന്നു പറയുന്നതിൽ അഭിപ്രായവ്യത്യാസത്തിനിടയില്ലല്ലോ. ഒരു കയ്യുംകണക്കുമില്ലാതെ പണം ചിലവാക്കി നദിയുടെ പതനസ്ഥലത്തു അടിയുന്ന എക്കൽ ശേഖരിച്ചു ഫലഭൂയിഷ്ഠമായ പുരയിടമായി രൂപാന്തരപ്പെടുത്തുന്നപ്രകാരം നമ്മുടെ സമുദായത്തെ ഒരു സംഘടനയിൽ ഉൾപ്പെടുത്തി അവശതകളെ പരിഹരിച്ചു അഭിവൃദ്ധിസോപാനത്തിലേക്കു കൊണ്ടുവരേണ്ടിയിരിക്കുന്നു.

പ്രബലസമുദായങ്ങളുടെ പുരയിടങ്ങളിലെ കുടികിടപ്പുകാരും അവൎക്കു വേണ്ട കൂലിപ്പണികൾ ചെയ്തു നിത്യവൃത്തികഴിച്ചുവരുന്നവരുമാണല്ലോ ചേരമർസമുദായാംഗങ്ങളിൽ അധികവും. അതിനാൽ തിരുവിതാംകൂറിലെ പ്രബലരും പ്രബുദ്ധരുമായ നായ-ഈഴവ-ക്രൈസ്തവസമുദായങ്ങളിലെ സഹൃദയരായ പ്രമാണികളുടെ ഉപദേശങ്ങളും ബഹുമാനപ്പെട്ട ഗവൎമ്മെൻറിൻെറ പിന്തു

ണയും സമാർജ്ജിച്ചു ഒരു പ്രവത്തകസംഘം അക്ഷീണ പരിശ്രമം ചെയ്യെങ്കിൽ മാത്രമേ ചേരമർസമുദായത്തിന സംഘടനാപരമായ ഒരു സാമുദായികനിലയോ ശോഭനമായ ഒരു ഭാവിയോ ഉണ്ടാകുവാൻ തരമുള്ളു എന്നു സധൈര്യം പറയാവുന്നതാണ്.

നമ്മുടെ പൊതുവായ അവശതകൾക്കു ന്യായമായ നിവാരണമാഗ്ഗം ഉണ്ടാകണമെങ്കിൽ, (1) നമ്മുടെ വംശജർ ആകമാനം ഒരു പൊതുസംഘടനയിൽ ഒരുമിച്ചു നില്ക്കുകയും (2) സംസ്കാരത്തിനും പരിഷ്കൃതലോകത്തിനും ചേന്നതായ ഉപദേശങ്ങൾ ഗ്രഹിച്ചു സാമുദായികബോധമുള്ളവരായി നമ്മുടെയിടയിലുള്ള സർവ്വ ന്യൂനതകളെയും പരിഹരിക്കുകയും (3) ഗവമ്മെൻറിനു ക്രൂപ്യങ്ങളും പ്രബലസമുദായങ്ങളുടെ മൈത്രിയും സമാർജ്ജിച്ചു സാമുദായികപുരോഗമനാത്ഥം പരിശ്രമിക്കയും ചെയ്യേണ്ടതിലേക്കു നമ്മുടെ സമുദായാംഗങ്ങളായ മാന്യസുഹൃത്തുക്കളെ ഉൽബോധിപ്പിക്കുന്ന എൻെറ വിനീതമായ നിർദ്ദേശങ്ങളാണ് ഈ ചെറുപുസ്തകത്തിൽ അടക്കംചെയ്തിട്ടുള്ളതു്.

ഈ പുസ്തകത്തിനു അനുയോജ്യമായ ഒരാമുഖം എഴുതിത്തന്ന പ്രസിദ്ധ പണ്ഡിതനും, സാഹിത്യശിരോമണിയും സവ്വസമുദായമൈത്രിഭാവസമ്പന്നനുമായ സി. ഐ. രാമൻനായർ ബി. എ., അവർകളോടും, പ്രസിദ്ധീകരണവിഷയത്തിൽ വേണ്ട ഒത്താശകൾ ചെയ്തുതന്ന രാജശ്രീ മുഞ്ഞനാട്ടു എ. കൊച്ചുണ്ണിപ്പണിക്കർ (ഭാരതപത്രിക ഏജൻറ്) അവർകളോടും, ഈ പുസ്തകം കൃത്യസമയത്തു ഭംഗിയായി അച്ചടിച്ചുതന്ന കോട്ടയം

എം. എസ്സ്. പ്രസ്സ്, ഭാരവാഹികളോടും എനിക്കുള്ള ഹൃദയംഗമമായനന്ദിയെ പ്രകാശിപ്പിച്ചു കൊള്ളുന്നു. ഹൈന്ദവമതപണ്ഡിതനും, പ്രസിദ്ധജന്മിയും, ജാതിമതൈക്യത്തിൽ ഉത്സുകനും, എം. എൽ. സി-യുമായ ബ്രഹ്മശ്രീ തുപ്പൻനമ്പൂതിരിപ്പാട്ട് അവർകളും; സ്വരാജ്യസ്നേഹികളിൽഅദ്വിതീയനും, ക്രൈസ്തവമതപഠിതാക്കളിൽ പ്രഥമഗണനീയനുമായരാജശ്രീ കെ. കെ. കുരുവിളഅവർകൾ എം. എ ബി. ഡി., എം. എൽ. സി.-യും എഴുതിത്തന്ന വിലയേറിയ അഭിപ്രായങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്. മാന്യ വായനക്കാർ ഈ അഭിപ്രായങ്ങളിൽ അടങ്ങിയിരിക്കുന്ന സ്വാർത്ഥ്യർഹങ്ങളായ ഉപദേശങ്ങളും സാഹോദര്യമനോഭാവനയിൽ പ്രേരിതരായ അവരുടെ ആശംസകളും നമ്മുടെ സമുദായത്തിൻെറ പുരോഗമനത്തിനു ഏററവും സാഹായികമായിത്തീരുമെന്നു ഞാൻ സർവ്വാത്മനാ വിശ്വസിക്കുന്നു.

ചേരമർജനതതിയുടെ പാദങ്ങളിൽ ഞാൻ സമർപ്പിക്കുന്ന ഈ പുസ്തകത്തിൽ എൻെറ ആലോചനയ്ക്കും ബുദ്ധിക്കും വിഷയമാകാത്ത വല്ല തെററുകളും വന്നുപോയിട്ടുണ്ടെങ്കിൽ അതു സഹോദരമനോഭാവത്തോടുകൂടി മാന്യന്മാർ ക്ഷമിക്കുവാനും സർവ്വതോന്മുഖങ്ങളായ അഭിവൃദ്ധിമാർഗ്ഗങ്ങളിലേക്കു പ്രവേശിക്കുന്നതിനു പര്യാപ്തമായ നിർദ്ദേശങ്ങളെ സദയം സ്വീകരിക്കുവാനും പ്രാർത്ഥിച്ചുകൊണ്ടു തല്ക്കാലം ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ,

ചേരമർ (പുലയ)സമുദായത്തിന്റെ ആധുനിക സ്ഥിതിഗതികൾക്കനുയോജ്യവും സമുദായാംഗങ്ങളുടെ ഏകീകരണത്തിനും ഉല്കർഷോദ്യമങ്ങൾക്കും ഉപയുക്തമായ

# സംഘടനാമാർഗ്ഗം.

---

## ചേരമർമഹാജനസഭ

---

ഉപസഭകൾ.

## ചേരമർ ഹിന്ദുമഹാജനസഭ.

(പ്രത്യേക നിയമസംഹിത)

## ക്രൈസ്തവ - ചേരമർമഹാജനസഭ.

(പ്രത്യേക നിയമസംഹിത)

---

"ഹൈന്ദവചേരമർക്കും ക്രൈസ്തവചേരമർക്കും ഉതകുന്ന സാമുദായികവും രാഷ്ട്രീയവുമായ പൊതു (ബൈലാ) ചട്ടങ്ങളാണ് ചേരമർമഹാജനസഭയ്ക്കു വേണ്ടതു്. തല്ക്കാല സ്ഥിതിഗതികളെ പരിഗണിച്ചാൽചേരമർമഹാജനസഭയ്ക്കു മദ്ധ്യതിരുവിതാംകൂറിൽ ഒരു പ്രവൎത്തനകേന്ദ്രം-ഹെഡാഫീസ്- ഉണ്ടായിരിക്കുന്നതും നല്ലതുതന്നെ."

# വിഷയവിവരം.


| | | |
|---|---|---|
| | | പേജ് |
| 1. | ചേരമർമഹാജനസഭ | 1 |
| 2. | നമ്മുടെ ഗവൺമെൻറും മതസംഘടനകളും | 5 |
| 3. | ചേരമരും വിവിധമതങ്ങളും | 6 |
| 4. | മതസംഘടനയിൽതന്നെ നില്ക്കണമോ? | 17 |
| 5. | നമ്മുടെ അടിമമനസ്ഥിതിയും സാമുദായികാപകർഷവും | 20 |
| 6. | ജാതിയും തൊഴിലും | 25 |
| 7. | ജാതിയും മതവും | 30 |
| 8. | ജാതിയും ദേശീയവാദവും | 31 |
| 9. | നമ്മുടെ അഭിവൃദ്ധിയും അധികൃതസമുദായങ്ങളുടെ സഹകരണപരിധിയും | 33 |
| 10. | നമ്മുടെ ജനസംഖ്യ | 37 |
| 11. | സംഘടനാരജിസ്ട്രേഷൻ | 41 |
| 12. | സഹൃദയരായ സർവ്വരുടേയും സത്വരശ്രദ്ധയ്ക്ക് | 62 |

# പ്രസ്താവന.

നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഇക്കഴിഞ്ഞ ആട്ടത്തിരുനാൾ പൂർവ്വാധികം ഭംഗിയായി നാം ആഘോഷിച്ചുവല്ലോ?

തത്സമയം സഭയുടെ ഭക്ത്യാദരങ്ങളെ തിരുമനസ്സറിയിക്കുന്നതിനായി അയച്ച കമ്പിസന്ദേശത്തിനു തിരുമനസ്സിലെ ഉത്തരവിൻപ്രകാരം (ചേരമർ മഹാജന സഭയ്ക്കു ലഭിച്ച ഉത്തരവിൽ) * "മഹാരാജാവു തിരുമനസ്സിലെ ജന്മദിനംപ്രമാണിച്ചു നിങ്ങൾ അനുമോദനസന്ദേശമയച്ചതിൽ, തിരുമനസ്സിലേക്കുള്ള ഹൃദയപൂർവ്വമായ സന്തോഷത്തെ നിങ്ങളെയും, നിങ്ങൾ മുഖേന ചേരമർ മഹാജനസഭാംഗങ്ങളെയും അറിയിച്ചു കൊള്ളുന്നു."

എന്നു വിശദീകരിച്ചിരിക്കുന്ന വസ്തുത എല്ലാ ചേരമർ സഹോദരങ്ങളെയും അറിയിച്ചുകൊള്ളുന്നു.

തിരുവാർപ്പു്,
25—5—'113.

"ചേരമർ മഹാജനസഭ"
സെക്രട്ടറി
ററി. സി. കുട്ടൻ.

---

* ഇംഗ്ലീഷിൻെറ പരിഭാഷ.

# ഒരുൽബോധനം

അഥവാ

# *ചേരമർമഹാജനസഭ.

## ൧. ചേരമർ മഹാജനസഭ.

എൻെറ വാത്സല്യനിധികളായ സഹോദരങ്ങളേ!

തിരുവിതാംകൂറിൽ ചേരമർമഹാജനസഭ ചേരമർ ജനതയെന്നറിയപ്പെടുന്ന നമ്മുടെ പൊതുവിലുള്ള വിദ്യാഭ്യാസം, സാമുദായികം, ധനസ്ഥിതി, പരിഷ്കാരം സന്മാർഗ്ഗം മുതലായവയുടെ അഭിവൃദ്ധിയെ പുരസ്കരിച്ചും, ഈശ്വരഭക്തി, രാജഭക്തി, മതപ്രതിപത്തി എന്നീ ആദർശങ്ങളെ മുൻനിറുത്തിയും, മതവിഷയകമായി വ്യക്തികൾ അവലംബിച്ചു നിലനിന്നുപോരുന്ന മതവിഭാഗങ്ങളിലൊക്കെയുംതന്നെ ഉൾപ്പെട്ടുനിന്നുകൊള്ളുന്നതിനു വ്യവസ്ഥചെയ്തും, "മതം ഏതായാലും മനുഷ്യൻ നന്നായി ഒന്നായാൽ മതി" എന്നുള്ള മുദ്രാവാക്യത്തെ

* 30—2—1113-ൽ ചെങ്ങളത്തിൽവച്ചുനടന്ന ചേരമർ മഹാജനസഭയുടെ പൊതുസമ്മേളനത്തിൽ കോത്തല ധർമ്മരാജവിലാസം ചേരമർകരയോഗം സെക്രട്ടറി എൻ. ജോൺശാമുവേൽ വൈദ്യർചെയ്ത പ്രസംഗം.

സ്വീകരിച്ചും ജാത്യൈക്യപരമായി സമാരംഭിക്കപ്പെട്ടിട്ടുള്ള ഒരു പ്രസ്ഥാനമാണിത്.

നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെക്കു അപാരമായ രാജഭക്തി ഉണ്ടായിരിക്കണമെന്നും തിരുമനസ്സിലെ ഗവമ്മെൻറിനോട് എന്തെന്നും ഏതെന്നും ചോദിക്കാതവണ്ണം അത്രത്തോളം അനുസരണമുള്ളവരായിരിക്കണമെന്നും; അവശതാപരിഹാരാത്ഥം സമുദായനേതാക്കന്മാർ സമുദായാംഗങ്ങളുമായി ഗവമ്മെൻറിനോടും ഗവമ്മെൻറുദ്യോഗസ്ഥന്മാരോടും സഹൃദയരായ സവർണ്ണസമുദായപ്രതിനിധികളുടെ സഹകരണത്തോടുംകൂടി; സമുദായാഭിവൃദ്ധി പ്രാപിക്കുന്നതുവരെ പരിശ്രമിക്കണമെന്നുള്ളതാണ് തിരുവിതാംകൂർ ചേരമർമഹാജനസഭയുടെ പ്രധാന സിദ്ധാന്തം. നമ്മുടെ പൂർവ്വചരിത്രാനുസ്മരണ ഈ സന്ദർഭത്തിൽ അനുചിതമാകാതിരിക്കയില്ലല്ലോ.

പുലയർ, ചെറുമർ, ചേരമർ എന്നീ പേരുകളാൽ അറിയപ്പെടുന്ന നമ്മുടെ വംശജർ പൗരാണികകാലത്തു ഈ രാജ്യത്തെ പൂർവ്വനിവാസികളുടെ സന്താനപരമ്പരയിൽ ഉൾപ്പെട്ടവരാണെന്നു നമ്മുടെ രാജ്യത്തിൻെറ പൗരാണിക ചരിത്രങ്ങളും ഇതിഹാസങ്ങളും സിദ്ധാന്തിക്കുന്നു. സുപ്രസിദ്ധസമുദായനേതാവായ രാജശ്രീ എൻ. ജോൺജോസഫ് അവർകൾ നമ്മുടെ സമുദായത്തിൻെറ പൂർവ്വചരിത്രമാഹാത്മ്യത്തെയും സ്വതവേ നമുക്കുള്ളതായ പൂർവ്വികകുലനാമം ചേരമർ എന്നാണെന്നു ബഹുമാനപ്പെട്ട ഗവമ്മെൻറിലും 1097-ൽ പ്രജാസഭയിലും സയുക്തികം ബോദ്ധ്യപ്പെടുത്തിയതിൻെറ ഫലമായി ഗവമ്മെൻറു എഴുത്തുകുത്തുകളിലും മററു ഇട

പാട്ടുകളിലും പ്രസ്തുത യഥാൎത്ഥമായ നമ്മുടെ ജാതീയനാമം സവിശേഷം പ്രചരിക്കുന്നതിനും പരിലസിക്കുന്നതിനും തുടങ്ങീട്ട് ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞിരിക്കുന്നു. നമ്മുടെ വംശജർ കുത്തഴിഞ്ഞ, പുസ്തകം കണക്കു് സംഘടനയില്ലാതെ ഛിന്നഭിന്നമായി വിഭിന്നആചാരമൎയ്യാദകൾക്കു അധീനരായി വിവിധസംഘടനകളിൽ നിലനിന്നുവരുന്നു. ഏതാദൃശമായ സാമുദായികനില "നമ്മുടെ പുരോഗമനത്തിനും" വിഘാതമായി പരിണമിച്ചിരിക്കുന്നു. അതിനാൽ സമുദായത്തിൻെറ ശ്രേയസ്കരമായ ഭാവിയെ മുൻനിറുത്തി നമ്മുടെ വൎഗ്ഗീയതാല്പൎയ്യങ്ങളെ സംരക്ഷിക്കുന്നതിനും സാമുദായിക അവശതകളെ പ്രായേണ പരിഹരിക്കുന്നതിനുമായി നമ്മുടെ സമുദായത്തെ ഏകോപിപ്പിക്കുന്ന ഒരു പ്രസ്ഥാനത്തെ നാം അവലംബിക്കേണ്ടിയിരിക്കുന്നു.

സാധുജനപരിപാലനസംഘം, ചേരമർസംഘം എന്നിങ്ങനെയുള്ള സാമുദായികസംഘടനകൾ സാമുദായിക അഭിവൃദ്ധിയെ ആകാംക്ഷിക്കുന്ന ചിലരുടെ പരിശ്രമഫലമായി ആവിർഭവിക്കയും സംഘടനാപരമായ പ്രവൎത്തനത്തിൻെറ അഭാവംനിമിത്തം അവ ക്ഷയോന്മുഖങ്ങളായി പരിണമിക്കയും ചെയ്തിരിക്കുന്നു. പ്രസ്തുത പ്രസ്ഥാനങ്ങൾ ഒന്നുംതന്നെ രജിസ്റ്റർചെയ്തിട്ടുള്ളതുമല്ലായിരുന്നു. അതിനാൽ നമ്മുടെവൎഗ്ഗത്തിലുള്ള സർവ്വൎക്കും സഹകരിക്കാവുന്നതും സഹകരിക്കേണ്ടതുമായവിധത്തിലും, ഈ രാജ്യത്തുള്ള വിവിധ മതസംഘടനകളുടെ സന്മനോഭാവം സമാർജ്ജിക്കാവുന്ന മാൎഗ്ഗത്തിലും സഹൃദയരായ സഹോദരസമുദായങ്ങളുടെ സഹകരണത്തെ ആകൎഷിക്കാവുന്നതരത്തിലും, നമ്മുടെ പൊന്നുതമ്പുരാൻതിരുമനസ്സിലേയും അവിടുത്തെ ഗവൎമ്മെൻറിൻെറയും കാ

ടന്ന്യാതിരേകത്തിന പാത്രമാകത്തക്ക രൂപത്തിലും കര കൾതോറും ശാഖാസഭകൾ ഏൎപ്പെടുത്തി സംഘടന വ ൎദ്ധിപ്പിച്ചും, നായന്മാർ നായർസൊസൈററിയും; ഹിന്ദു ക്കളും ക്രിസ്തീയരുമായ സാംബവർ, സാംബവർസംഘവും; ഈഴവർ ശ്രീനാരായണധൎമ്മപരിപാലനയോഗവും രജി സ്റ്റർചെയ്തിരിക്കുന്നതുപോലെ ചേരമർമഹാജനസഭ ര ജിസ്റ്റർചെയ്തു് നമ്മുടെ സാമുദായികാവശതകളെ പരി ഹരിക്കുന്നതായാൽ സമഞ്ജസമായ സംഘടനാശക്തി സുതരാം ലഭ്യമാകുന്നതാണ്.

വിവിധമതസംഘടനകളിൽ നാം ഉൾപ്പെട്ടുനില്ക്കു ന്നതുകൊണ്ട് ആദ്ധ്യാത്മിക ഉല്ക്കർഷത്തെ ആസ്പദമാ ക്കി ഒരു വൎഗ്ഗീയസംഘടന നമുക്ക് ആവശ്യമില്ലല്ലോ. പിന്നയോ വൎഗ്ഗീയഉന്നമനത്തെ ലാക്കാക്കിയും ഗവ ൎമ്മെൻറു ആനുകൂല്യങ്ങളെ കരസ്ഥമാക്കുന്നതിനുവേണ്ടി യും നാം വൎഗ്ഗീയസംഘടനയിൽ ഉൾപ്പെടേണ്ടതാ ണ്. നാം പലതിലും അവശരും അശക്തരും ആണെ ങ്കിലും വൎഗ്ഗീയസംഘടനയിൽ ഏകോപിച്ചുനില്ക്കുന്നപ ക്ഷം പ്രബലസമുദായങ്ങളുടെ അന്യായമായ സ്വാധീന ശക്തിക്കു വശംവദരാകുവാൻ ഇടയില്ലെന്നുള്ളതു നി ൎവ്വിവാദമല്ലേ?

ഏവംവിധമായ സാമുദായികസ്ഥാപനങ്ങൾ നമ്മു ടെ രാജ്യത്തും വെളിയിലുമായി ധാരാളം ഉണ്ടു്. ഹിന്ദു ക്കളും, മഹമ്മദീയരും, മററു സമുദായങ്ങളും കൂടി ന ടത്തപ്പെടുന്ന ഭാരതമഹാജനസഭയെക്കുറിച്ചും (Indian National Congress) നമ്പൂതിരിസമുദായംവക യോഗ ക്ഷേമസഭയെ സംബന്ധിച്ചും നിങ്ങൾക്ക് അറിവുണ്ടായി രിക്കുമല്ലോ. ഇവകളൊന്നും മതസ്ഥാപനങ്ങളല്ല. സാ

മുദായികതാല്പൎയ്യങ്ങളേയും രാഷ്ട്രീയാവകാശങ്ങളേയും സമാജ്ജികുന്നതിനും, രാഷ്ട്രീയവിഷയങ്ങളെ പരിചിന്തനംചെയ്യുന്നതിനുംവേണ്ടിസ്ഥാപിക്കപ്പെട്ടിട്ടുള്ള പ്രസ്ഥാനങ്ങൾ മാത്രമാണവകൾ. ഇതുപോലെ നമ്മുടെ സാമുദായികവും രാഷ്ട്രീയവുമായ താല്പൎയ്യങ്ങളെ പൎയ്യാലോചിക്കുന്നതിനും, പരിരക്ഷിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ടി ചേരമർമഹാജനസഭ സ്ഥാപിച്ചു നടത്തുന്നതിൽ അസാംഗത്യമുണ്ടോ?

---

## ௨. നമ്മുടെ ഗവമെൻറും മതസംഘടനകളും.

പൂർവ്വീകകാലംമുതൽ നമ്മുടെ രാജ്യസിംഹാസനത്തെ അലങ്കരിച്ചിട്ടുള്ള മഹാരാജാക്കന്മാരെല്ലാംതന്നെ ഈശ്വരഭക്തന്മാരും ധൎമ്മതല്പരന്മാരും ആയിരുന്നു. പരമതസഹിഷ്ണുതയിലും അവർ അദ്വിതീയന്മാർതന്നെ. വിവിധമതവിഭാഗങ്ങളെ പ്രചരിപ്പിക്കുന്നതിനും അവർ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു.

അതുകൊണ്ടാണ് ഹൈന്ദവരാജ്യമായ ഈ വഞ്ചിനാട്ടിൽ ക്രിസ്തുമതത്തിനും മഹമ്മദുമതത്തിനും ഇന്നിത്ര പ്രാബല്യം സിദ്ധിച്ചിട്ടുള്ളതു്. ഇപ്പോൾ പൂർവ്വീകമതമായ ഹിന്ദുമതത്തെപ്പോലെ തിരുവിതാംകൂറിൽ ക്രിസ്തുമതത്തിനും മഹമ്മദീയമതത്തിനും പ്രചാരവും പ്രതാപവും സിദ്ധിച്ചിരിക്കുന്നു. നമ്മുടെ മഹാരാജാക്കന്മാർ മതപക്ഷപാതികളല്ല. "ധൎമ്മോസ്മൽ കുലദൈവത"ങ്ങളായി മതം ഏതായാലുംമനുഷ്യൻ നന്നായാൽമതിയെന്നു ശ്രീനാ

രായണപരമഹംസർ ഉപദേശിച്ചിരിക്കുന്നതുപോലെ ആദർശവിശാലതയോടെ നമ്മുടെ പൊന്നുതിരുമേനിമാർ പെരുമാറിവരുന്നു. പരിഷ്ക്കാരവും സംസ്ക്കാരവും സിദ്ധിച്ച ഒരു ജനതതിയെ ഭരിക്കുവാൻ അവർ അഭിലഷിച്ചുപോരുന്നു.

ഇന്നു ഭാരതത്തിലുള്ള നാട്ടുരാജ്യങ്ങളിൽവച്ചു വിദ്ധ്യാഭ്യാസത്തിലും, നവീനപരിഷ്ക്കാരങ്ങളെ അനുകരിക്കുന്നതിലും എന്നുവേണ്ട സർവ്വവിധ മഹനീയ ഉല്ക്കർഷ പരിശ്രമങ്ങൾക്കും നമ്മുടെ രാജ്യം മാതൃകാപരമായ നേതൃത്വം കരസ്ഥമാക്കിയിരിക്കുന്നു എന്നു പറയുന്നതിൽ അവാസ്തവമുണ്ടെന്നു തോന്നുന്നില്ല. വിശേഷാൽ വിവിധമതസ്വീകരണത്തിൽ ഈ രാജ്യവാസികൾക്കുള്ള പ്രതിപത്തിയും ഒട്ടും കുറവല്ല. ഇന്നത്തെ അവശസമുദായങ്ങളായി പരിഗണിക്കുന്ന ഇവിടത്തെ പൂർവ്വനിവാസികൾപോലും വിവിധമതവിഭാഗങ്ങളെ അവലംബിച്ചുനില്പനിന്നുപോരുന്നു.

---

## ൩. ചേരമരും വിവിധമതങ്ങളും

---

മതം എന്നതു് സൃഷ്ടി· സ്രഷ്ടാവിനെ ആരാഞ്ഞറിഞ്ഞു ആരാധിക്കുന്നതിനുള്ള മാർഗ്ഗമാകുന്നു. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തെയും പ്രപഞ്ചമാഹാത്മ്യത്തെയും സാന്മാർഗ്ഗികപരമായ ധർമ്മോപദേശങ്ങളേയും മതത്തിലൂടെ നമുക്കു ലഭിക്കുന്നു. മതം ഓരോരുത്തൻെറ ജീവിതക്രമങ്ങളെ വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽകൂടി ആനയിക്കുന്നതിനു ഉപകരിക്കുന്ന ഉപാധിയാകു

ന്നു. മതം മനുഷ്യനോടുകൂടി ജനിച്ചതും അവനോടുകൂടി വളൎന്നുവരുന്നതുമായ ഒരു വിശ്വാസവിശേഷമാണെന്നും എല്ലാമതങ്ങളുടേയും സൂക്ഷ്മതത്വം സൗഭ്രാത്രമാണു് ഉപദേശിക്കുന്നതെന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ രാജ്യത്തു നിവസിക്കുന്ന നമ്മുടെ ആളുകൾ ഹിന്ദുമതത്തിലോ ക്രിസ്തുമതത്തിലോ വിവിധങ്ങളായ ഇവകളുടെ അവാന്തരവിഭാഗങ്ങളിലോ ഉൾപ്പെട്ടുനില്ക്കുന്നു. മതങ്ങൾ വിവിധതരത്തിലുള്ള ആചാരമൎയ്യാദകൾക്കും അനുഷ്ഠാനങ്ങൾക്കും നമ്മെ കീഴ്പ്പെടുത്തി സ്വജാതിസ്നേഹം തുണവല്ലരിച്ചു ജീവിക്കുന്നതിനുംകൂടി ഇടയാക്കിയിരിക്കുന്നു.

ഈ രാജ്യത്തും നമ്മുടെ ഇടയിലുമുള്ള വിവിധ ആചാരമൎയ്യാദകൾക്കു് അടിമപ്പെട്ടു ജീവിക്കുന്നതുകൊണ്ടു് നമ്മുടെ വംശജർ അവലംബിച്ചിരിക്കുന്ന ആചാരാനുഷ്ഠാനങ്ങളിലുള്ള സംഖ്യാതീതങ്ങളായ വ്യത്യാസങ്ങൾ പോലെ നമ്മുടെ വൎഗ്ഗീയ അവശതകളും അപരിമിതമാകുന്നു.

യാവനൊരുവൻ ക്രിസ്തുസഭയുടെ അംഗമാകണമെന്നു വിചാരിക്കുന്നുവോ അവൻ ജ്ഞാനസ്നാനം ഏല്ക്കണമെന്നുള്ളതാണല്ലോ ക്രിസ്തുസഭയുടെ ചട്ടവും ത്യാഗാദൎശതല്പരനായ ജീസസ്സിൻെറ ഉപദേശവും. കത്തോലിക്കാ ക്രിസ്ത്യാനികളുടെ ജ്ഞാനസ്നാനസ്വീകരണനിയമങ്ങൾ വേദാനുസരണമല്ലെന്നു പറഞ്ഞു ബ്രദർമിഷ്യൻ ക്രിസ്ത്യാനികൾ അവയെ പാടേ നിഷേധിക്കുന്നു. രക്ഷാസൈന്യക്രിസ്ത്യാനികളുടെ സ്നാനസമ്പ്രദായം മറെറാരു രീതിയിലാണു്. അതു ശരിയല്ലെന്നു സി. എം. എസ്സ്. ക്രിസ്ത്യാനികളും പെന്തക്കോസ്ത് ക്രിസ്ത്യാനികളും

ഉൽഘോഷിക്കുന്നു. എപ്പിസ്കോപ്പൽ ഭരണമുള്ള സമുദായങ്ങളുടെ നിയമങ്ങൾ വേദവിപരീതങ്ങളാണെന്നു പ്രതിപക്ഷവാദികളായ എപ്പിസ്കോപ്പൽ ഭരണമില്ലാത്ത സമുദായങ്ങൾ പ്രതിപാദിക്കുന്നു. ഓരോ വിഭാഗക്കാരും സ്വീകരിച്ചിരിക്കുന്ന മതാചാരക്രമങ്ങൾ അവരവർ ബൈബിൾ ആധാരമാക്കി ശരിയെന്നു വാദിക്കുകയും പരസ്പരം കലഹിക്കുകയും ചെയ്യുന്നു. ഇങ്ങനെ ക്രിസ്തീയ ആചാരക്രമങ്ങളിൽതന്നെ ക്രിസ്ത്യാനികൾ തമ്മിൽ ബൈബിൾ പിടിച്ചുകൊണ്ടു കലഹിക്കുന്നു. അവരവർ ഉൾപ്പെട്ടുനില്ക്കുന്ന ക്രിസ്തീയവിഭാഗങ്ങളൊഴിച്ചുള്ളവയോടു ക്രിസ്ത്യാനികൾക്കുതന്നെ അറപ്പും വെറുപ്പും ആകുന്നു. എന്തുകൊണ്ടെന്നാൽ അവരവർ സ്വീകരിച്ചിരിക്കുന്ന ആചാരക്രമങ്ങൾതന്നെ അന്യോന്യം യോജിപ്പുള്ളവയല്ല വിഭിന്നമതസംഘടനകളിൽ ബാഹ്യാചാരാനുഷ്ഠാനവിധികളും വിഭിന്നങ്ങളാണല്ലോ. ഇക്കാരണംനിമിത്തം സങ്കുചിതരായ ഇവർ മറെറാരു വിഭാഗവുമായി പരസ്പരം വേഴ്ചാബന്ധമോ ഹൃദയപരിപൂർണ്ണമായ സഹകരണമോ ഇല്ലാതെ കഴിച്ചുകൂട്ടേണ്ടതായി വരുന്നു.

അന്യോന്യമുള്ള സൗഹാർദ്ദസഹകരണത്തെ ചില യുക്തികൾ പറഞ്ഞു അവ വേദാനുസരണമാണെന്നുള്ള ന്യായേന മാനവസമുദായത്തെ മതസംഘടനകൾ വേർതിരിച്ചു തടഞ്ഞുനിറുത്തിയിരിക്കുന്നു എന്നുപോലും സാക്ഷാൽ മനുഷ്യസ്നേഹികൾക്കു തോന്നാം. പലവകുപ്പു ക്രിസ്ത്യാനികൾ ക്രിസ്ത്യാനികൾ, എന്ന പേരിലല്ലാതെ ഏകീകരണത്വം ഇല്ലല്ലോ. അതിനാൽ ക്രൈസ്തവചേരമരെ മാത്രം ഏകോപിപ്പിക്കുന്ന ഒരു സമുദായസംഘടനയും അസാദ്ധ്യമാണല്ലോ.

ചേരമർ ഹിന്ദുക്കളെ സംബന്ധിച്ചു പറയുന്നപക്ഷം ആര്യസമാജം, ഹരിജനസേവാസംഘം, കേരളഹിന്ദുമിഷൻ എന്നിവകളിലും ഇവകളിലൊന്നും ഉൾപ്പെടാതെയും ഒരു വിഭാഗം നിലനിന്നുവരുന്നു. അങ്ങിനെ ഹൈന്ദവചേരമരെ സംബന്ധിച്ചിടത്തോളവും സംഘടനാപരമായ ഒരു സാമുദായികനിലയില്ലെന്നു വ്യസനസമേതം പ്രസ്താവിച്ചുകൊള്ളുന്നു. ചുരുക്കിപ്പറഞ്ഞാൽ നാം ഉൾപ്പെട്ടുനില്ക്കുന്ന മതവിശ്വാസാചാരങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു സാമുദായികസംഘടനയ്ക്കു എളുപ്പമല്ലാത്തതുകൊണ്ടും; മതപരിവത്തനംകൊണ്ടു് ജാതീയമനോഭാവം (ജാതിവ്യത്യാസം) നശിക്കാത്തതുകൊണ്ടും; ജാത്യൈക്യപരമായ ഒരു സാമുദായികസംഘടനയിലല്ലേ നാം ഉൾപ്പെട്ടുനില്ക്കേണ്ടതു്? ആചാരമര്യാദകളിലും, വിശ്വാസവ്യത്യാസങ്ങളിലും, വിഭിന്നമായ മതസംഘടനകളിൽ ഉൾപ്പെട്ടുനില്ക്കുന്നതുകൊണ്ടു ചേരമർസമുദായത്തിൻെറ ഐക്യമനോഭാവം പാടേ നശിച്ചിരിക്കുന്നു. "ഐകമത്യം മഹാബലം എന്നാണല്ലോ ആപ്തവാക്യം." ഏതൊരു സമുദായത്തിൻെറയും എന്നുതന്നെയുമല്ലാ ഏതൊരു പ്രസ്ഥാനത്തിൻെറയും ജീവശ്ശക്തി സഹകരണത്തെയല്ലേ ആശ്രയിച്ചു നില്ക്കുന്നതു്.

ചേരമർസമുദായജനതതീഹൃദയത്തിൽ സഹകരണദീപ്തിഅങ്കുരിച്ചു പ്രകാശിച്ചു പ്രശോഭിക്കേണ്ട കാലം ആസന്നമാകുക മാത്രമല്ല, അതിക്രമിക്കക്കൂടി ചെയ്തിരിക്കുന്നു. ഐകമത്യം ഉണ്ടെങ്കിൽ അസാദ്ധ്യമായി യാതൊന്നും ഇല്ലെന്നാണല്ലോ പരിശ്രമശാലികളുടെ അഭിമതം. ഇതരസമുദായങ്ങൾ അവരുൾപ്പെട്ടുനില്ക്കുന്ന മതശാഖകളിൽ നിന്നുകൊണ്ടുതന്നെ വർഗ്ഗീയസ്ഥാപന

ങ്ങൾ ഏർപ്പെടുത്തി വർഗ്ഗീയ അവശതകളെ പരിഹരിച്ചും ജാതീയതാല്പര്യങ്ങളെ പുലർത്തിയും പോരുന്നു.

ഏറിയകാലം വിവിധമതവിഭാഗങ്ങളെ അവലംബിച്ചുനിന്നതുകൊണ്ട് അപൂർവ്വം ചില വ്യക്തികൾ ധനസ്ഥിതിയിലോ വിദ്യാഭ്യാസത്തിലോ അല്പസ്വല്പമായി ഉയർച്ചപ്രാപിച്ചിട്ടുണ്ടാവാം. ഒരു ന്യൂനപക്ഷവ്യക്തികളുടെ അഭിവൃദ്ധി ഒരു സമുദായത്തിൻെറ അഭിവൃദ്ധിയായി പരിഗണിക്കുവാൻ പാടില്ലല്ലോ. ഒരു സമുദായത്തിൻെറ അർദ്ധാംശംപോലും അഭിവൃദ്ധിസോപാനത്തിൻെറ പ്രഥമപടിയിൽ കാലൂന്നുകകൂടി ചെയ്യിട്ടില്ലാത്ത സ്ഥിതിക്ക് ആ സമുദായം ഉയർച്ചപ്രാപിച്ചു എന്നെങ്ങിനെയാണ് പറയുന്നത്? നമ്മുടെ സമുദായം പൊതുവേ അവശതയിലും അസ്വാതന്ത്ര്യതയിലും നിലനിന്നു വരുന്നതുകൊണ്ട് മതസമൂഹങ്ങളിൽനിന്നും സ്വല്പമായ മേൽഗതി പ്രാപിച്ചിട്ടുള്ളവർപോലും അവർക്ക് ലഭിച്ച സ്വാതന്ത്ര്യലബ്ധിക്കനുസരണമായി ജീവിതനിർവ്വഹണംചെയ്യുന്നതിനും ലോകസമക്ഷത്തിൽ പ്രശോഭിക്കുന്നതിനുംകൂടി വിഷമമാകുന്ന സന്ദർഭങ്ങളും ഇല്ലാതില്ല.

"നമ്മുടെ സമുദായാഭിവൃദ്ധിക്കു പററിയപ്രസ്ഥാനം ഇതരസഹായസഹകരണങ്ങൾ കിട്ടാവുന്നിടത്തോളംകെട്ടി വാങ്ങിക്കയോ സ്വയംസ്വീകരിക്കയോ ചെയ്യുകയാണു വേണ്ടതെന്നു നാടെങ്ങും പ്രശംസിച്ചു പെരുംപറഅടിച്ചു പ്രസ്താവിക്കുന്ന ചില യുക്തിവാദികളും ഇല്ലാതില്ല. ഇതു ശരിയാണെന്നു നാളതുവരെയുള്ള നമ്മുടെഅനുഭവം തെളിയിക്കുന്നില്ല. എത്രയോ നൂററാണ്ടുകളായി വിവിധമതസംഘടനകളുടെയും പ്രബല സമുദായങ്ങളുടെയും സംരക്ഷണയിലും ആശ്രയത്തിലും നാം ജീവിച്ചുപോരു

ന്നു. നമ്മുടെ അഭിവൃദ്ധി എത്രത്തോളമാണെന്നു നിങ്ങ ൾതന്നെ ചിന്തിപ്പിൻ! പുരാതനകാലംമുതൽ നമ്മുടെ വംശജർ ആകമാനം ഹൈന്ദവആദർശത്തിൽതന്നെ നിലനിന്നുപോന്നു. ഇന്നുംഗണ്യമായ ഒരു വിഭാഗം ആ നിലയിൽതന്നെനില്ക്കുന്നു. ഒന്നരശതാബ്ദത്തോളമായിമനുഷ്യസേവനാപരമായ സൗഹാർദ്ദബുദ്ധിയോടുകൂടിഎത്രയോ ക്രിസ്ത്യൻപാതിരിമാർ (യൂറോപ്യന്മാർ) അവരുടെ ആയുഷ്ക്കാലപരിശ്രമം നമ്മുടേയും അഭിവൃദ്ധിക്കുവേണ്ടി ഈ നാട്ടിൽ ചെലവഴിച്ചു. എത്രയോ ലക്ഷം പണംഈരാജ്യത്തു നമ്മുടേയുംപേക്കായിഅവർ ചെലവാക്കി. അതുപോലെയുള്ള സഹായസഹകരണങ്ങൾ മേലിൽ ഉണ്ടാകുമെന്നു വിചാരിക്കുന്നതിനു വഴി കാണുന്നില്ല. ഇങ്ങനെ സഹായിക്കുന്നതിനു വിദഗ്ദ്ധരായ പാതിരിമാരും മതിയായ ധനലബ്ധിമാർഗ്ഗങ്ങളും ഉണ്ടായിരുന്നിട്ടു നാം എത്രത്തോളം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നു നമ്മുടെ അഭിവൃദ്ധിചരിത്രം നിങ്ങളൊന്ന് അപഗ്രഥനംചെയ്യുനോക്കുമ്പോഴാണു കഥമനസ്സിലാകുന്നത്. നാം നമ്മുടെ ഹിന്ദുസഹോദരങ്ങളുമായി 6 ശതമാനം വിദ്യാഭ്യാസക്കൂട്ടതലിലല്ലാതെ വ്യത്യാസമില്ലെന്ന് ഗവമ്മെൻറുപ്രസിദ്ധീകരണങ്ങൾകൊണ്ട് ഗ്രഹിക്കാവുന്നതാണ്. (സെൻസസ്റിപ്പോർട്ട്) എന്തുകൊണ്ടാണു നമ്മുടെ അഭിവൃദ്ധി പരിശ്രമം ഇത്തരത്തിൽ അധോഗതിയെ പ്രാപിക്കുവാനിടയായത്. നമ്മെ സഹായിക്കുവാൻ ആളില്ലാഞ്ഞിട്ടാണോ! നാം സഹായസഹകരണങ്ങൾ സ്വീകരിക്കാഞ്ഞിട്ടാണോ! എന്നു പ്രത്യേകം ചിന്തിക്കേണ്ടതാണ്. ഒരു രോഗിക്കു പലതരത്തിലുള്ള ദീനം പിടിപെട്ടു അവശതയിലിരിക്കുന്നു. ചികിത്സകൻ പൊതുവെ ചിലതിനെല്ലാം കൊള്ളാവുന്ന ഒരു മരുന്നു കൊടുത്തു. രോഗി

മരുന്നു കുടിച്ചു. ഡാക്ടർ മരുന്നു കൊടുത്തു. രോഗി രോഗത്തിൽനിന്നും വിമുക്തനാകുന്നില്ല. ഡാക്ടർ സമർത്ഥനും ആ രോഗിയുടെ ദീനത്തെ ഭേദപ്പെടുത്തുവാൻ പ്രാപ്തനമാണുതാനും. കുറച്ചുകാലംകഴിഞ്ഞു രോഗിയെസംബന്ധിച്ചുള്ള പരിപൂൎണ്ണവിവരങ്ങൾ ചോദിച്ചറിഞ്ഞു ഗ്രഹിച്ചുവന്നപ്പോൾ ഡാക്ടൎക്കു സ്ഥലംമാററവും വന്നു. ഡാക്ടരും രോഗിയും തമ്മിൽ പിരിയുമ്പോൾ ആ സാധുവായ രോഗിക്കു മരുന്നുകൊടുത്തു ഭേദപ്പെടുത്തുവാൻ സാധിച്ചില്ലല്ലോ എന്നൊരു മനസ്താപം ഡാക്ടൎക്ക്. ഡാക്ടർ ദീനമയാലുവും എൻെറ ദീനം ഭേദപ്പെടുത്തുവാൻ പ്രാപ്തനമായിരുന്നു. പക്ഷെ അയ്യോ! കഷ്ടം എൻെറ രോഗസ്ഥിതിയും പരിതസ്ഥിതിയും അടുത്തറിഞ്ഞുവന്നപ്പോൾ ഡാക്ടൎക്കു സ്ഥലംമാററം വന്നല്ലോ എന്നോൎത്തു രോഗിയും സങ്കടപ്പെടുന്നു. ഇതുപോലെയാണ് അവൎണ്ണക്രിസ്ത്യാനികളുടെ അഭിവൃദ്ധിപരിശ്രമചരിത്രത്തിലെ ഇതിവൃത്തം.

കിട്ടാവുന്നിടത്തോളം സഹായസഹകരണങ്ങൾ സ്വയംവരിക്കുന്നതിൽ മാത്രമല്ലാ നമ്മുടെ അഭ്യുന്നതിസ്ഥിതിചെയ്യുന്നതെന്നു ഇതിൽ നിന്നും പഠിക്കരുതോ! നമ്മുടെ മേൽഗതി നാം സാമുദായികബോധമുള്ളവരായി സ്വയത്രാണനാശക്തി പ്രാപിക്കുന്നതിനു പ്രസക്തിയുള്ളവരായി നമ്മുടെ അവശതകൾ എന്താണെന്നു വകതിരിച്ചറിഞ്ഞു അവയുടെ പരിഹാരത്തിനായി നാം പരിശ്രമിക്കുന്നതിനേ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ വൎഗ്ഗീയ അവശതകളെയും, താല്പൎയ്യങ്ങളെയും, വേണ്ടതുപോലെ ആരാഞ്ഞറിഞ്ഞു നമ്മെ സഹായിക്കുവാൻ പരിതസ്ഥിതി അനുവദനീയമല്ലാതിരുന്നതുകൊണ്ടാണ് വിദേശമിഷ്യനറിമാരുടെ പരിശ്രമം നമ്മെസംബന്ധി

ച്ചിടത്തോളം അമംഗളമായി കലാശിച്ചതു്. സ്വയത്രാണനാശക്തിയുള്ള പ്രബലസമുദായങ്ങളുടെ സംഘടനയ്ക്കുള്ളിൽ കിടന്നുകൊണ്ടു് അശക്തരായ നാം നമ്മുടെ സമുദായാഭിവൃദ്ധിക്കുവേണ്ടി പരിശ്രമിച്ചാൽ അതു പരിപൂൎണ്ണതയിൽ എത്തുപ്പെടാവുന്നതല്ല. എന്തുകൊണ്ടെന്നാൽ പരിതസ്ഥിതിഗതികളുടെ സമ്മൎദ്ദനംകൊണ്ടു നമ്മുടെ അവശതകൾ എന്തെല്ലാമാണെന്നു ആരാഞ്ഞറിയുന്നതിനുള്ള അസൗകൎയ്യവും അസാഹ്യതയും ചില്ലറയൊന്നുമല്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നുതന്നെയുമല്ലാ നമ്മുടെ അവശതകളെ പരിഹരിക്കുന്നതിനുള്ള മാൎഗ്ഗങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന്നു് നിരവധി സാങ്കേതികതടസങ്ങൾ ഉണ്ടാകാവുന്നതുമാണു്. കൂടാതെ ന്യായരഹിതമായ സ്വാധീനശക്തി ഉപയോഗിച്ചും പ്രബലസമുദായങ്ങൾ അശക്തരായ നമ്മുടെ കണ്ണിൽ പൊടിയിട്ടും ഗവൎമ്മെൻറു സഹായസഹകരണങ്ങളോ, (ആനുകൂല്യങ്ങളോ) മററു അനുഗ്രഹവശങ്ങളോ നമുക്കു മുൻപായി കരസ്ഥമാക്കുന്നതിനുകൂടി എളുപ്പമുണ്ടു്. ഈദൃശകാരണങ്ങളാൽ സൃഷ്ടിപരമായ കാൎയ്യപരിപാടി രൂപവൽകരിച്ചു വൎഗ്ഗീയസംഘടന ഏൎപ്പെടുത്തി നമ്മുടെ വൎഗ്ഗീയാവശതകളെ പരിഹരിക്കേണ്ടതിന്നു് ഒരുമ്പെടേണ്ടിയിരിക്കുന്നു.

ഇതരസഹായസഹകരണങ്ങളുടെ ആധിക്യംകൊണ്ടുമാത്രം ഒരു സമുദായം അഭിവൃദ്ധിയെ പ്രാപിക്കുന്നതല്ല. പിന്നയോ കിട്ടാവുന്ന സഹായസഹകരണങ്ങളെ സാമുദായികഅവശതകളെ മനസ്സിലാക്കി യഥാവസരം വാങ്ങി അനുഭവപ്പെടുത്തുന്നതിനെയും നമ്മുടെ (സമുദായാംഗങ്ങളുടെ) അവിശ്രാന്തപരിശ്രമത്തെയും ആശ്ര

യിച്ചിരിക്കുന്നു. മററുള്ളവർ നമ്മെ സഹായിക്കും എന്നുള്ള അഭിവാഞ്ഛയോടുകൂടി മാത്രമിരുന്നാൽ നാം ഔന്നത്യം (പുരോഗതി) പ്രാപിക്കയില്ല. നമ്മുടെ സ്വന്തനന്മയെ നാം അത്ര ഗൗനിക്കാതിരിക്കുമ്പോൾ ഇതരസഹായസഹകരണങ്ങൾ ലഭിക്കുന്നാപക്ഷം അത് നമുക്കുൾക്കൊള്ളുവാൻ കഴിയാതെ കുടത്തിൻപുറത്തുവെള്ളം ഒഴിച്ചതുപോലെ ബഹിർഗമിക്കുന്നു. നാം നന്നാകണമെങ്കിൽ നാംതന്നെ പരിശ്രമിക്കണം. നാം പരിശ്രമിക്കുമ്പോൾ ഇതരസഹായസഹകരണങ്ങൾ ലഭിക്കുവാൻ ഇടയാകുന്നുവെങ്കിൽ അതു നമ്മുടെ ഉദ്ദേശത്തെക്കൂടുതൽ ഫലപ്രാപ്തിയിൽ എത്തിക്കുമെന്നുള്ളതിൽ പക്ഷാന്തരമില്ല. നമ്മുടെ സമുദായപുരോഗമനം ഇതരരുടെ സഹായസഹകരണങ്ങളെക്കാൾ നാം സാമുദായികബോധമുള്ളവരായി അഭിവൃദ്ധിക്കുവേണ്ടി ഉററുപരിശ്രമിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്നു എന്നു സധൈര്യം പ്രസ്താവിച്ചുകൊള്ളുന്നു.

വിവിധമതസംഘടനകളിൽ നമുക്കു ഏറിയകാലമായുള്ള അടുപ്പംനിമിത്തം പിരിയാൻ പാടില്ലാത്ത കെട്ടുപാടുകൾ പലരൂപത്തിലുണ്ടായിരിക്കാം. പ്രസ്തുത മതമമതകൾകൊണ്ടുമാത്രം നമ്മുടെ സമുദായം പുരോഗതിയെ പ്രാപിക്കുന്നതല്ല. അതിനാൽ അങ്ങിനെയുള്ള മതബന്ധങ്ങളെ നിരാകരിക്കാതെ അവയിൽ നിന്നുകൊണ്ടു സമുദായപുരോഗതിക്ക് പര്യാപ്തമായ മാറ്റങ്ങൾ തേടിപ്പിടിച്ചു പരിശ്രമിക്കേണ്ടതു നമ്മുടെ ധർമ്മമാകുന്നു.

ഭയം മനുഷ്യരെ സർവ്വവിധപരിശ്രമങ്ങൾക്കും വിമുഖരാക്കുന്നു. എന്തുകൊണ്ടെന്നാൽ സാഹചര്യങ്ങൾ ഇന്നായിന്നരൂപത്തിലിരിക്കുന്നു. പല തലമുറകളിലായി

പൂർവ്വീകന്മാരുടെ പരിശ്രമവും പണവും (ആളത്ഥം) വ്യയംചെയ്തിട്ടുള്ള പലേ സ്ഥാപനങ്ങളിൽ നാം ഉൾപ്പെട്ടു നില്ക്കുന്നു അവയിൽനിന്നുകൊണ്ട് അശക്തരായ നാം വർഗ്ഗീയസ്ഥാപനമേർപ്പെടുത്തിയാൽ അവർ നമ്മെ പള്ളികളിൽനിന്നോ തത്തുല്യങ്ങളായ ആരാധനാസ്ഥാപനങ്ങളിൽനിന്നോ ബഹിഷ്കരിച്ചേക്കുമെന്നു ചിലക്ക് ആശങ്കയുണ്ടാകാവുന്നതാണ്. നാം മതവിഷയകമായ ഒരു വർഗീയസംഘടനയല്ല ഏർപ്പെടുത്തുന്നതു്, അതുകൊണ്ടു അവൎക്ക നമ്മോടു വിരോധത്തിനോ എതിർപ്പിനോ വഴി കാണുന്നില്ല. ഇങ്ങനെയുള്ള വർഗ്ഗീയസ്ഥാപനങ്ങൾ ഏറെക്കുറെ എല്ലാസമുദായങ്ങൾക്കുമുണ്ട്. അതിനാൽ പ്രസ്തുത ആശങ്ക നിരർത്ഥകമാണ്. ഒരു സമുദായത്തിന്റെ പൊതുദ്ദേശത്തെ അടിസ്ഥാനമാക്കി ആ സമുദായത്തിന്റെ പൊതുവായ അവശതകൾക്കും, ആവശ്യങ്ങൾക്കും, നിവാരണമാർഗ്ഗം നേടുന്നതിനായി സാധാരണ ജാത്യൈക്യപരമായ സംഘടനഏർപ്പെടുത്തിവരുന്നു. നാം വർഗ്ഗീയസംഘടനയിൽ ഉൾപ്പെടുന്നതു് നമ്മുടെ സമുദായത്തിന്റെ പൊതുവായ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനും, ന്യൂനതകളെ പരിഹരിക്കുന്നതിനുമാണെന്നു പ്രത്യേകം എടുത്തുപറയേണ്ടയാവശ്യമില്ലല്ലോ.

തിരുവിതാംകൂറിൽ നമ്മുടെ സമുദായത്തിലുൾപ്പെട്ടവർ വിവിധമതസംഘടനകളിൽ ചേൎന്ന്, അസ്വസ്ഥരും അശക്തരുമായി കഴിഞ്ഞുകൂടുന്നു. നമ്മുടെ വർഗ്ഗക്കാർ ഒരു ലക്ഷ്യവുംഇല്ലാതെ എല്ലാ മതവിഭാഗങ്ങളിലും ഉൾപ്പെട്ടുനില്ക്കുന്നു. ഒരു സ്ഥാനത്തും അഭിവൃദ്ധിയോ ഇതര സമുദായാംഗങ്ങളോടുള്ള സഹകരണബന്ധമോ ഒട്ടും ഇല്ലതാനും. ഈ പതനത്തിൽ നമ്മുടെ വർഗ്ഗീയതാല്പര്യ

ങ്ങളെ സംരക്ഷിക്കുന്നതിന് ഏററവും യുക്തമായ ഒരു പ്രസ്ഥാനം നമ്മുടെ സാമുദായിക സംഘടനയല്ലാതെ മറേറതാണ്?

ഇപ്പോഠം ഗണ്യമായ ഒരു വിഭാഗം ചേരമർ ഉഠംപ്പെട്ടനില്ക്കുന്നതും, നമ്മുടെ പൂർവ്വികമതവും ഹൈന്ദവമതസംഘടനയാണെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. സവർണ്ണഹിന്ദുക്കഠം ഇപ്പോഠം അവശസമുദായഉദ്ധാരണംകൂടി തങ്ങളുടെ കർമ്മപരിധിയിൽ പ്രകാശിപ്പിച്ചുകാണുന്നതു ആശ്വാസത്തിനു വകതരുന്ന ഒന്നുതന്നെ. ഇതുപോലെയുള്ള സൽമനോഭാവമോ അവശസമുദായോദ്ധാരണപ്രസക്തിയോ അധികകാലത്തേക്കു നിലനിന്നുവെന്നു വരാവുന്നതല്ല. അതിനാൽ ഈ സന്ദർഭത്തിൽ വർഗ്ഗീയസംഘടന ഏർപ്പെടുത്തി അവരുടെ സൽമനോഭാവത്തെയാർജ്ജിച്ചും നാംതന്നെ സമുദായപുരോഗതിക്കുവേണ്ടി പരിശ്രമിച്ചാൽ; അവരുടെ അഭിലാഷവും നമ്മുടെ ഉദ്ദേശവും സാധിക്കുന്നതാണ്. അനുഗ്രഹമന്ദാനിലൻ പ്രശാന്തമായി വീശിക്കൊണ്ടിരിക്കുന്ന ഈ ശുഭമുഹൂർത്തത്തിൽ സംഘടനാപരമായി പരിശ്രമിച്ചാൽ നമ്മുടെ സാമുദായികാവശതകളെ പരിഹരിക്കാവുന്നതാണ്. കാററില്ലാത്തപ്പോഠം നെന്മണിയും പതിരും വേർതിരിക്കാൻ വിഷമമാണല്ലോ.

ലോകത്തിൻെറ പരിഷ്ക്കാരഗതിയും രാഷ്ട്രീയനഭോമണ്ഡലങ്ങളിലെ കാററും പാശവും സുസ്ഥിരങ്ങളല്ല. അതിനാൽ ക്രിസ്തുഭഗവാൻ തിരുവായ് മൊഴിഞ്ഞിരിക്കുന്നപ്രകാരം "സമയത്തെ തക്കത്തിൽ ഉപയോഗിക്കേണ്ടതു് നമ്മുടെ ധർമ്മമാകുന്നു."

# ൪. മതസംഘടനകൾതന്നെ നില്ക്കണമോ?

മനുഷ്യൻെറ ആദ്ധ്യാത്മീകോൽക്കർഷത്തിനും സാന്മാർഗ്ഗീകസംരക്ഷണത്തിനുംഉപകരിക്കുന്നതുപോലെ തിരുവിതാംകൂറിലെ വിവിധമതസംഘടനകൾ വർഗ്ഗീയഅവശതകളെ പരിഹരിക്കുന്നതിനോ, സാമുദായികപരിഷ്കരണത്തിനോ, മുന്നേററത്തിനോ, പററിയതല്ലെന്നു ഏറിയനാളത്തെ നമ്മുടെ അനുഭവം തെളിയിക്കുന്നു. തിരുവിതാംകൂറിലെ മതസംഘടനകളിലെല്ലാം ജാതീയപരിഗണന നിലവിലിരിക്കുന്നു. ജാതീയചിന്തയെസംബന്ധിച്ചേടത്തോളം സവർണ്ണഹിന്ദുക്കളും സവർണ്ണക്രിസ്ത്യാനികളും നമ്മെ ഒരുപോലെ പതിതത്വമുള്ളവരായി പരിഗണിച്ചുവരുന്നു. അവതാരപുരുഷന്മാരുടെ പരിപാവനമായ മതോപദേശങ്ങൾക്കുള്ളിൽ നില്ക്കുന്നു എന്നഭിമാനിക്കുന്ന തിരുവിതാംകൂറിലെ വിവിധമതസംഘടനകളിൽ മോരും മുതിരയുംപോലെയാണ് ജാതീയചിന്തയും മതാദർശങ്ങളും സ്ഥിതി ചെയ്യുന്നതു്? എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. മതസംഘടനകളിലെല്ലാം വർഗ്ഗീയത്വം പരിപാലിക്കപ്പെട്ടുവരുന്നതുകൊണ്ടു യാതൊരു മതാദ്ധ്യക്ഷന്മാർക്കോ സവർണ്ണസമുദായപ്രമാണികൾക്കോ നാം വർഗ്ഗീയസംഘടനയിൽ ഏർപ്പെടുന്നതിൽ നമ്മെ കുററം പറയുവാൻ പാടുള്ളതല്ല. വിവിധ മതസംഘടനകൾ അവയുടെ പ്രചരണത്തെയും സംരക്ഷണത്തെയും പ്രത്യേകാൽ പ്രതീക്ഷിച്ചു് പരിശ്രമിക്കുന്നു. അവകളൊന്നും നമ്മുടെ വർഗ്ഗീയഅവശതകളെയോ താല്പര്യങ്ങളെയോ ക്രൂലംകഷമായി ചിന്തിച്ചുറച്ചു്

അവയുടെ നിവാരണമാൎഗ്ഗത്തിനായി പരിശ്രമിക്കുന്നില്ല. അതുകൊണ്ടാണു മതസംഘടനകളിൽ വൎഗ്ഗീയത്വം വൎദ്ധിച്ചുവരികയും വൎഗ്ഗീയആസക്തി പൊന്തിനില്ക്കുകയും ചെയ്യുന്നതു്. സവൎണ്ണസമുദായങ്ങളൊക്കെയും വൎഗ്ഗീയ സംഘടനകൾ മുഖേന അവരുടെ പുരോഗമനത്തിനായി പ്രവൃത്തിക്കുമ്പോൾ നാം വൎഗ്ഗീയതാല്പൎയ്യങ്ങളെ അവഗണിച്ചു വൎത്തിക്കണമെന്നശഠിക്കുവാൻ പാടുള്ളതല്ലല്ലോ.

പണ്ഡിതാഗ്രേസരനും ത്യാഗവൎയ്യനുംആയ മഹാത്മാഗാന്ധി അഭിപ്രായപ്പെട്ടിരിക്കുന്നതു ഗൃഹവസ്ത്രാദികൾ മാറുന്നതുപോലെ മാറാവുന്നതല്ല മതം എന്നാണല്ലോ. എന്തുകൊണ്ടെന്നാൽ ശരീരത്തിൻെറ അവിഭാജ്യഭാഗമാകുന്നതിനേക്കാൾകൂടുതലായിമതംആത്മാവിൻെറ അവിഭാജ്യഭാഗമാകുന്നു. നശിക്കേണ്ടതായ ശരീരം നശിക്കുമ്പോഴും മരണാനന്തരവും മതം അവശേഷിക്കുന്നു. സൃഷ്ടിയുടെയും സ്രഷ്ടാവിനെയും പരസ്പരം ബന്ധിക്കുന്ന ഒരു ശൃംഖലയാകുന്നു മതം. അന്തൎസ്ഥിതമായ മതോപദേശതത്വങ്ങളാൽ ആത്മപ്രസാദനവും ഈശ്വരസാക്ഷാൽകരണവുംകൂടാതെ സമുദായതാല്പൎയ്യങ്ങളെ പരിരക്ഷിക്കുന്നതിനുവേണ്ടി മതപരിവൎത്തനംചെയ്യുന്നതു ന്യായയുക്തവുമല്ലല്ലോ. അതിനാൽ നാം വൎഗ്ഗീയസംഘടനയിൽ ഉൾപ്പെട്ടുനില്ക്കുന്നതുനിമിത്തം മതാസക്തിയിൽ വിപ്രതിപത്തി കാണിക്കയോ മതോപദേശങ്ങൾക്കു വിമുഖരായി ജീവിക്കയോ ചെയ്തുകൂടാത്തതാകുന്നു.

തിരുവിതാംകൂറിലെ പ്രബുദ്ധസമുദായങ്ങളായ നായന്മാർ, സുറിയാനി ക്രിസ്ത്യാനികൾ, ഈഴവർ ഇവരൊക്കെയും അവരവർ നില്ക്കുന്ന മതശാഖകളിൽനിന്നുകൊ

ണ്ട്, വർഗ്ഗീയസംഘടന ഏർപ്പെടുത്തി സാമുദായിക അവശതകളെ പരിഹരിച്ചും താല്പര്യങ്ങളെ സംരക്ഷിച്ചുംപോരുന്നു. മതവിഷയകമായി അവരെ അനുകരിച്ച് അനുഗമിക്കുന്ന നാമും അവശതാപരിഹാരത്തിനായി സമുദായസംഘടന ഏർപ്പെടുത്തേണ്ടതാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

ഇതര സമുദായങ്ങൾ വർഗ്ഗീയപ്രസ്ഥാനങ്ങൾ മുഖേന അവരുടെ വർഗ്ഗീയ അവശതകളെയും ആവശ്യങ്ങളെയും ഗവർമ്മെൻറിനെയും മതസംഘടനാധികൃതന്മാരെയും ബോദ്ധ്യപ്പെടുത്തി നിവാരണമാർഗ്ഗം നേടുന്നു. നമ്മുടെ ജാതീയന്യൂനതകളെയും അവശതകളെയും പരിഹരിക്കുന്നതിനു വർഗ്ഗീയസംഘടനഏർപ്പെടുത്തുന്നപക്ഷം നാം ഉൾപ്പെട്ടിരിക്കുന്ന മതവിഭാഗങ്ങളിൽനിന്നു പിൻമാറേണ്ട ആവശ്യമില്ല. നാം ഇപ്പോൾ മതവിഭാഗങ്ങളിൽനിന്നും പിൻമാറുന്നതായാൽ നാം ഉദ്ദേശിക്കുന്ന ഉൽക്കർഷത്തിനു പകരം അപകർഷം ഉണ്ടാകുന്നതിനാണ് എളുപ്പമുള്ളത്. എങ്ങിനെയെന്നാൽ വിവിധതരത്തിൽ നമുക്കിപ്പോൾ (മതസമൂഹങ്ങളിൽനിന്നും) ലഭിച്ചുകൊണ്ടിരിക്കുന്ന സഹായസഹകരണങ്ങൾ നഷ്ടമാകാവുന്നതാണ്. സ്വാശ്രയത്തിൽനിന്നു കാര്യാദികൾ വഴിപോലെ നടത്തുന്നതിനു പരിശീലിച്ചിട്ടുമില്ലല്ലോ. അതിനാൽ കിട്ടിക്കൊണ്ടിരിക്കുന്നതും കിട്ടാവുന്നതുമായ സഹായസഹകരണങ്ങൾക്കു വിഘ്നംവരാത്ത രൂപത്തിലുള്ള ഒരു സമുദായസംഘടനയാണു നാം ഒരുമപ്പെടേണ്ടതു്. എത്രയോ കാലങ്ങളായി സംഖ്യാതീതങ്ങളായ വിഭിന്നാചാരമര്യാദകൾക്കു കീഴ്വഴങ്ങി (അടിമപ്പെട്ട്) ജീവിച്ചുവരുന്ന നാം പെട്ടെന്നു അവയെ തൃണവൽഗണിച്ചു ജീവിത

നിർവ്വഹണം ചെയ്യുന്നതിന് ഒരുമ്പെടുന്നതും സാഹസമല്ലയോ? അതിനാൽ നാം ഉൾപ്പെട്ടുനില്ക്കുന്ന വിവിധമത സംഘടനകളുടെ വിശ്വാസാചാരങ്ങളെ അതേപടിയിൽ തന്നെ മതപരമായി സ്വീകരിക്കുന്നതാണ് ഉത്തമം. പ്രബല സമുദായങ്ങൾ വർഗ്ഗീയത്വം പരിപാലിച്ചുപോരുന്ന കാലത്തോളം അവശ സമുദായക്കാരായ നമ്മുടെ അഭിവൃദ്ധി ഏകീകരണവർഗ്ഗീയ സംഘടനകൊണ്ടല്ലാതെ സാധിക്കുന്നതല്ല. അതിനാൽ അവരവർ നിലനിന്നുവരുന്ന മതവിഭാഗങ്ങളിലുൾപ്പെട്ടുനിന്നുകൊണ്ടു വർഗ്ഗീയ പുരോഗമനത്തെ ലാക്കാക്കി ജാത്യൈക്യപരമായ സംഘടനയിൽ നില്ക്കേണ്ടതു നമ്മുടെഓരോരുത്തരുടെയുംകടമയാകുന്നു മതസംഘടനയിൽനിന്നുകൊണ്ടു വർഗ്ഗീയസംരക്ഷണാർത്ഥം പരിശ്രമിക്കുമ്പോൾ പ്രസ്തുത സംഘടനകളിലുള്ള സഹൃദയരായ പ്രബലസമുദായങ്ങളുടെ പിൻതുണയും ലഭിക്കാതിരിക്കുന്നതല്ല.

---

## ௩. നമ്മുടെ അടിമമനസ്ഥിതിയും സാമുദായിക അപകർഷവും.

---

കുറഞ്ഞൊരുകാലത്തിനു മുൻപുവരെ കേരളത്തിലെ പ്രബലസമുദായങ്ങളാൽ നമ്മുടെ വംശജരെ മൃഗതുല്യരായി പരിഗണിച്ച് "വില്ക്കുകിൽ വിലയ്ക്കുമാറും, കൊല്ലുകിൽ കൊലയ്ക്കുമാറും, കെട്ടുംപൂട്ടുമടക്കി വിറവില"വാങ്ങിവന്നിരുന്നു. അക്കാലം കഴിഞ്ഞതിനുശേഷം നമ്മുടെ സമുദായം ജാതീയരാക്ഷസിയുടെ നിർദ്ദയ

മായ ഉത്തരംഗത്തിനും കക്കശമായ മതനിബന്ധനകൾക്കടിമപ്പെട്ടും ഇപ്പോഴും ജീവിച്ചുവരുന്നു. സ്വാതന്ത്ര്യം എന്താണെന്നു ആരാഞ്ഞറിഞ്ഞു് ആസ്വദിക്കണമെങ്കിൽ സ്വതന്ത്രമായ പരിതസ്ഥിതികളിൽ ജീവിക്കേണ്ടതാണല്ലോ. ഇതഃപര്യന്തമുള്ള നമ്മുടെ ജീവിതരണാങ്കണം സ്വാതന്ത്ര്യബുദ്ധിയോടുകൂടി സ്വച്ഛന്ദവിഹാരത്തിനു പ്രതിബന്ധമായിരുന്ന ഒരു പരിതസ്ഥിതിയിലായിരുന്നു എന്നു മുൻപുപ്രസ്താവിച്ചുവല്ലോ. പ്രബലസമുദായങ്ങളുടെ മർദ്ദനപരമായ പ്രവൎത്തനങ്ങൾക്കും ക്രൂരഷണാപരിപൂൎണ്ണമായ പെരുമാററങ്ങൾക്കും ഏറെക്കുറെ നാം ഇന്നും അധീനരാണല്ലോ. അതിനാൽ സ്വതന്ത്രമായി ചിന്തിക്കുന്നതിനോ സ്വാതന്ത്ര്യത്തിൻെറ സ്വാദാസ്വദിച്ചു് അനുഭവിക്കുന്നതിനോ നമുക്കു കഴിവില്ല. ഇതരസമുദായാംഗങ്ങളുടെ പുരയിടങ്ങളിൽ അടകുടിയായി ജീവിക്കുന്ന (നിവസിക്കുന്ന) നമുക്കു് എങ്ങിനെ സ്വാതന്ത്ര്യബുദ്ധിയുണ്ടാകും? കുടിപാക്കാൻ സ്വന്ത സ്ഥലമില്ലാത്തതുകൊണ്ടു് വസ്തുഉടമസ്ഥന്മാരുടെ സർവ്വവിധമായ ഇഷ്ടാനുഷ്ഠാനങ്ങൾക്കും നാം കീഴ്പ്പെടേണ്ടിവരുന്നു. മനുഷ്യൻെറ ജന്മാവകാശമായ സ്വാതന്ത്ര്യം അനുഭവിക്കുന്നതിനോ ജീവസന്ധാരണം സ്വൈരമായി കഴിച്ചുകൂട്ടുന്നതിനോ നമുക്കു നിവൃത്തിയില്ലല്ലോ. യജമാനന്മാരുടെ പുരയിടങ്ങളിൽ നിവസിക്കുന്ന നമുക്കു കണക്കുപറഞ്ഞു കൂലി വാങ്ങിക്കുവാൻ സാധിക്കുന്നതാണോ? തിരുവിതാംകൂറിലെ തൊഴിലാളിവൎഗ്ഗത്തിൽപ്പെട്ട നമുക്കു വേലയ്ക്കു കിട്ടുന്ന കൂലി—പ്രതിഫലം— ആണല്ലോ നമ്മുടെ പ്രധാന വരുമാനം. സ്ഥലഉടമസ്ഥൻെറ ഇഷ്ടാനുസരണമുള്ള കൂലിക്കു് സ്വന്തമായ നിവാസസ്ഥാനം ഇല്ലാ

ത്തുകൊണ്ടും (സ്ഥലം) വേല ചെയ്യേണ്ടിവരുന്നു. അങ്ങിനെ നമ്മുടെ ഏക ധനാഗമമാർഗ്ഗവും പരിതാപാവസ്ഥയിൽ പരിണമിക്കുന്നു. നമ്മുടെ വർഗ്ഗത്തിനു കുടിപാപ്പിനു പത്തുസെൻറു സ്ഥലംവീതമെങ്കിലും ലഭിക്കാത്ത കാലത്തോളം സ്വാതന്ത്ര്യബുദ്ധിയോ വർഗ്ഗോന്നതിയോ ഉണ്ടാകുമോ എന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. "കുട്ടനാടൻപ്രദേശങ്ങളിൽ അധിവസിക്കുന്ന ചേരമരുടെ പരിതാപാവസ്ഥയും യജമാനന്മാരുടെ പറയിടങ്ങളിലെ അവരുടെ കുടികിടപ്പും പ്രത്യേകം ഇത്തരുണത്തിൽ എടുത്തു പ്രസ്താവിക്കേണ്ടിയിരിക്കുന്നു".

അടിമമനസ്ഥിതി നമ്മുടെ സമുദായാംഗങ്ങളിൽ നിന്നും നിർമ്മാർജ്ജനംചെയ്യുന്നതിന് അപരിത്യാജ്യമായ പരിശ്രമമാണു വേണ്ടത്. എങ്ങിനെയെന്നാൽ നിയമാനുസരണമായ കാര്യപരിപാടി രൂപവൽക്കരിച്ചു ജാത്യൈക്യപരമായ സംഘടന ഏർപ്പെടുത്തി ഗവമ്മെൻറാനുകൂല്യങ്ങൾ കരസ്ഥമാക്കിയും കുടിപാപ്പിനു മാത്രമെങ്കിലും സ്വന്തസ്ഥലങ്ങൾ സമ്പാദിച്ചു, സഹൃദയരായ സവർണ്ണസമുദായങ്ങളുടെ മൈത്രി സഹജമായ ആർദ്രതയ്ക്കു പാത്രീഭൂതരായും, ബഹുമാനപ്പെട്ട ഗവമ്മെൻറിന്റെ പിൻതുണയോടുകൂടി കൂലിനിരക്കു വർദ്ധിപ്പിക്കുന്നതിനും, നാം നിരന്തരമായി പരിശ്രമിക്കേണ്ടതാണ്.

ഈദൃശഉദ്ദേശങ്ങൾ ഫലപ്രദമാകണമെങ്കിൽ ജനസംഖ്യാബഹുലമായ ഒരു സംഘടിതപ്രസ്ഥാനം അത്യന്താപേക്ഷിതമത്രെ. ഗൗരവാവഹമായ സാമുദായികാഭിവൃദ്ധിമാർഗ്ഗങ്ങൾ തേടേണ്ടതായ നാം സാങ്കേതിക ആചാരമര്യാദകളെ പരിഗണിച്ചു നമ്മുടെ ജനസംഖ്യാമാഹാത്മ്യത്തെ ലഘൂകരിക്കുന്ന സംഘടനാപ്രസ്ഥാനത്തിൽ ഉൾപ്പെട്ട സങ്കുചിതമനസ്ഥിതിക്ക് അധീനരായി

നമ്മുടെ വർഗ്ഗത്തിൻെറ പ്രാധാന്യമേറിയ അഭിവൃദ്ധിമാർഗ്ഗങ്ങൾ ബലികഴിച്ചുകളയരുതെന്നു പ്രത്യേകം അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസം, ധനസ്ഥിതി, സംസ്കാരം, ശുചിത്വം, ആത്മാഭിമാനം, ധൈര്യം എന്നിത്യാദി സർവ്വഗുണഗണങ്ങൾക്കും നാം പ്രസിദ്ധന്മാരായിരുന്നുവെന്നു നമ്മുടെ പൗരാണിക ചരിത്രങ്ങളും ഇതിഹാസങ്ങളും പ്രഘോഷിക്കപ്പെടുന്നു. ഇടക്കാലത്തു നമുക്കു വന്നിട്ടുള്ള ദുർദ്ദശാപരിപാകത്താൽ ഇവയിലൊന്നും നമ്മിലിന്നു തൊട്ടുതെറിക്കുവാൻപോലുമില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ഈ രാജ്യത്തെ മുഖ്യ തൊഴിൽ കൃഷിയാണല്ലോ. കൃഷിചെയ്യുന്നതിനു സ്വന്തസ്ഥലമില്ലാത്ത നമ്മൾ എങ്ങനെ നന്നാകുമെന്നു നിങ്ങൾതന്നെ ചിന്തിപ്പിൻ. നാം നന്നാകണമെന്നു നാംതന്നെ പല പ്രാവശ്യം പറഞ്ഞതുകൊണ്ടോ ഗവമ്മെൻറുദ്യോഗസ്ഥന്മാരോ പ്രബലസമുദായപ്രമാണികളോ ഉപദേശിച്ചതുകൊണ്ടോ മാത്രം നാം നന്നാകുകയില്ല. നാം നന്നാകണമെങ്കിൽ അതിനുപയുക്തമായ പരിതസ്ഥിതികളിൽ എത്തുപെടേണ്ടിയിരിക്കുന്നു. കുടിപാർപ്പിനുവേണ്ടിയുള്ള ഭൂമിസമ്പാദനപരിശ്രമം നമ്മുടെ അഭിവൃദ്ധിക്കു ഏററവും അത്യന്താപേക്ഷിതമാണ്. ബഹുമാനപ്പെട്ട ഗവമ്മെൻറിൻെറ പിൻതുണയും സവർണ്ണസമുദായങ്ങളുടെ അനുകമ്പയും നമുക്ക് അനുകൂലമാകുമ്പോൾ അതു ക്ഷിപ്രസാദ്ധ്യമാകുമെന്നുള്ളതിനു രണ്ടുപക്ഷമില്ല.

ഇന്നത്തെ ഉൽകൃഷ്ടസമുദായങ്ങളായ, നായന്മാർ, സിറിയൻക്രിസ്ത്യാനികൾ, ഈഴവർ, എന്നിവക്ക് ഇന്നു

ള്ള നിലയും വിലയും സ്ഥാനമാനബഹുമാനാദികളും ഇല്ലാതിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അവർ ഏതു സ്ഥിതിയിൽ എങ്ങിനെ, ഇന്നു നാം കാണുന്ന അഭിമാനകരമായ പതനത്തിൽ എത്തി എന്ന് അവരുടെ പൂർവ്വകാലചരിത്രം അപഗ്രഥനംചെയ്തുപഠിക്കുമ്പോൾ മനസ്സിലാക്കാവുന്നതാണ്. ഈശ്വരവിശ്വാസത്തെ മുൻനിറുത്തിയും, യോഗ്യന്മാരായ സമുദായപ്രമാണികളുടെ നേതൃത്വത്തിൽ സംഘടനാപരമായി പരിശ്രമിച്ചതിന്റെയും, ഫലമല്ലയോ ഏതു സമുദായങ്ങൾക്കിന്നുള്ള സർവ്വവിധമായ ഉൽക്കർഷത്തിനും നിദാനം. ലോകത്തിന്റെ വിശേഷിച്ചു ഭാരതത്തിന്റെ എന്നു തന്നെയുമല്ല നമ്മുടെ ആധുനികതിരുവിതാംകൂറിന്റെയും സർവ്വപ്രധാനമായ ആദർശങ്ങളിലുൾപ്പെട്ട സർവ്വസമുദായമൈത്രി, പരമത സഹിഷ്ണുത എന്നിതുകളെ പരിഗണിച്ചു പര്യാലോചിക്കുമ്പോൾ നമ്മുടെ അഭിവൃദ്ധിപരിശ്രമങ്ങളെ സഹൃദയരായ പ്രബലസമുദായങ്ങൾ പ്രോത്സാഹിപ്പിക്കയും സഹായസഹകരണങ്ങളാൽ സഹകരിക്കയും ചെയ്യുമെന്നുള്ളതു നിരാക്ഷേപമാണ്. ഇങ്ങിനെയുള്ള സർവ്വപ്രധാനമായ ആദർശത്തെ ഫലപ്രാപ്തിയിൽ വരുത്തുവാൻ ഓരോ മതസംഘടനകളിൽ നില്ക്കുന്നവർ മാത്രം ജാത്യൈക്യപരമായ സംഘടനയിൽ ഉൾപ്പെടുന്നതുകൊണ്ടുതന്നെ അത്ര പ്രയോജനമില്ല. അതിനാൽ ഒരോതരത്തിലുള്ള അവശതകൾക്കു അധീനരും വിവിധമത സംഘടനകളിൽ അസ്പർശരായി ഉൾപ്പെട്ടുനില്ക്കുന്ന ഒരു വർഗ്ഗക്കാരായ നമുക്കു ചേരമർമഹാജനസഭയെന്ന സംഘടിതപ്രസ്ഥാനത്തിൽ നിന്നുകൊണ്ട് ഇ[illegible]ദ്ദേശമായ ഉദ്ദേശസാദ്ധ്യതകൾക്കു വേണ്ടതു പ്രവർത്തിക്കരുതോ?

ചേരമരായ ഹിന്ദുക്കളുടേയും ക്രിസ്ത്യാനികളുടേയും പൊതുവിലുള്ള സമുദായാവശതകൾക്ക വ്യത്യാസമില്ലെന്നുള്ളതു വിവാദരഹിതമാണല്ലോ. ക്രിസ്തീയചേരമരിൽ ഒരു ന്യൂനപക്ഷവ്യക്തികൾ ആക്കും കാണാവുന്നതായ ചില പ്രത്യേകതകൾക്ക (മതസമൂഹങ്ങളിൽനിന്നും) അഹരായിരിക്കാം. എന്നാൽ അതൊരു സാമുദായിക അഭിവൃദ്ധിയായി കണക്കാക്കാവുന്നതല്ല. ഹൈന്ദവ ചേരമർസഹോദരങ്ങൾക്കും അങ്ങിനെ ചില സാഹചര്യങ്ങൾ ഉണ്ടെന്നു തോന്നാവുന്നതാണ്. അതും കേവലം തുച്ഛമാത്രമെന്നല്ലാതെ ശാശ്വതമായ ഒരഭിവൃദ്ധിപന്ഥാവിലേക്ക് ആനയിപ്പിക്കയില്ലെന്നു സൂക്ഷ്മദൃക്കുകൾക്ക നിഷ്പ്രയാസം ഗ്രഹിക്കാം. അതിനാൽ നാം നമ്മുടെ അവശതകളെ അവഗാഢമായി ചിന്തിച്ച് അവശതാപരിഹാരാത്ഥം പരിതസ്ഥിതിയിലുള്ള ഗതിഭേദങ്ങളെ മനസ്സിലാക്കി വർഗ്ഗീയസംഘടനമുഖേന ഗവമ്മെൻറാനുകൂല്യങ്ങൾക്ക് അഹരായി (പാത്രീഭൂതരായി) നമ്മുടെ വർഗ്ഗീയാഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കേണ്ടതാകുന്നു. നിമ്മത്സരബുദ്ധികളായ മതാദ്ധ്യക്ഷന്മാരും ഇതര സമുദായപ്രമാണികളും ഈദൃശമായ നമ്മുടെ ജാത്യൈക്യപരമായ സംഘടനാപ്രസ്ഥാനത്തിനു വിരുദ്ധമായി നിൽക്കുകയില്ലെന്നു സമാശ്വസിക്കാം.

---

## ൧൦. ജാതിയും തൊഴിലും.

---

തൊഴിലനുസരിച്ചു ജാതി ഉത്ഭവിച്ചുവെന്നു ഭാരതീയരുടെ ഭൂതകാലചരിത്രം ഉൽഘോഷിക്കുന്നു. പൂർവ്വീകകാലങ്ങളിൽ വിവിധതരത്തിലുള്ള തൊഴിലുകൾ ഓ

രോ ജനവിഭാഗക്കാർ മാത്രം ചെയ്തുകൊണ്ടിരുന്നു. പിതാവു ചെയ്യുന്ന ജോലി പുത്രനും അതിനെ തുടൎന്നു സന്താനപരമ്പരകളും ചെയ്തുവന്നു. യുദ്ധത്തിനും രാജ്യസംരക്ഷണത്തിനുമായി നിയോഗിക്കപ്പെട്ടവർ രാജാക്കന്മാരായും ബലിപൂജകൎമ്മാദികൾ നടത്തിക്കൊണ്ടിരുന്നവരുടെ സന്താനപരമ്പരകൾ ബ്രാഹ്മണരായും കാർഷികവൃത്തിയിൽ ഏൎപ്പെട്ടിരുന്നവരുടെ പിൻഗാമികൾ വൈശ്യന്മാരായും ഇവരെയൊക്കെയും ശുശ്രൂഷിച്ചുകൊണ്ടിരുന്നവരെ ശൂദ്രർ ആയും ചാതുർവൎണ്ണ്യവ്യവസ്ഥ പ്രഖ്യാപനം ചെയ്യുന്നു. ചാതുൎവ്വൎണ്ണ്യവ്യവസ്ഥയുടെ സന്താനങ്ങളായി തൊഴിലനുസരിച്ച് അനേക അവാന്തരതൊഴിൽപരമായ ജനവിഭാഗങ്ങൾകൂടി ആവിർഭവിച്ചു. ഇരുമ്പു മുതലായ ലോഹങ്ങളെക്കൊണ്ടു ആയുധങ്ങൾ പരമ്പരാനുഗതമായി പണിചെയ്തുവരുന്നവരെ കൊല്ലന്മാരെന്നും വീട്, ക്ഷേത്രം മുതലായവ തടികൊണ്ടു പണിയുന്ന മന്ദിരനിൎമ്മാതാക്കളെ മരയാശാരി (വിശ്വകൎമ്മ) എന്നും, സ്വൎണ്ണം വെള്ളി മുതലായ ലോഹങ്ങൾകൊണ്ടു മോതിരം അരഞ്ഞാണം മുതലായവ പണിയുന്നവരെ തട്ടാന്മാരെന്നും, കരിങ്കൽ കൊത്തുപണിചെയ്യുന്നവരെ കല്ലന്മാരെന്നും വിളിച്ചുവരുന്നു. മനുഷ്യസമുദായത്തിനുവേണ്ടി ഒരു മാതാവു തന്റെ കുട്ടിയെ വൃത്തിയായി നടക്കുന്നതിനു ശുശ്രൂഷിക്കുന്നതുപോലെ മാതൃതുല്യമായി മാനവസമുദായത്തെ ശുശ്രൂഷിക്കുന്നവരെ അവരവർ ചെയ്യുന്ന ജോലി അനുസരിച്ചു ക്ഷുരകൻ, അലക്കുകാരൻ, തോട്ടി എന്നിങ്ങനെ പലതരത്തിൽ അഭിസംബോധനംചെയ്തുപോരുന്നു. എന്തിന് ഇവയെല്ലാം അധികം വിസ്തരിക്കുന്നു. ഇങ്ങനെ തൊഴിലുകൾ വൎദ്ധിച്ചുവന്നതനുസരിച്ചു മാനവസമുദായത്തിൽ അസംഖ്യം ജാതിക

ൾ ഉത്ഭവിച്ചു. ജാതീയപരിഗണന തൊഴിലുകളിൽ സ്ഥാനംപിടിച്ചതോട്ടകൂടി വാസനാനുബന്ധമായ തൊഴിലുകളിൽ ഇതരജനവിഭാഗത്തിനു പ്രവേശിക്കുന്നതിന്ന വിഷമമായിത്തീൎന്നു. "ഇങ്ങനെ പൌരാണികഭാരതീയരുടെയിടയിൽ ഒരു ജനവിഭാഗം ഒരു തൊഴിൽ മാത്രമേ ചെയ്യാവൂ എന്നുള്ള നിഷ്കൎഷയ്ക്കു സുപ്രതിഷ്ഠ ലഭിച്ചു." ഇങ്ങിനെയാണ് ഭാരതം ജാതീയരാക്ഷസിയുടെ നൃത്തരംഗത്തിനു അടിമപ്പെട്ടത്.

ഒരു ജാതിയിലോ കുടുംബത്തിലോ ഉള്ളവരെല്ലാം ഒരു തൊഴിലിൽതന്നെ താല്പൎയ്യമുള്ളവരായിരിക്കയില്ലല്ലോ. അഭിരുചിയനുസരിച്ചു തൊഴിലുകളിൽ പ്രവേശിക്കുന്നതിനുള്ള സ്വാതന്ത്ര്യം സാമുദായികവ്യവസ്ഥയാൽ തടഞ്ഞതുകൊണ്ടു പരമ്പരാസിദ്ധമായ തൊഴിലുകളിൽ മാത്രം ഓരോജനവിഭാഗത്തിൻെറയും പ്രവേശനം അവരുടെ ജന്മസാഫല്യത്തിനു വിഘാതവും തൊഴിലിനു അഭിവൃദ്ധിക്ഷയവും വന്നുഭവിച്ചുകൊണ്ടിരുന്നു; എന്നു പ്രസ്താവിക്കാതിരിപ്പാൻ നിവൃത്തിയില്ല. പൌരാണികഭാരതം സൎവ്വവിധ കൊത്തുപണികൾക്കും, വിചിത്രവേലകൾക്കും, പുതിയ കണ്ടുപിടിത്തങ്ങൾക്കും ഖ്യാതി സമ്പാദിച്ചിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ ഭാരതീയരായ നാം ഈവിധശവിദ്യാപഠനത്തിനു പാശ്ചാത്യരെ അഭയംപ്രാപിക്കേണ്ടിയിരിക്കുന്നു. അതിനാൽ ജാതീയവ്യവസ്ഥയെ അതിലംഘിച്ചു അഭിരുചിയും അഭിമതവും അനുസരിച്ചുള്ള തൊഴിലുകളിൽ ഭാരതീയർ പ്രവേശിക്കുന്ന കാലത്തു മാത്രമേ സർവ്വവിധമായ ഉല്കൎഷോദ്യമങ്ങളും സഫലമാവാൻ തരമുള്ളു എന്നു പ്രത്യേകം ധരിക്കേണ്ടതാകുന്നു. ആർഷധൎമ്മം പഴയകാലത്തു ഇതിനു മകുടോഹാരം ചാൎത്തിയിരുന്നു.

ആദ്യകാലംമുതല്ക്കു തൊഴിലുകളിൽനിന്നുള്ള ആദായംകൊണ്ടു ധനലക്ഷ്മിയുടെ ആശിർവ്വാദാനുഗ്രഹങ്ങൾക്കു പാത്രീഭൂതരായവർ, അതിനു പ്രഥമ ഭാഗ്യോദയം സിദ്ധിക്കാതിരുന്ന ഇതര തൊഴിൽക്കാരെ പതിത്വമനോഭാവേന പരിഗണിക്കുന്നതിനും, അവർ തങ്ങളോടൊപ്പം സാമ്പത്തികസമത്വം പ്രാപിക്കാതിരിക്കണമെന്നു കരുതി എന്നു തോന്നുമാറു് അവശസമുദായങ്ങളായി (തീണ്ടൽജാതിക്കാരായി) ഇന്നു പരിഗണിക്കുന്ന നിരാശ്രയരായ തൊഴിലാളിവർഗ്ഗങ്ങൾക്കൊക്കെയും അന്നുമുതൽ തുച്ഛവും ക്ലിപ്തവുമായ കൂലി മുതലാളിമാരുടെ ഏകീകരണംകൊണ്ടു നാടൊട്ടുക്കു നടപ്പിലാക്കുകയും ചെയ്തു. അതിനാൽ വേലയ്ക്കു ന്യായമായ പ്രതിഫലം—കൂലി—ലഭിക്കാതിരിക്കുന്ന ഇന്നത്തെ അവശസമുദായങ്ങൾ അവരുടെ പരമ്പരാസിദ്ധമായ ജാതീയതൊഴിലുകളിൽമാത്രം ശ്രദ്ധിക്കാതെ സർവ്വവിധമായ തൊഴിലുകളിലും വ്യവസായങ്ങളിലും സവർണ്ണസമുദായങ്ങളോടൊപ്പം പ്രവേശിച്ചു സാമ്പത്തികസമത്വം പ്രാപിക്കുന്നതിനും, തൊഴിൽപരമായ പരിഗണനയാൽ ഉൽഭൂതമായ ജാതീയമനോഭാവം (ജാതിവ്യത്യാസം) പ്രബലസമുദായാന്തരീക്ഷത്തിൽനിന്നും നിഷ്കാസനം ചെയ്യുന്നതിനു് വാസനാനുബന്ധമായ ഇതര വൃത്തികളിൽ പ്രവേശിച്ചു പ്രശസ്തിയും ധനപുഷ്ടിയും പ്രാപിക്കേണ്ടിയിരിക്കുന്നു. എന്നു തന്നെയുമല്ല വിവിധ തൊഴിലുകളിൽ അവശസമുദായങ്ങൾ പ്രവേശിച്ചു ഒരു തൊഴിൽ മാത്രം ഒരു വർഗ്ഗക്കാർ ചെയ്യണമെന്നുള്ളതും പുരാതനകാലംമുതൽ നിലനിന്നുവരുന്നതുമായ പരമ്പരാനുഗതമായ തൊഴിൽ സ്വീകരണവ്യവസ്ഥയെ ദുർബ്ബലപ്പെടുത്തേണ്ടതുമാകുന്നു.

നമ്മുടെ വംശജർ പറമ്പുകിളയും, കയ്യാലകുത്തും, പുഞ്ചപ്പാടങ്ങളിലെ പണികളും മാത്രം ഇനി ഉപജീവന മാർഗ്ഗമായി സ്വീകരിച്ചാൽ പോരാ. തിരുവനന്തപുരം, കൊല്ലം, ചങ്ങനാശേരി, കോട്ടയം എന്നീ പട്ടണങ്ങളിൽ മാത്രമല്ല കുഗ്രാമങ്ങളിൽപോലും നമ്മുടെ മഹിളാമണികൾ വിറകും പുല്ലും വില്പനക്കാരായിക്കണ്ടുവരുന്നു. ഈ തൊഴിലുകളിൽ മാത്രം ഉൽസുകരാകാതെ കാലക്ഷേപമാർഗ്ഗമായി കാലോചിതമായ മററു ധനാഗമമാർഗ്ഗങ്ങളും സ്വീകരിക്കേണ്ടതാണ്.

ഭൗതികപദവികൾക്കുള്ള നിദാനം പണമാണല്ലോ. കാലോചിതമായ സർവ്വ തൊഴിലുകളിലും പ്രവേശിച്ചു സാമ്പത്തികസമത്വം സർവ്വസമുദായങ്ങൾക്കും ലഭിച്ചു കഴിയുമ്പോൾ ജാതീയരാക്ഷസിയുടേയും ദാരിദ്ര്യദേവതയുടേയും നഗ്നരൂപമായ നൃത്തത്തിനു ഭംഗംഭവിച്ചുപോകും എന്നുതന്നെയുമല്ല ഇങ്ങിനിവരാതവണ്ണം മറയുകതന്നെ ചെയ്യും സംശയമില്ല. നമ്മുടെ സർവ്വാവശതകൾക്കും ഇന്നുസ്ഥായിയായി പരിലസിക്കുന്നതു സാമ്പത്തികാധഃപതനമാണല്ലോ. സാമ്പത്തികസമത്വം ഹസ്തഗതമാകുമ്പോൾ വിദ്യാഭ്യാസം, സംസ്കാരം, പരിഷ്കാരം, എന്നിവയെല്ലാം അതിനെ തുടർന്നു താനേതന്നെ വന്നുചേരും. അതിനാൽ നമ്മുടെ സമുദായത്തിൻെറ അഭിവൃദ്ധിക്കു അവിഭാജ്യഘടകമായി പരിലസിക്കുന്നതു നമ്മുടെ സമുദായാംഗങ്ങളുടെ ധനസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുക എന്നുള്ളതാണ്.

തിരുവിതാംകൂറിലെ തൊഴിലാളവർഗ്ഗക്കാരായ നാം സവർണ്ണസമുദായങ്ങളുടെ അനുകമ്പയ്ക്കും ഔത്സുക്യപരമായ പെരുമാററങ്ങൾക്കും അർഹരായി തീരത്തക്കവണ്ണവും ഗവമ്മെൻറാനുകൂല്യങ്ങൾ ന്യായമായി ലഭിക്കത്തക്ക

വിധവും ചേരമർമഹാജനസഭയെന്ന ജാത്യൈക്യപരമാ
യ സംഘടനമുഖേന, നമ്മുടെ അഭിവൃദ്ധിക്കുവേണ്ടി വി
വേകപൂർവ്വമായി പരിശ്രമിക്കാം. അവതാരപുരുഷ
ന്മാരുടെ പരിപാവനമായ മതോപദേശങ്ങളെ അവലം
ബിച്ചുനില്ക്കുന്ന സവർണ്ണസമുദായങ്ങളോട്ട നാം സംഘട
നാപരമായി നിന്നുകൊണ്ടു നമ്മുടെ ആവശ്യങ്ങളെയും
അവശതകളെയും ചൂണ്ടിക്കാണിക്കുമ്പോൾ അതിനു ത
ക്കതായ തീരുമാനംചെയ്യുന്നതിനു അവർ തന്നെത്താൻ
നിർബന്ധിതരായിത്തീരാവുന്നതാണ്. "ഈ രാജ്യത്തു
നിവസിക്കുന്ന പ്രബലസമുദായങ്ങളുടെ സഹചാരികളും
അയൽവാസികളും ആയ അവശസമുദായങ്ങളുടെ അഭി
വൃദ്ധി ഏറെക്കുറെ സവർണ്ണസമുദായങ്ങളുടെ സഹകരണ
പരിപൂർണ്ണമായ പെരുമാററങ്ങളെയും പ്രവർത്തനങ്ങളെ
യും സമാശ്രയിച്ചിരിക്കുന്നു." നമ്മുടെ സമുദായതാല്പര്യങ്ങ
ളെ സുരക്ഷിതമാക്കുന്നതിനും സവർണ്ണസമുദായങ്ങളുടെ
സഹകരണസമ്പൂർണ്ണമായ അനുകമ്പയ്ക്കു പാത്രമാകുന്ന
തിനും ഗവമ്മെൻറാനുകൂല്യങ്ങൾ ലഭ്യമാകുന്നതിനു പ
ര്യപ്തവും ജനസംഖ്യാബഹുലവുമായ ചേരമർ മഹാജന
സഭയെന്ന സംഘടിതപ്രസ്ഥാനത്തിൽ ഏകീകരിക്കാം.

---

## ജാതിയും മതവും.

തൊഴിലനുസരിച്ചു ജാതി ഉത്ഭവിച്ചു എന്നു നാം
ഗ്രഹിച്ചുകഴിഞ്ഞുവല്ലോ. മാനവസമുദായത്തിൻെറ ഐ
ക്യപരമായ ജീവിതത്തെ തടയുന്ന ആചാരക്രമങ്ങൾ ഓ
രോ ജാതിക്കാർക്കും ഒരു കൈയുംകണക്കുമില്ലാതെയുണ്ട്.

മതസംഘടനകളിലും അന്യോന്യമുള്ള സമ്പക്കത്തെ ത ടയുന്നതായ ആചാരാനുഷ്ഠാനവിധികൾ നിരവധിയാ ണ്. മനുഷ്യരുടെ സൗഹാർദ്ദപൂർവ്വമായ ജീവിതത്തിനു ജാതീയമായും മതപരമായും ആചാരാനുഷ്ഠാനക്രമങ്ങൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മാനസികവികാസ ത്തിനും വംശോല്ക്കർഷത്തിനും വിഘ്നംവരുത്തുന്ന ആചാ രമര്യാദകളെ ഈശ്വരസാക്ഷാല്ക്കാരവുംപരിഷ്കൃതരുമാ യ ജനതതി നിരാകരിക്കുന്നു. "അനേകകാലമായി പി തൃപുത്രപരമ്പര ലഭിച്ചു ഹൃദയാന്തർഭാഗത്തു നടമാടുന്നാ ദ്ദഷിച്ച ആചാരക്രമങ്ങളെ നിരാകരിക്കുന്നതിനു മാമൂൽ പ്രിയന്മാക്കുള്ള തടസ്സമാണ് അവശസമുദായോല്ക്കർഷ ത്തെ തടുത്തുകൊണ്ടിരിക്കുന്ന മഹാവിപത്ത്."

---

## ജാതിയും ദേശ്യവാദവും.

ആധുനികലോകത്തിൽ ദേശീയആദർശവാദികളാ ണധികവും. അവരുടെ അഭിമതമനുസരിച്ചു വർഗ്ഗീയ സ്ഥാപനങ്ങൾക്കോ വിവിധമതസംഘടനകൾക്കോ വേ ണ്ടത്ര പ്രസക്തി കല്പിച്ചുകാണുന്നില്ല. എന്തുകൊണ്ടെ ന്നാൽ ജാതിയും മതവും മനുഷ്യരുടെ സഹകരണപരി പൂർണ്ണമായ ജീവിതക്രമങ്ങളെ വ്യതിചലിപ്പിക്കുന്നു. അ തുകൊണ്ടു വർഗ്ഗീയതാല്പര്യങ്ങളെ പരിഗണിക്കുന്ന വർഗ്ഗീ യപ്രസ്ഥാനങ്ങളോ,വിവിധമതസംഘടനകളെ പരിപോ ഷിപ്പിക്കുന്ന സ്ഥാപനങ്ങളോ മനുഷ്യജാതിക്കാവശ്യമി ല്ലെന്നാണ് അവരുടെ വാദം. ഏകജാതി, ഏകമതം, ഏകദൈവം, എന്നിതുമാത്രമേ ലോകത്തിൽ അഭ്യുന്നതി

യെ പ്രാപിക്കാവു എന്നുള്ളതാണ് അവരുടെ ആദർശം. അതു ശരിതന്നെയാണ്. എന്നാൽ മനുഷ്യസമുദായത്തിൽനിന്നും—വർഗ്ഗീയത്വം നശിക്കാത്തകാലത്തോളം, —ജാതീയചിന്തയ്ക്കു മേന്മ ലോകം വകവച്ചുകൊടുക്കുന്ന കാലത്തോളം— വർഗ്ഗീയസ്ഥാപനങ്ങളും നശിക്കുന്നതല്ല. വിദ്യാഭ്യാസത്തിലും ധനസ്ഥിതിയിലും പ്രഥമസ്ഥാനത്തു നില്ക്കുന്ന പ്രബലസമുദായങ്ങൾ വർഗ്ഗീയസ്ഥാപനങ്ങൾമുഖേന അവരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുപോരുമ്പോൾ അവശസമുദായങ്ങളുടെ സർവ്വപ്രധാനമായ സമുന്നതിയെ ലാക്കാക്കിയുള്ള സമുദ്ധാരണമാർഗ്ഗം അവരുടെ ഏകീകരണസംഘടനകൊണ്ടല്ലാതെ സാദ്ധ്യമാകുമോ? സവർണ്ണസമുദായങ്ങൾ വർഗ്ഗീയത്വവും അസമത്വവും വെടിഞ്ഞു് അവശസമുദായങ്ങളെ ഉദ്ധരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഇറങ്ങി പുറപ്പെട്ടനാം: ക്ഷം ദേശീയവാദത്തിനു പ്രസക്തിയും പ്രചാരവും സിദ്ധിക്കും. പത്രലേഖനങ്ങളിലോ, പ്രസംഗപീഠങ്ങളിലോ ലഘുലേഖകളിലോ, ആദർശങ്ങൾ പ്രഖ്യാപനംചെയ്യുന്നതുകൊണ്ടുമാത്രം പ്രയോജനമില്ല. പ്രഖ്യാപനംചെയ്യുന്ന ആദർശങ്ങൾ അനുഭവയോഗ്യമായവിധത്തിൽ പ്രകാശിപ്പിക്കുന്നതിന് ആളുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ സാമുദായികസംഘടന ദേശീയവാദികളുടെ ആദർശത്തിനു വിരുദ്ധമല്ല. എന്നാൽ താല്ക്കാലികനില സംബന്ധിച്ചു അവശസമുദായഉദ്ധാരണാർത്ഥം ഉള്ള പോംവഴികളിൽ സർവ്വപ്രധാനമായ ഒന്നു വർഗ്ഗീയസംഘടനയാകയാൽ നാം ചേരമർ മഹാജനസഭയെന്ന ജാത്യൈക്യപരമായ സംഘടനയിലുൾപ്പെട്ടു നമ്മുടെ അവശതകൾക്കു നിവാരണമാർഗ്ഗം നേടേണ്ടതാണ്. അവശസമുദായങ്ങളുടെ വർഗ്ഗീയസംഘടനകൾമുഖേന അവരു

ടെ വർഗ്ഗീയഅവശതകൾ സവർണ്ണസമുദായങ്ങളുടെ സഹകരണത്തോടുകൂടി പരിഹരിക്കുന്നപക്ഷം സവർണ്ണരുടെയും അവർണ്ണരുടെയും വർഗ്ഗീയപ്രസ്ഥാനങ്ങൾ ഒരു ഘട്ടനയിൽ എത്തുന്നകാലയളവിൽദേശിയവാദികളുടെ ആദർശത്തിന് പ്രാഗത്ഭ്യം ലഭ്യമാകുന്നതാണ്. അതിനാൽ ദേശിയവാദികളായ സവർണ്ണസമുദായങ്ങൾ അവശസമുദായക്കാരുടെ വർഗ്ഗീയസ്ഥാപനങ്ങളെ സഹൃദയബുദ്ധിയോടുകൂടി സമവീക്ഷണം ചെയ്യുമെന്നു പ്രത്യാശിക്കാം.

---

ൻ. നമ്മുടെ അഭിവൃദ്ധിയും അധികൃതസമുദായങ്ങളുടെ

## സഹകരണപരാധീനയും.

---

പ്രപഞ്ചംതന്നെ പരസ്പരസഹകരണത്തിൻെറ മൂർത്തീകരണമാകുന്നു. സഹകരണ ചൈതന്യവായുവിൽ സർവ്വവും ചരിക്കുന്നു. അന്യോന്യമുള്ള സഹകരണമില്ലാതെ യാതൊരു ചരാചരങ്ങൾക്കും പ്രകൃതിയിൽ സ്ഥാനമില്ല. ഉൽകൃഷ്ടസമുദായങ്ങൾക്ക് അവശസമുദായങ്ങളുടെ സഹകരണം ആവശ്യമാകുന്നു. രാജാക്കന്മാർക്ക് പ്രജകളുടെയും യജമാനന്മാർക്ക് ഭൃത്യന്മാരുടെയും മുതലാളിമാർക്ക് തൊഴിലാളികളുടെയും സഹകരണംകൂടിയേ കഴിയൂ. നാം ഉൾപ്പെട്ട തിരുവിതാംകൂറിലെ അവശസമുദായങ്ങൾ എല്ലാംതന്നെ നിർധനരും കൂലിവേലക്കാരുമാണല്ലോ. അധികൃതസമുദായങ്ങളുടെ അഭ്യുന്നതിയും പ്രൌഢിയും എല്ലാം അവശസമുദായങ്ങളുടെ പരിശ്രമത്തിൻെറയും സഹകരണത്തിൻെറയും ഫലംകൂടിയല്ലേ? അവശസമുദാ

യങ്ങളുടെ സാമ്പത്തികാധഃപതനംനിമിത്തം പ്രബലസമുദായങ്ങളുടെയും മുതലാളിമാരുടെയും മടിശീലകൾക്കും പണനിക്ഷേപപ്പെട്ടികൾക്കും വലിയ ഉടവും കുറവും തട്ടാതെ ദരിദ്രസമൂഹങ്ങളെക്കൊണ്ട് അവരുടെ സർവവിധമായ പണികളും മററു ഇടപാടുകളും നിഷ്പ്രയാസം നിർവഹിപ്പിക്കുവാൻ സാധിക്കുന്നു. അങ്ങനെ ഇന്നത്തെ അധികൃതസമുദായങ്ങൾ ധനസ്ഥിതിയിലും വിദ്യാഭ്യാസത്തിലും മുന്നണിയിൽ നിലനിന്നുവരികയും അവശസമുദായങ്ങൾ സാമ്പത്തികവൈഷമ്യത്തിലും അജ്ഞതയിലും, അവശതയിലും, ഞെണ്ടുകിടക്കുകയുംചെയ്യുന്നു. ശക്തിയുള്ളവർ ശക്തിഹീനരെ സഹായിക്കേണ്ടതു ലോകനീതിയും ധാർമ്മികശാസ്ത്രങ്ങളിൽ വിധിക്കപ്പെട്ടിട്ടുള്ളതുമാണല്ലോ. കേവലം വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങൾ അവയുടെ സന്താനപരമ്പരയെ പരിചരണസംരക്ഷണാദികളാൽ സ്വച്ഛന്ദജീവിതനിർവ്വഹണത്തിന് സംപ്രാപ്തമാക്കിത്തീർക്കുന്നു "അതുപോലെ ശേഷിയും ശേമുഷിയുമുള്ള പ്രബലസമുദായങ്ങൾ അശക്തരും അവശരുമായ അവശസമുദായങ്ങളുടെ അഭിവൃദ്ധിപരിശ്രമങ്ങളെ ഔത്സുക്യപൂർവ്വം സഹകരിച്ചു സഹായിക്കേണ്ടതു് അവരുടെ ധർമ്മമാണല്ലോ."

മനുഷ്യനിൽ സങ്കുചിതമനസ്ഥിതിയും സ്വാത്മപ്രതിപത്തിയും പ്രായേണ കണ്ടുവരുന്നു. ഈ പ്രകൃതിയിൽനിന്നു വിരമിച്ചു സാഹോദര്യപൂർവ്വം ജീവിതനിർവഹണംചെയ്യുന്നതിനു ധർമ്മശാസ്ത്രങ്ങൾ അവനെ ഉൽബോധിപ്പിക്കുന്നു. അധികൃതസമുദായങ്ങളുടെ പിതൃസ്വത്തായി അവരുടെ ഹൃത്തടത്തിൽ പരിലസിക്കുന്ന മാമൂലാചാരവിശ്വാസങ്ങൾ അവരിൽനിന്നു നിഷ്കാസനംചെ

യ്യുന്ന കാലത്തു മാത്രമേ അവശസമുദായങ്ങൾക്കു സ്വച്ഛന്ദമായി ജീവിതനിർവ്വഹണംചെയ്യുന്നതിനും കാലോചിതമായ തൊഴിലുകളിൽ പ്രവേശിച്ചു വിജയലക്ഷ്മിയുടെ ആശീർവ്വാദാനുഗ്രഹങ്ങളെ കൈക്കൂപ്പി വാങ്ങിക്കുന്നതിനും നിർവ്വാഹമുള്ളു. പ്രബലസമുദായങ്ങളുടെ അന്ധാചാരജടിലമായ ആചാരങ്ങളുടെ സമ്മർദ്ദനം അവശസമുദായാഭിവൃദ്ധിക്കു പ്രതിബന്ധമാകാതിരിക്കുന്നതിനാണ് ജാത്യൈക്യപരമായ സംഘടനയിൽ അവശസമുദായങ്ങൾ സാധാരണ നിലനിന്നുപ്രവർത്തിച്ചു പോരുന്നതു്. അവശസമുദായങ്ങൾക്ക് ക്ഷേത്രപ്രവേശനം പള്ളിപ്രവേശനം എന്നിത്യാദി അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ടല്ലോ. ഇതുകൊണ്ടുമാത്രം സവർണ്ണസമുദായങ്ങൾക്കു നമ്മോടുള്ള പതിത്വമനോഭാവം നശിക്കുന്നതല്ല. "മനുഷ്യത്വപരമായി അവർക്കു നമ്മോടുള്ള പെരുമാററത്തിൻെറ പ്രസക്തി വർദ്ധിപ്പിക്കുന്നതിനും ന്യായരഹിതമായുള്ള മർദ്ദനപരിശ്രമഫലങ്ങളെ തടയുന്നതിനും നമ്മുടെ ഏകീകരണസംഘടന അത്യന്താപേക്ഷിതമാണു്."

ഈഴവസമുദായത്തിൻെറ സംഘടനാപരമായ നിലകൊണ്ടല്ലയോ അവരെ നികൃഷ്ടരെന്നും അപരിഷ്കൃതരെന്നും അപലപിച്ചുപോന്നിരുന്ന സവർണ്ണഹിന്ദുക്കളും സവർണ്ണക്രിസ്ത്യാനികളും, ഇന്നു കൂട്ടപിടിക്കുവാൻ ബദ്ധശ്രദ്ധരായി കാണപ്പെടുന്നതു്. ഈഴവസമുദായം അവരുടെ വർഗ്ഗീയസംഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടു് ഏററവും ചുരുങ്ങിയ കാലത്തിനുള്ളിൽ സാമുദായികപരമായി അവർ സാധിച്ച കാര്യങ്ങൾക്കു നാമും ദൃക്സാക്ഷികളല്ലേ. സവർണ്ണസമുദായങ്ങളുടെ സമീപവാസികളും പാർശ്വവർത്തികളും ആയ നാം പതിത്വമുള്ളവരായിരിക്കുന്നതിന് . ഈ പരിഷ്കാരകാലത്തു പരിഷ്കൃ

തമാനസന്മാരായ അവക്ക താല്പൎയ്യമുണ്ടായിരിക്കമെന്നു വിചാരിപ്പാൻ ന്യായമില്ല. "നമ്മുടെ ന്യൂനതകളെ പറഞ്ഞു മനസ്സിലാക്കുന്നതിനും, അവശതകളെ പരിഹരിക്കുന്നതിനു വേണ്ട നിൎദ്ദേശങ്ങളും സഹായസഹകരണങ്ങളും ചെയ്തുതരുന്നതിനുമുള്ള ചുമതല അവക്കുകൂടി ഉണ്ടെന്നുള്ള വസ്തുത ഈ അവസരത്തിൽ വിസ്മരിക്കുന്നില്ല."

സുസംഘടിതമായ സംഘടനയില്ലാത്ത സമുദായങ്ങളുടെ നേരെ ധാൎമ്മികമല്ലാത്ത പ്രവൎത്തനങ്ങൾക്ക പ്രബലസമുദായങ്ങൾ ഒരുമ്പെടുക ലോകസഹജമാണ്. പ്രബലസമുദായങ്ങളുടെ ന്യായരഹിതമായ സ്വാധീനശക്തിയെ അതിലംഘിച്ചു ജീവിക്കുന്നതിനും നമ്മുടെ സമുദായം ക്രമോന്നതമായ മേൽഗതിയെ പ്രാപിക്കുന്നതിനും ജനൈക്യപരമായ സംഘടന വേണ്ടതുതന്നെയാണ്. നാം സംഘടനയില്ലാതെ തനിച്ചുനില്ക്കുമ്പോഴാണ് ഒരു കേൾവിയും കേൾപ്പോരും ഇല്ലാതെ എന്തും നമ്മോടു പ്രവൎത്തിക്കുന്നതിന് അധികൃതസമുദായങ്ങൾ ഒരുമ്പെടുന്നതു്? സൃഷ്ടിപരമായ കാൎയ്യപരിപാടിയനുസരിച്ചുള്ള സംഘടനാപ്രവൎത്തനം പരിപൂൎണ്ണതയിൽ എത്തുമ്പോൾ നമ്മുടെ സമുദായതാല്പൎയ്യങ്ങളെ കാലവിളംബമെന്നിയേ ഉൽകൃഷ്ടസമുദായങ്ങളും ബഹുമാനപ്പെട്ട ഗവൎമ്മെൻറും വകവച്ചുതരുമെന്നുള്ളതിനു പക്ഷാന്തരമില്ല. ഉയൎന്നുവരുന്ന ഒരു സമുദായത്തെ വേണ്ടതുപോലെയുള്ള ഒത്താശകളും ആനുകൂല്യങ്ങളും നൽകി അഭിവൃദ്ധിപ്പെടുത്തേണ്ടതു് പരിഷ്കൃതഗവൎമ്മെൻറിൻെറയും ഉൽകൃഷ്ടസമുദായങ്ങളുടെയും ധൎമ്മമാണല്ലോ. ലോകത്തിൽ അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള സമുദായങ്ങൾ സംഘടനാപരമായ അവരുടെ സാമുദായികജീവിതക്രമം

കൊണ്ടാണു പ്രസ്തുത സ്ഥാനത്തു എത്തീട്ടുള്ളതെന്നു ലോകചരിത്രം സാക്ഷീകരിക്കുന്നു. അവൎണ്ണരും അശക്തരും ആയ നമ്മുടെ അഭിവൃദ്ധിക്ക് അധികൃതസമുദായങ്ങളുടെ സഹകരണം ഏററവും അത്യന്താപേക്ഷിതമത്രേ. "എങ്ങിനെയെന്നാൽ സവൎണ്ണരായ അധികൃതസമുദായങ്ങൾ പരിഷ്കൃതലോകത്തിനു രുചിക്കാത്തതരത്തിലുള്ള അയിത്താചാരക്രമങ്ങളെ നിരാകരിച്ചു ജീവിതനിൎവ്വഹണം ചെയ്യുന്നതിനു സ്വയം തയ്യാറാവുന്നതുതന്നെ അവൎണ്ണസമുദായങ്ങളുടെ ഉദ്ധാരണമാൎഗ്ഗമാകുന്നു."

## ൧൦. നമ്മുടെ ജനസംഖ്യ.

തിരുവിതാംകൂറിൽ ധനസ്ഥിതിയിലും വിദ്യാഭ്യാസത്തിലും ഉയൎന്നുനില്ക്കുന്നവർ ജനസംഖ്യയിലും മികച്ചുനില്ക്കുന്നു. നമ്മുടെ ജനസംഖ്യയെ വിവിധമതശാഖാസമൂഹങ്ങൾ അവയോടു ചേൎത്തു പരിഗണിച്ചു ഗവമ്മെൻറിനെ ബോദ്ധ്യപ്പെടുത്തി അവരുടെ അഭിലാഷങ്ങൾ സാധിച്ചുപോരുന്നു. ഈദൃശമായ ഗമനം നമ്മുടെ വൎഗ്ഗീയപുരോഗതിയെ ശിഥിലപ്രായമാക്കുന്നു. നാം ജാതിപരമായ ഒരു സംഘടനയിൽനിന്നു നമ്മുടെ അവശതകളെ പരിഹരിക്കാത്ത കാലത്തോളം നമ്മുടെ വൎഗ്ഗത്തിൻെറ ഭാവി സുരക്ഷിതമല്ല.

ജനസംഖ്യാവൎദ്ധനവ് ഒരു സാമുദായികഅഭിവൃദ്ധിയെ കാണിക്കുന്നു. ജനസംഖ്യ ഒരു വൎഗ്ഗത്തിൻെറ ആത്മചൈതന്യശക്തിവിശേഷസംഗ്രഹമാകുന്നു. ജനസംഖ്യാപ്രാബല്യമില്ലാത്ത സമുദായങ്ങളുടെ അവശതകൾ ഗവ

മ്മെൻറു ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനും അവകാശാനുകൂല്യങ്ങൾ കരസ്ഥമാക്കുന്നതിനും വിഷമമാണു്. അതിനാൽ നമ്മുടെ ജനസംഖ്യ വിവിധമതസമൂഹങ്ങളുടെ അഭിമതമനുസരിച്ചു് പരിഗണിക്കുവാൻ പാടില്ലാത്തതുമാകുന്നു. "നാം ഏതു മതവിഭാഗങ്ങളെ ആശ്രയിച്ചുനിന്നാലും ജാതിപരമായ ഒരു സംഘടനയിൽനിന്നുകൊണ്ടു നമ്മുടെ വർഗ്ഗീയതാല്പര്യങ്ങളെ സംരക്ഷിക്കണം." തിരുവിതാംകൂറിലെ പ്രബലസമുദായങ്ങളായ നായന്മാരും, സിറിയൻക്രിസ്ത്യാനികളും, ഈഴവരും ധനസ്ഥിതിയിലും, വിദ്യാഭ്യാസത്തിലും, ജനസംഖ്യയിലും പ്രഥമസ്ഥാനത്തു നില്ക്കുന്നു എന്നുവരികിലും അവരുടെ വർഗ്ഗീയതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി വർഗ്ഗീയസ്ഥാപനങ്ങൾ ഏർപ്പെടുത്തി പ്രശസ്തമാംവണ്ണം നടത്തിവരുന്നില്ലേ? ജനസംഖ്യയിൽ, ഈഴവസമുദായത്തെ കഴിഞ്ഞാൽ വിവിധമതശാഖകളിൽ നില്ക്കുന്ന നമ്മുടെ വംശജരെ ആകമാനം കണക്കാക്കുന്നപക്ഷം അടുത്ത സ്ഥാനം നമുക്കുണ്ടെന്നു സെൻസസ്സ് റിപ്പോർട്ടിൻെറ വിശദീകരണവീക്ഷണംകൊണ്ടു തെളിയുന്നതാണു്.

നമ്മുടെ ജനസംഖ്യ ഭിന്നരൂപത്തിൽ പരിഗണിക്കുന്നതിനിടംകൊടുത്താൽ വരുന്ന അനുഭവങ്ങൾ നമുക്കു് ഇപ്പോഴുള്ള പരിതാപകരമായ അവശതകളെക്കാൾ പതിന്മടങ്ങായി വർദ്ധിക്കുമെന്നുള്ളതു് അവിതർക്കിതമാണു്.

ചേരമർജനതതി പൊതുവിൽ മതവിശ്വാസാചാരക്രമങ്ങളിൽ മാത്രം വിഭിന്നം. അതിനാൽ എല്ലാവർക്കും പൊതുവായി സാധിക്കേണ്ടതായ ലൗകികപരമായ സാദ്ധ്യതകൾക്കുവേണ്ടി മാത്രമെങ്കിലും സംഘടനാപരമായി നില്ക്കേണ്ടതാകുന്നു. മതോപദേശങ്ങൾ ഓരോരുത്തരെ

പ്രത്യേകം ബാധിക്കുന്നതും ആദ്ധ്യാത്മികപരവും ആകയാൽ വ്യക്തിസ്വാതന്ത്ര്യത്തിനു വിടേണ്ടതാകുന്നു.

ദൈവാരാധനയ്ക്കു ഒരു സംഘടനയുടെ ആവശ്യമില്ല. അതു സാമുദായികക്ഷേമത്തിനുപകരിക്കുന്നു. മനുഷ്യനും ദൈവവും അല്ലാതെ മറെറാരു സംഘടന—, മദ്ധ്യേപ്രവേശിക്കുന്നുവെങ്കിൽ അതു മോക്ഷാർഹമായ ജീവിതത്തിനു പ്രതിബന്ധമുണ്ടാക്കാവുന്നതാണ്. ദൈവവും മനുഷ്യനുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യൻ ലോകവുമായി ബന്ധപ്പെട്ടിരിക്കുന്നു. പുരുഷാർത്ഥങ്ങൾ സാധിച്ചു നിർവ്വാണസൗഖ്യം കരസ്ഥമാക്കേണ്ടതാണ് അവൻെറ ധർമ്മം. മനുഷ്യനു ലോകവുമായുള്ള ബന്ധത്തിൽ ലോകത്തെ ജയിച്ചു ബ്രഹ്മത്തിൽ ലയിക്കേണ്ട വശങ്ങളെ മതം ഘോഷിക്കുന്നു. മനുഷ്യർ തമ്മിൽതമ്മിൽ കലഹിക്കണമെന്നു മതം ഉൽഘോഷിക്കുന്നില്ല? മനുഷ്യനാൽ മാത്രം ഉണ്ടാക്കപ്പെട്ട ആചാരവിശ്വാസങ്ങൾ ഈശ്വരകല്പിതങ്ങളാണെന്നുള്ള വിശ്വാസമത്രേ മനുഷ്യനെ മനുഷ്യനിൽനിന്നും ദൈവത്തിൽനിന്നും അകററുന്നതു്. സവർണ്ണഹിന്ദുക്കളും സവർണ്ണക്രിസ്ത്യാനികളും സഹകരണമനോഭാവം നമ്മോടു പ്രകാശിപ്പിക്കുന്നതിനു വിമുഖരാണെങ്കിലും നമ്മുടെ ജനസംഖ്യ അവരോടുകൂടിയുൾപ്പെടുത്തി ഗവർമ്മെൻറാനുകൂല്യങ്ങൾ അവകാശപ്പെടുത്തി അനുഭവിക്കുന്നതിനു അവിശ്രാന്തമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇവിടുത്തെ ഉയർന്ന സമുദായങ്ങളായ നായന്മാരും സിറിയൻക്രിസ്ത്യാനികളുംമററും അവരുടെ ജനസംഖ്യ കുറവായതുകൊണ്ടാണോ ഇതരസമുദായങ്ങളെ കൂട്ടുപിടിക്കുന്നതിനു ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരിക്കുന്നതു്. അതിനാൽ ഒരുജാതിക്കാരായ നമുക്കു് ഏതു മതവിഭാഗത്തിൽ നില്ക്കു

ന്നുയെന്നുവരികിലും രാഷ്ട്രീയ അവകാശസമ്പാദനത്തി
നും സാമുദായിക പുരോഗമനപരിശ്രമങ്ങൾക്കും ഏകോ
പിച്ചു ജാത്യൈക്യപരമായ ചേരമർമഹാജനസഭയെന്നാ
സംഘടിതപ്രസ്ഥാനത്തിൽ നില്ക്കരുതോ?

വേദാന്തമോതുന്ന മുന്നണിയിൽ നില്ക്കുന്ന സവർണ്ണസ
മുദായങ്ങൾ വർഗ്ഗീയപ്രസ്ഥാനങ്ങളെ അഭയംപ്രാപിച്ചു
പുരോഗമനത്തിനുവേണ്ടി സംഘടനാപരമായി പരിശ്ര
മിക്കുന്നതുപോലെ നമുക്കും ചേരമർമഹാജനസഭയെന്നാ
ജനസംഖ്യാബഹുലമായ സംഘടിതപ്രസ്ഥാനത്തിൽനി
ന്നു പ്രവർത്തിക്കാം. ഗവമ്മെൻറാനുകൂല്യങ്ങൾ കരസ്ഥ
മാക്കുന്നതിനും, ഇതരസമുദായങ്ങളുടെ മർദ്ദനപരമായ
പ്രവർത്തനങ്ങളെയും ചൂഷണാദിനയങ്ങളെയും അമർച്ച
ചെയ്യുന്നതിനും പരിഷ്കൃതലോകം സ്വീകരിച്ചിട്ടുള്ള ഉ
പാധികളിൽ പ്രാഥമ്യം വഹിക്കുന്നതു് ജനസംഖ്യാധിക്യ
മുള്ള സുസംഘടിതപ്രസ്ഥാനങ്ങളല്ലേ?

## ൧൧. സംഘടനാരജിസ്ട്രേഷൻ

ഒരു ജാതിക്കാരായ ചേരമർ ജനതതി തിരുവിതാം
കൂറിൽ വിവിധതരത്തിലുള്ള ജാതീയനാമങ്ങളാൽ അറി
യപ്പെട്ടും, മതാചാരാനുഷ്ഠാനങ്ങൾക്ക് അധീനരായും നി
ലനിന്നുപോരുന്നു. നമ്മുടെ വർഗ്ഗത്തിലുള്ള വർഗ്ഗവി
ഭജനങ്ങളെ ആസ്പദമാക്കിയോ, അവലംബിച്ചു നിലനി
ന്നുപോരുന്ന മതസമൂഹങ്ങളെ അടിസ്ഥാനമാക്കിയോ,
മാത്രമുള്ള സംഘടനാപ്രസ്ഥാനങ്ങൾ (വർഗ്ഗവിഭജനപര
മായും, മതപരമായും) ഏർപ്പെടുത്തുന്നപക്ഷം അതു നമു

ക്ക് അഭിമാനകരമല്ലെന്നു മാത്രമല്ല, അവയൊന്നും നമ്മു ടെ ഉദ്ദേശമായ സമുദായപുരോഗമനത്തിനു പര്യാപ്തങ്ങ ളുമല്ല. ചേരമർമഹാജനസഭയെന്ന സംഘടിതപ്രസ്ഥാ നത്തിൽ ഉൾപ്പെട്ടു നില്ക്കുണ്ടവരുടെ വർഗ്ഗവിഭജനത്തെ ക്രോഡീകരിച്ചും അവരുൾപ്പെട്ടുനില്ക്കുന്ന വിവിധമതസ മൂഹങ്ങളെ ഉൾപ്പെടുത്തിയും സംക്ഷിപ്തമായ ഒരു ലിസ്റ്റ് താഴെക്കുറിക്കുന്നു.

| | | |
|---|---|---|
| വർഗ്ഗം— | പടിഞ്ഞാറൻപുലയർ | (ചേരമർ) |
| | കിഴക്കൻപുലയർ | ,, |
| | പുല്ലുപുലയർ | ,, |
| | തണ്ടപ്പുലയർ | ,, |
| | കണ്ണപ്പുലയർ | ,, |
| | കണക്കപ്പുലയർ | ,, |
| | വേട്ടപ്പുലയർ | ,, |

ഇനിയും ചേർക്കുവാനുണ്ട്.

ക്രിസ്തീയമതം—യാക്കോബായസമുദായത്തിലുൾപ്പെട്ടുനി ല്ക്കുന്ന ചേരമർ.

| | | |
|---|---|---|
| മാർത്തോമ്മാ | ,, | ,, |
| റോമൻകത്തോലിക്ക | ,, | ,, |
| ആംഗ്ലിക്കൻ | ,, | ,, |
| രക്ഷാസൈന്യം | ,, | ,, |
| ബ്രദർമിഷ്യൻ | ,, | ,, |
| പെന്തക്കോസ്ത് | ,, | ,, |
| ശാബതുമിഷ്യൻ | ,, | ,, |
| ലണ്ടൻമിഷ്യൻ | ,, | ,, |
| ലൂഥർമിഷ്യൻ | ,, | ,, |
| റസ്സൽ | ,, | ,, |
| പ്രത്യക്ഷരക്ഷദൈവസഭ | | ,, |

ഇനിയും ചേർക്കുവാനുണ്ട്.

ഹിന്ദുമതം— ആര്യസമാജസമുദായത്തിലുൾപ്പെട്ടുനില്ക്കു
ന്ന ചേരമർ.

| | | |
|---|---|---|
| ഹരിജനസേവാസംഘം | ,, | ,, |
| കേരള ഹിന്ദുമിഷ്യൻ | ,, | ,, |
| ഹിന്ദുമഹാജനസഭ | ,, | ,, |
| ആത്മബോധോദയസംഘം | | ,, |
| സംഘടന—സാധുജനപരിപാലനസംഘം | | ,, |
| ചേരമർസംഘം | ,, | ,, |
| പുലയമഹാജനസഭ | ,, | ,, |

ഇനിയും ചെൎക്കവാനുണ്ട്.

—എന്നിങ്ങനെ സംഖ്യാതീതങ്ങളായ സംഘടിത പ്രസ്ഥാനങ്ങളിൽ ജാത്യൈക്യപരമായ സംഘടനയില്ലാതെ നമ്മുടെ വംശജർ ഉൾപ്പെട്ടുനില്ക്കുന്നു. അതിനാൽ നമ്മുടെ വംശജരെ ആകമാനം ഉൾപ്പെടുത്തുന്ന ഒരു പൊതുസംഘടനയാണ് നമുക്ക് ആവശ്യമുള്ളതു്. ഇപ്പോഴെല്ലാവരും അംഗമായി ചേൎന്നില്ലെങ്കിലും എല്ലാവൎക്കും ഉൾപ്പെടത്തക്ക സാഹചര്യങ്ങളിൽകൂടെയാണ് നാം സംഘടന ഉറപ്പിക്കേണ്ടതു്. ഈഴവസമുദായത്തിലുള്ള അവാന്തരവിഭാഗങ്ങളെ ഏകീകരിക്കുന്നതിനുംകൂടെയാണ് എസ്സ്. എൻ. ഡി. പി. യോഗം. നായർസൊസൈററിയും അതുപോലെതന്നെ. ഹിന്ദുക്കളും ക്രിസ്തീയരും ആയ സാംബവർ യോജിച്ചു് അവരുടെ സംഘത്തെ ബഹുമാനപ്പെട്ട ഗവമ്മെൻറിനെ ബോദ്ധ്യപ്പെടുത്തി രജിസ്റ്റർചെയ്തു നടത്തിവരുന്നു. പല സ്ഥലങ്ങളിലായി നമ്മുടെ വംശജരുടെ ഇടയിലും സംഘടനാപരിശ്രമം കണ്ടുവരുന്നുണ്ട്. എന്നാൽ അവരിലധികംപേരും സങ്കുചിതമനസ്ഥിതിക്ക് അടിമപ്പെട്ട നമ്മുടെ ജാ

തിയുടെ പൊതുവിലുള്ള ഐക്യത്തെയും ജനസംഖ്യമാഹാത്മ്യത്തെയും വ്യക്തീകരിക്കുന്ന സംഘടന മതിയെന്നാണ് പ്രസ്താവിച്ചുപോരുന്നത്. ഇതത്ര ശരിയല്ല. നാം വർഗ്ഗീയസംഘടന ഏർപ്പെടുത്തുന്നപക്ഷം നമ്മുടെ വംശജൎക്ക് ആകമാനം ഉൾപ്പെടാവുന്ന ഒരു സംഘടനയാണു രജിസ്റ്റർചെയ്തു നടപ്പിൽ വരുത്തേണ്ടതു്. പടിഞ്ഞാറൻ പുലയൎക്കു (ചേരമർ) ആ വിഭാഗത്തിനു മാത്രവും, മററുള്ളവൎക്ക് അതേരൂപത്തിലും ഉള്ളതായഒരു സംഘടനയാണ് വേണ്ടതെന്നു ഓരോ വിഭാഗക്കാരും പ്രതിപാദിക്കുന്നു. മററു ചിലർ അവരവർ നില്ക്കുന്ന മതവിഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് സംഘടന വേണ്ടതെന്നു ശഠിക്കുന്നു. ഈദൃശമായ യാതൊരു സംഘടിതപ്രസ്ഥാനവും നമ്മുടെ സമുദായാഭിവൃദ്ധിക്കു നിശ്ശേഷം പററിയതല്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

നമ്മുടെ വർഗ്ഗീയസംഘടനയ്ക്കു സ്വീകരിക്കേണ്ട സംഘടനാനാമധേയത്തെ സംബന്ധിച്ചും ജനതാമദ്ധ്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതില്ല. ചേരമർ-ക്രിസ്തീയ അസ്സോസ്യേഷനെന്ന പേർ സ്വീകരിക്കണമെന്നാണു ചിലരുടെ അഭിലാഷം. സമസ്തകത്തോലിക്കചേരമർ മഹാജനതിരുസഭ എന്ന പേർ വേണമെന്നാണു മറെറാരുകൂട്ടരുടെ വാദം. ക്രൈസ്തവചേരമർ മഹാജനസംഘം എന്ന പേരിലാണ് വേറൊരുകൂട്ടരുടെ ഇഷ്ടം. അപ്പോഴിതാ മറെറാരുകൂട്ടർ ചേരമർ-ഹിന്ദുമഹാജനസഭയെന്നുവേണമെന്നു സിദ്ധാന്തിക്കുന്നു. ഒരു ന്യൂനപക്ഷവ്യക്തികൾക്കു പുലയമഹാജനസഭയെന്ന പേരിലാണു പക്ഷം. ഇങ്ങനെ നമ്മുടെവംശജരെ പലരൂപത്തിൽ ഗവമ്മെൻറിനാലും ഇതരസമുദായങ്ങളാലും പരിഗണിക്ക

പ്പെടാവുന്ന പ്രസ്ഥാനങ്ങളാണ് ആവിർഭവിച്ചുകൊണ്ടിരിക്കുന്നതു്. മുൻഉദ്ധരിച്ച സംഘടനാനാമധേയങ്ങളിൽ ചിലതിനെപ്പററി ചിലതു പ്രസ്താവിച്ചുകൊള്ളട്ടെ. മതസംജ്ഞകളോ, മതോപദേശങ്ങളോ ഒരു ജാതിക്കാക്കോ ഒരു രാജ്യക്കാക്കോ വസ്തുവിനു തീറാധാരം എഴുതുന്നതുപോലെ എടുക്കാവുന്നതാണോ എന്നു പര്യാലോചിക്കേണ്ടിയിരിക്കുന്നു. മേൽപ്രസ്താവിച്ച നമ്മുടെ വർഗ്ഗീയസംഘടനാനാമധേയങ്ങളിലെ ക്രിസ്ത്യൻ, ഹിന്ദു മുതലായസംജ്ഞകൾ. മതോപദേശാചാരക്രമങ്ങൾക്കു പ്രാധാന്യം കല്പിക്കാത്ത ഒരു വർഗ്ഗീയ സംഘടനയ്ക്കു ഉപയോഗിക്കുന്നതു ബുദ്ധിപൂർവ്വമാണോ? എന്നു അവഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു. മതസംജ്ഞകൾകൂടെ ഉൾപ്പെടുത്തി നമ്മുടെ വർഗ്ഗീയസംഘടന ഏർപ്പെടുത്തുന്നതിൽ മതാദ്ധ്യക്ഷന്മാർ വിപരീതബുദ്ധിയോടുകൂടി പരിഗണിക്കുന്നതിനുപോലും പര്യാപ്തമല്ലേ? എന്തിനു ചില കാഷായവേഷധാരികളും പുരോഹിതന്മാരും പേരിനു മാത്രമെങ്കിലും ഉണ്ടല്ലോ! എന്നുതന്നെയുമല്ല, നാം വർഗ്ഗീയസംഘടന ഏർപ്പെടുത്തുന്നതിൽ എന്തിനാണു പരിപാവനമതസംജ്ഞ ഉപയോഗിക്കുന്നതു്. പ്രത്യേകിച്ചു സവർണ്ണത്വം ആകാംക്ഷിക്കുന്ന നാം ആദ്ധ്യാത്മികപരമായ പ്രസ്ഥാനങ്ങളിലെങ്കിലും സവർണ്ണസമുദായങ്ങളോടു ഇടപെടുന്നില്ലേണ്ടതല്ലേ? നാം മതസംഘടന ഏർപ്പെടുത്താത്ത കാലത്തോളം നമ്മുടെ വർഗ്ഗീയ സംഘടനയ്ക്കു മതസംജ്ഞകൾ ഉപയോഗിക്കേണ്ട ആവശ്യമില്ലല്ലോ. മതാദർശാചാരക്രമങ്ങൾക്കു ബാധകമല്ലാത്ത ഉദ്ദേശത്തോടും നാമധേയത്തോടുംകൂടിയ വർഗ്ഗീയസംഘടന ഏർപ്പെടുത്തി സമുദായാഭിവൃദ്ധിക്കുവേണ്ടി

പരിശ്രമിക്കുന്നപക്ഷം വിവിധമതസംഘടനകളുടേയും പ്രബലസമുദായങ്ങളുടേയും, ബഹുമാനപ്പെട്ട ഗവമ്മെൻറിൻേറയും കൂടുതൽപ്രതിപത്തിയ്ക്കും അനുകമ്പാമസൃണമായ പെരുമാററങ്ങൾക്കും വശംവദരായിത്തീരുമെന്നുള്ളതിനു പക്ഷാന്തരമില്ലല്ലോ. ഗവമ്മെൻേറാ ഇതരസമുദായങ്ങളോ നമ്മെ ഭിന്നരൂപത്തിൽ—നമ്മുടെ ഇടയിലുള്ള ചില പരിതസ്ഥിതികൾനിമിത്തം—പരിഗണിക്കുന്നുണ്ടായിരിക്കാം. എന്നാൽ ഒരു ജാതിക്കാരായ നാം വിഭിന്നങ്ങളായ വർഗ്ഗീയസംഘടനകൾ മുഖേന ഗവമ്മെൻറിനെ ബോദ്ധ്യപ്പെടുത്തി നമ്മെ പലരൂപത്തിൽ പരിഗണിച്ചുകൊള്ളുന്നതിനു വ്യവസ്ഥാപിതമായ ഒരു രജിസ്റ്റ്രേഷൻമൂലം സമ്മതിച്ചുകൊടുക്കുന്നതു ശരിയാണോ? നായർ സൊസൈററി, എസ്സ്. എൻ. ഡി. പി. യോഗം മുതലായ വർഗ്ഗീയസ്ഥാപനങ്ങൾ അതതുസമുദായങ്ങളെ ആകമാനം പ്രതിനിധീകരിക്കുന്ന പ്രസ്ഥാനങ്ങളായിട്ടല്ലേ പരിലസിക്കുന്നതു്. അതുപോലെതന്നെ ഹിന്ദുക്കളും ക്രിസ്ത്യാനികളുമായ സാംബവർ മതവ്യത്യാസങ്ങളെ പരിഗണിക്കാതെ അവരുടെ കുലത്തെ അടിസ്ഥാനപ്പെടുത്തി സാംബവർസംഘം രജിസ്റ്റർചെയ്തു പ്രശസ്തമാംവണ്ണം നടത്തിവരുന്നു. അതുപോലെ നമുക്കും നമ്മുടെ വംശജരെ ആകമാനം ഏകോപിപ്പിക്കാവുന്ന ചേരമർമഹാജനസഭയെന്ന പ്രസ്ഥാനം രജിസ്റ്റർചെയ്തു സംഘടന വർദ്ധിപ്പിച്ചു തിരുവിതാംകൂർ മുഴുവൻ പ്രചാരത്തിൽ വരുത്തുകയല്ലേ വേണ്ടതു്.

### പുലയപക്ഷവാദികളോട് ഒരു അഭ്യർത്ഥന!

* പുലയർ എന്ന പദത്തിനു തീണ്ടലുള്ളവർ (അശുദ്ധർ) എന്നർത്ഥം ഗവമ്മെൻറു സ്വീകരിച്ചിരിക്കുന്നതായി തി

* തിരുവിതാംകൂർ ഭരണറിപ്പോർട്ടു 2-ാം വാല്യം 403-ാം പുറം.

രുവിതാംകൂർ ഭരണറിപ്പോർട്ടുമൂലം അറിയുന്നു. പ്രസ്തുത നാമധേയം നമുക്ക് അഭിമാനകരമല്ലെന്നു ബഹുമാനപ്പെട്ട ഗവമ്മെൻറിനുകൂടി ബോദ്ധ്യപ്പെട്ടതുകൊണ്ടാണല്ലോ ചേരമർ എന്ന യഥാൎത്ഥമായ നമ്മുടെ ജാതീയനാമം ഗവമ്മെൻറുകൂടി അംഗീകരിച്ചു പ്രചാരത്തിൽ വരുത്തീട്ടുള്ളതു്. ജീവിതരണാങ്കണത്തിൽ വിശേഷിച്ചു പരിഷ്ക്കാരവൎദ്ധനവിനോടുകൂടി പേരുകളും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. കുറച്ചുകാലംമുമ്പുവരെ ഉണ്ണിക്കോരൻ, കാകൻ, കങ്കാളി, കോരമ്പി, കണ്ടൻകാളി, ഇട്ടിണ്ടാൻ, ചീതങ്കൻ, പൂവഞ്ചൻ, ഉണ്ണിച്ചിരുത, കോത, മാണി, ചരത, ഓന, കുഞ്ഞാട, പൊനവ എന്നിങ്ങനെയുള്ള പേരുകൾ നമ്മുടെ ഇടയിൽ നടപ്പുണ്ടായിരുന്നു. എന്നാൽ ഇന്നാവട്ടെ ഗോപാലൻ, മാധവൻ, ഭാൎഗ്ഗവി, കല്യാണി, കമലാക്ഷി എന്നിങ്ങനെയുള്ള പേരുകളാണധികവും നമ്മുടെയിടയിൽ പ്രചാരത്തിലിരിക്കുന്നതു്. പിതാവിൻെറയോ, മാതാവിൻെറയോ, അവരുടെ അച്ഛനമ്മമാരുടെയോ, അമ്മാവന്മാരുടെയോ മറ്റു് അടുത്ത ബന്ധുമിത്രങ്ങളുടെയോ പേരുകൾ തങ്ങളുടെ സന്താനങ്ങൾക്കിടുക എന്നുള്ള ഒരു പതിവു നമ്മുടെയിടയിലും സാധാരണ നടപ്പുണ്ടല്ലോ. എന്നാൽ പൂൎവ്വികന്മാരുടെ അവജ്ഞ ജനിക്കുന്നതിനു പൎയ്യാപ്തമായ പേരുകൾ (മുൻഉദ്ധരിച്ചപ്രകാരത്തിലുള്ളവ) അധികവും സ്വീകരിച്ചുകാണുന്നില്ല. ഈഴവസമുദായങ്ങളുടെയിടയിൽതന്നെ ഇപ്പോൾ അധികവും പ്രചാരത്തിലിരിക്കുന്നതു് സവൎണ്ണസമുദായങ്ങളുടെയിടയിൽ നടപ്പുള്ള പേരുകളാണല്ലോ. ഇതിൻെറ അൎത്ഥമെന്താണ്? അഥവാ **കാരണം!** ജനതാമദ്ധ്യത്തിൽ അവജ്ഞ ജനിക്കുന്നതിനിടയായിട്ടുള്ള നാമകരണങ്ങൾ പരിഷ്കൃതരും

പരിഷ്ക്കാരകാംക്ഷികളുമായ ജനതതി നിരാകരിക്കുന്നു. നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ട് ഇന്നു ന മുക്കു ഗവമ്മെൻറധീനതയിലുള്ള സവ്വക്ഷേത്രങ്ങളിലും പ്രവേശനവും ആരാധന നടത്തുന്നതിനു അനുമതിയും നൽകീട്ടുണ്ടല്ലോ. പുലയർ ക്ഷേത്രത്തിൽ പോയതു കൊണ്ടു പുലയർ എന്ന പദത്തിനുള്ള നീചാത്ഥമോ അ വജ്ഞയോ ജനതാമദ്ധ്യത്തിൽനിന്നു വിട്ടുപോകുന്നതാ ണോ? അമ്പലത്തിൽ പോയി ഈശ്വരാരാധന നട ത്തുന്നതിനു സ്വാതന്ത്ര്യമുണ്ടായിരുന്ന സമയത്താണ് ശൂദ്രർ എന്ന പേരു തങ്ങൾക്ക് അഭിമാനകരമല്ലെന്നു അധികാരസ്ഥാനത്തു ബോദ്ധ്യപ്പെടുത്തി; വേണ്ട എഴ ത്തുകുത്തുകൾ ചെയ്തു് നായകന്മാർ എന്നർത്ഥമുള്ള നായന്മാർ എന്ന പേർ അവർ സ്വീകരിച്ചതു്. ശൂദ്രർ എന്ന പദത്തിനു പാദസേവകൻ എന്ന അ ത്ഥം ചരിത്രരേഖകളിലുംമററും ഉണ്ടായിരുന്നതുകൊ ണ്ടാണ് അവർ ആ നാമത്തെ നിരാകരിച്ചു നായന്മാ ർ എന്ന അഭിമാനകരമായ പേർ സ്വീകരിക്കുവാ ൻ കാരണമായതു്. അതുപോലെ അശുദ്ധൻ, തീ ണ്ടുള്ളവൻ, എന്നത്ഥമുള്ള പുലയനെന്ന പദം നമുക്ക് അഭിമാനകരമല്ലാത്തതുകൊണ്ട് ഈ രാജ്യത്തെ പൂവ് നിവാസികളായ നമുക്കു പൗരാണിക ചരിത്രങ്ങളിൽ ഘോഷിക്കപ്പെട്ടിട്ടുള്ളതും ബഹുമാനപ്പെട്ട ഗവമ്മെൻറു അംഗീകരിച്ചിട്ടുള്ളതുമായ ചേരമർ എന്ന നമ്മുടെ യ ഥാത്ഥമായ ജാതീയനാമം സ്വീകരിക്കുന്നതിൽ എന്താ ണു വൈഷമ്യമുള്ളതു്. അതുകൊണ്ടു ജാത്യൈക്യപരമാ യ നമ്മുടെ വഗ്ഗീയ സംഘടനയും ചേരമർ മഹാജനസ ഭ എന്ന പേരിൽതന്നെയാണ് രജിസ്റ്റർചെയ്തു പ്രചാര ത്തിലാക്കേണ്ടതു് എന്നു വിശേഷിച്ചു പറയണമെന്നി

ല്ലല്ലോ. സഭ എന്ന പദത്തിന്റെ സഭ്യമായ കൂട്ടമെന്ന ല്ലേ അത്ഥം. നമ്മുടെ ആളുകൾ ഇപ്പോൾ സഭ എന്ന പദത്തിൽ പ്രത്യേക പ്രതിപത്തിയുള്ളവരായി കാണുന്നു. ഹൈന്ദവചേരമരുടെ ഇടയിൽ ചേരമർ ഹിന്ദുമഹാജനസഭയും പുലയമഹാജനസഭയും സവിശേഷം പരിലസിക്കുന്നു. ക്രൈസ്തവചേരമരെല്ലാം ക്രിസ്തീയസഭകളിൽ നിലനില്ക്കുന്നു. അങ്ങിനെ നമ്മുടെ ആളുകൾ ആയ ഹിന്ദുക്കളും ക്രിസ്ത്യാനികളും ഓരോ സഭകളിൽ ഉൾപ്പെട്ടുനില്ക്കുന്നവരാകകൊണ്ട് മതത്തിന്റെ ചുവയ്ക്കു വ്യാപ്തികൊടുക്കാത്ത രൂപത്തിൽ സഭ എന്ന സംജ്ഞ ഉൾപ്പെടുത്തിയും, ഗവമ്മെന്റ് അംഗീകരണത്തോടുകൂടി നാം സ്വീകരിച്ചിരിക്കുന്നതും നമ്മുടെ പൂർവികകുലനാമവും ആയ ചേരമർ എന്ന പദം ചേർത്തും ചേരമർമഹാജനസഭ എന്ന പേരു നമ്മുടെ വർഗ്ഗീയസംഘടനയ്ക്കു പററിയതാണെന്നു വിചാരിക്കുന്നു. സംഘം എന്ന പദത്തെക്കാൾ പ്രയോഗത്തിലുള്ള പ്രചാരവിശേഷംകൊണ്ടു അർത്ഥവ്യാപ്തിയും സഭ്യതയും അദ്വൈതപരമായ അർത്ഥത്തെ പ്രദ്യോതിപ്പിക്കുന്നതുമത്രേ സഭ എന്ന അക്ഷരസംഘം.

നമ്മുടെ സമുദായത്തെ ആകമാനം പ്രതിനിധീകരിക്കുന്ന ഒരു പൊതുസംഘടനയില്ലാത്തതുകൊണ്ടു സമുദായാംഗങ്ങളുടെ സന്മാർഗ്ഗസ്ഥിതിതന്നെ ദുഷിച്ചുപോകുന്നതിനു പര്യാപ്തമായ പരിതസ്ഥിതികളും ഇല്ലാതില്ല. സംഘടനാരഹിതവും വിഭിന്നമതസംഘടനകളിൽ ഉൾപ്പെട്ടുനില്ക്കുന്നതുകൊണ്ടും ചേരമർജനതതിയെ സാമുദായികക്ഷേമത്തിനു ഉപകരിക്കുന്ന ക്രമീകരണവ്യവസ്ഥക

ളാൽ നിയന്ത്രിക്കുവാൻ സാധിക്കാതെവരുന്നു. അതിനാൽ ധാർമ്മികമല്ലാത്ത ബഹുഭാര്യാസ്വീകരണസമ്പ്രദായങ്ങൾ സമുദായാംഗങ്ങളിൽ ധാരാളം നടക്കുന്നു. എങ്ങിനെയെന്നാൽ ഏതെങ്കിലും ഒരു മതവിഭാഗത്തിൽ ചേർന്നിന്ന് അവിടെനിന്നും ഒരു ഭാര്യയെ നിയമാനുസരണം സ്വീകരിക്കുന്നു. രണ്ടുനാലു സന്താനങ്ങൾ ജനിച്ചു കഴിയുമ്പോൾ ആ സമുദായത്തെയും പ്രസ്തുത സഹധർമ്മചാരിണിയേയും നിരാകരിക്കുന്നു. മറെറാരു മതം സ്വീകരിക്കുന്നു. അവിടെനിന്നും വേറൊരു കന്യകയെ പാണിഗ്രഹണംചെയ്യുന്നു. ജനിക്കുന്നു, കുട്ടികൾഒന്നുരണ്ടു മുറപോലെ. കുറെ കഴിഞ്ഞു് ആ മതം വിടുന്നു. ഉടനേ തന്നെ പ്രസ്തുത മഹാത്മാവിനു മറെറാരു മതം സ്വാഗതമരുളുന്നു. അവിടെനിന്നും വേളി ഒന്നു്. കുട്ടികളും മുറമുറയായി ജനിക്കുന്നു. ഈദൃശനടപടികൾ ധാരാളം അവശസമുദായമായ നമ്മുടെയിടയിൽ നടക്കുന്നതിൻെറ കാരണം ജാത്യൈക്യപരമായ പൊതുസംഘടനയില്ലാത്തതുകൊണ്ടല്ലേ? ഇപ്രകാരമുള്ള ക്രമക്കേടുകൾക്കു ഗവമ്മെൻറിനെ സമീപിച്ചു വേണ്ട പരിഹാരമാൎഗ്ഗം ഉണ്ടാക്കുന്നതിന് പണമോ പരിജ്ഞാനമോ നമ്മുടെ ആളുകൾക്ക് ഒട്ടും ഇല്ലതാനും. ഒരു ജാതിക്കാരായ നാം പൊതുസംഘടനയിൽ ഉൾപ്പെട്ടുനിൽക്കുന്നപക്ഷം മതപരിവത്തനംചെയ്തു മറെറാരു മതത്തിൻെറ തണലിൽ നിന്നുകൊണ്ടു് നടത്തിവരുന്ന ദുർമ്മാർഗ്ഗനടപടികൾക്ക് ഒട്ടു ശമനമുണ്ടാകും. ഇങ്ങിനെയുള്ള അസാന്മാൎഗ്ഗിക നടപടികൾക്ക് അധീനരായ സമുദായ അംഗങ്ങളിൽ ആത്മാഭിമാനമോ ഉല്ക്കർഷപ്രസക്തിയോ ഉണ്ടായിരിക്കുന്നതല്ലല്ലോ. അതിനാൽ നമ്മുടെ സാമുദായിക അഭിവൃദ്ധിക്ക് ഉപയുക്തമായ ക്രമീകരണവ്യവസ്ഥക

ളെ അടിസ്ഥാനപ്പെട്ടത്തി ഒരു പൊതുസംഘടന നമുക്ക് അത്യാവശ്യമല്ലേ? തിരുവിതാംകൂറിൽ എന്നു മാത്രമല്ല, ലോകത്തിലെവിടെയും അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള എല്ലാ പരിഷ്കൃതസമുദായങ്ങളും ക്രമീകരണവ്യവസ്ഥകളാൽ അലങ്കരിക്കപ്പെട്ട പൊതുസംഘടനകളിൽ നിൽക്കുന്നു. അതിനാൽ നമുക്കു അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള പരിഷ്കൃതസമുദായങ്ങളെ മാതൃകയായി അനുകരിച്ചു നമ്മുടെ വർഗ്ഗത്തെ ആകമാനം പ്രതിനിധീകരിക്കുന്ന ചേരമർമഹാജനസഭ എന്ന സംഘടിതപ്രസ്ഥാനത്തിൽനിന്നുകൊണ്ടു നമ്മുടെ അഭിവൃദ്ധിക്കായി പരിശ്രമിക്കാം.

നാം ജനസംഖ്യാബഹുലമായ ഒരു സംഘടനയിൽ ഉൾപ്പെട്ടുനില്ക്കുന്നു എന്നു കാണുമ്പോൾ സവർണ്ണസമുദായങ്ങൾക്കു നമ്മോടുള്ള പതിതമനോഭാവവും, സഹകരണക്കുറവും, നമ്മുടെനേരെ അവക്കുള്ള സംശയകലുഷിതമായ വീക്ഷണങ്ങളും തന്നത്താനേ നിരാകരിക്കുന്നതിനു അവർ നിർബ്ബന്ധിതരായിതീരുമെന്നുള്ളതിന്നു പക്ഷാന്തരമില്ല.

ക്രൈസ്തവചേരമരുടെയും ഹിന്ദുചേരമരുടെയും ഇടയിൽ ചില കുശാഗ്രബുദ്ധികളുടെ പരിശ്രമഫലമായി പ്രബലമായ ചില വാദങ്ങൾ നടന്നുവരുന്നതായി കേൾക്കുന്നു. ഹിന്ദുക്കളും ക്രിസ്ത്യാനികളുമായ, ചേരമർ ജനതതിജാത്യൈക്യപരമായ ഒരു പൊതുസംഘടനയിൽ ഉൾപ്പെട്ടുനില്ക്കുന്നതിനു ഗവമ്മെൻറ് അനുവദിക്കയില്ലെന്നു ചിലർ കൊട്ടിഘോഷിക്കുന്നു. ഒരു ജാതിക്കാരായ നാം ഭിന്നസംഘടനകളിൽ നില്ക്കണമെന്നു ഗവമ്മെൻറു നിർദ്ദേശിച്ചേക്കാനിടയുണ്ടു എന്നു പറയുന്നതു എത്രയോ

മൗഢ്യമായ ഒരു അഭിപ്രായമാണ്. പരിഷ്കൃതലോകവുംപരിഷ്കൃതഗവമ്മെൻറുകളും ജാതിമതാദിസംഘടനകൾ കഴിയുന്നതും കുറച്ചു കഴിച്ചുകൂട്ടണമെന്നു കരുതി പരിശ്രമിക്കുന്നു. പരിഷ്കൃതങ്ങളായ നവീനാശയങ്ങളെ സ്വീകരിക്കുന്നതിനും, അവയെ പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുന്നതിനും സദാ ബദ്ധശ്രദ്ധമായിരിക്കുന്ന ഒരു ഗവമ്മെൻറാണു നമുക്കുള്ളതു്. ഭിന്നജാതികളുടെയും മതങ്ങളുടെയും ഏകീകരണത്തെ നമ്മുടെ ഗവമ്മെൻറു കാംക്ഷിക്കുന്നു. പലമതസംഘടനകളിൽനില്ക്കുന്ന നാം വർഗ്ഗീയപരമായി യോജിക്കുന്നതിനുദ്യമിക്കുന്നു എന്നു കേൾക്കുന്നമാത്രയിൽ, വേണ്ട സഹായസഹകരണങ്ങൾ ബഹുമാനപ്പെട്ട ഗവമ്മെൻറിൽനിന്നും ലഭിക്കുവാൻ ഇടയുണ്ടെന്നുള്ളതു തക്കമററ സംഗതിയാകുന്നു. ജാതികളുടെയും മതങ്ങളുടെയും ഏകീകരണത്തിനായി എല്ലാ പരിഷ്കൃതഗവമ്മെൻറുകളും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഒരു ജാതിക്കാരായ നമ്മെ സഹോദരസ്നേഹത്തിനു വിരുദ്ധയരായ പല മതക്കാരും, ജാതിക്കാരും (വർഗ്ഗക്കാരും) സമാജക്കാരുമാക്കിത്തീക്കുന്നതിനു പയ്യാപ്തമായ ഒരു സംഘടന നമുക്കു അഭിമാനകരമാണോ? എന്നു തന്നെയുമല്ല, അതു നമ്മുടെ സാമുദായികക്ഷേമത്തിന് ഉപയുക്തവുമാണോ? ഒരു വർഗ്ഗക്കാരായ നാം പല വിഭാഗങ്ങളായി സംഘടന ഏപ്പെടുത്തുന്നപക്ഷം വിവിധങ്ങളായ വർഗ്ഗീയസംഘടനകളുടെയും മതസമൂഹങ്ങളുടെയും സംഖ്യാധിക്യത്തെ കഴിയുന്നതും ലഘൂകരിക്കണമെന്നുള്ള ആദർശത്തെ മുൻനിറുത്തി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഗവമ്മെൻറ് അവയെ വേണ്ടതുപോലെയോ വേണ്ടിടത്തോളമോ സഹായിയിക്കുമോ എന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. നമ്മുടെ സമുദായത്തെ

ആകമാനം സംയോജിപ്പിക്കുന്നതിനു പര്യാപ്തവും ജന സംഖ്യാബഹുലവുംആയ ഒരു സാമുദായികസംഘടനയ ല്ലേ നമുക്കു വേണ്ടതു്. നമ്മെ പുത്രനിർവ്വിശേഷമായി സ്നേഹിച്ചു സഹായ സഹകരണങ്ങളാൽ നമ്മുടെ ഉൽക്ക ർഷോദ്യമങ്ങളെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടിരിക്കുന്ന രാ ജർഷിയായ നമ്മുടെപൊന്നുതിരുമേനിതന്നെയും, ഒരുജാ തിക്കാരായ നാം ഒന്നിലധികം വർഗ്ഗക്കാരും മതാവലം ബികളുംആയിത്തീരുന്നതിനു പര്യാപ്തമായ വർഗ്ഗീയസം ഘടനകളേർപ്പെടുത്തുന്നതിൽ അസുഖം പ്രദർശിപ്പിക്കുവാ ൻ ഇടയായേക്കാമെന്നുള്ളതിനു രണ്ടുപക്ഷമില്ല. അ തിനാൽ നമ്മുടെവർഗ്ഗക്കാരെയെല്ലാം ബന്ധിക്കുന്നതായ ചേരമർ മഹാജനസഭയെന്ന പ്രസ്ഥാനത്തിനു പ്രത്യേ കാൽ രാജകീയാനുമതിക്കും ഗവമ്മെൻറു ആനുകൂല്യങ്ങ ൾക്കും കൂടുതൽ പാത്രീഭൂതരാകുവാൻ ഇടയുണ്ടെന്നുള്ള സുവിശേഷവാർത്തയെ വിശേഷാൽ പ്രസ്താവിച്ചുകൊള്ളു ന്നു. ബഹുമാനപ്പെട്ട ഗവമ്മെൻറിൽനിന്നും അവശ സമുദായോദ്ധാരണത്തിനായിസ്വീകരിക്കേണ്ട നയം, വർഗ്ഗീയസംഘടനകൾമുഖേന അവശസമുദാ യോദ്ധാരണാർത്ഥം ഗവമ്മെൻറു ആനുകൂല്യങ്ങൾ വിതര ണം ചെയ്യുന്നതാണ്, അവശ സമുദായപുരോഗമനത്തിനു പററിയമാർഗ്ഗം. മതസംഘടനകൾവഴിയായോ തത്തുല്യ ങ്ങളായ ആദർശങ്ങളോടുകൂടി പ്രവത്തിക്കുന്ന സമൂഹ ങ്ങളിൽകൂടിയോ ഗവമ്മെൻറു ആനുകൂല്യങ്ങൾ വിതര ണംചെയ്യുന്നപക്ഷം അതു് അവശസമുദായസംരക്ഷണ ത്തിനു പര്യാപ്തമല്ല. ബഹുമാനപ്പെട്ട ഗവമ്മെൻറിൽനി ന്നും നിയമിക്കപ്പെട്ടിട്ടുള്ള അവശസമുദായസംരക്ഷക ൻെറ അധീനതയിലും, അദ്ദേഹത്തിൻെറ ആദർശങ്ങളും നിർദ്ദേശങ്ങളുമനുസരിച്ചും വർഗ്ഗീയസംഘടനകൾ വ

ഗ്ഗീയതാല്പൎയ്യങ്ങളെ പരിരക്ഷിക്കേണ്ടതാകുന്നു. ഒരു വൎഗ്ഗത്തിനോ ഒരു സമുദായത്തിനോ വിവിധങ്ങളായ സംഘടനകൾക്കു ഗവൎമ്മെൻറു അനുമതിയോ സഹായസഹകരണങ്ങളോ കൊടുത്തുകൂടാ. അഥവാ അങ്ങിനെ കൊടുക്കുന്നതിനിടയായാൽ അങ്ങിനെയുള്ള സംഘടനകളെ ഗവൎമ്മെൻറുതന്നെ സംയോജിപ്പിച്ചു ഒരു സംഘടനയിൽ വരുത്തേണ്ടതുമാകുന്നു. അതിനു ഗവൎമ്മെൻറ് ഒരുമ്പെടാത്തപക്ഷം ഗവൎമ്മെൻറിനു കൂടുതൽ ധനവ്യയത്തിനും, സംഘടനാകക്ഷികൾ തമ്മിൽ കലഹിക്കുന്നതിനും, സമുദായോല്ക്കൎഷത്തിനു പകരം അപകൎഷത്തിനും ഇടയാകുന്നതാണ്. സുസംഘടിതമായ ഒരു പ്രസ്ഥാനമെന്നു ബോദ്ധ്യപ്പെടാത്ത യാതൊരു വൎഗ്ഗീയസംഘടനങ്ങൾക്കും ഗവൎമ്മെൻറു പ്രത്യേക അനുകൂല്യമോ സൗജന്യമോ നൽകേണ്ടതുമില്ല. സംഘടനാപ്രവൎത്തകന്മാരുടെ ന്യായരഹിതമായ പ്രേരണാശക്തികൾക്കു ഗവൎമ്മെൻറു വശംവദരാകാതെ ഗവൎമ്മെൻറിൽനിന്നും വിതരണംചെയ്യുന്ന സഹായസഹകരണങ്ങൾ സമുദായ അംഗങ്ങൾക്കു പൊതുവിൽ ലഭിക്കുന്നുണ്ടോ എന്നു നിഷ്പക്ഷാപൂൎവ്വം അന്വേഷിക്കേണ്ടതുമാണ്. ഇപ്രകാരം അവശസമുദായോദ്ധാരണാൎത്ഥം പരിശ്രമിക്കുന്നതിനിടംകൊടുത്താൽ അവശസമുദായങ്ങളുടെ സൎവ്വാവശതകളും നാമാവശേഷം ആകുന്നതിന് അധികകാലം വേണ്ടിവരുന്നതല്ല.

ചേരമർ മഹാജനസഭ എന്ന പൊതുസംഘടനയിൽനിന്നുകൊണ്ടു സാമുദായികാഭിവൃദ്ധിക്കായി പ്രവൎത്തിക്കുന്നപക്ഷം അതിൻെറ പ്രയോജനം സമുദായഅംഗങ്ങൾക്ക് ആകമാനം ലഭ്യമാകുന്നതിനും ജനസംഖ്യാബഹുലമായ ഒരു സംഘടനയായതുകൊണ്ടു സാമുദായികാ

വശതകളുടെ സൂക്ഷ്മവിവരം ഗവൎമ്മെൻറു ദൃഷ്ടിയിൽ പ്പെടുത്തുന്നതിന വളരെ എളുപ്പവും, രാഷ്ട്രീയഅനുകൂല്യ ങ്ങഠം നിഷ്പ്രയാസം കരസ്ഥമാക്കുവാൻ സാധിക്കുമെന്നു ള്ളതും അവിതൎക്കിതമാണല്ലൊ. നമ്മുടെ വൎഗ്ഗീയസംഘ ടനയ്ക്കു മതസംജ്ഞകളെക്കൂടി ഉഠംപ്പെടുത്തണമെന്നു അ ത്ര നിൎബ്ബന്ധമുള്ളപക്ഷം ചേരമർ മഹാജനസഭയുടെ ഉപസഭകളായി ക്രൈസ്തവചേരമർ മഹാജനസഭയും ചേരമർഹിന്ദുമഹാജനസഭയും നിന്നുകൊള്ളട്ടെ. അതി ലും തെററില്ല. മതസംജ്ഞകളെ ചേൎക്കാതെ ചേരമർ മഹാജനസഭ എന്നപേരിൽ നമ്മുടെ വൎഗ്ഗീയ സംഘട ന നായർസൊസൈററി, എസ്. എൻ. ഡി. പി. യോ ഗം, സാംബവർ സംഘം എന്നിവകഠം രജിസ്റ്റർചെയ്തി രിക്കുന്നതുപോലെ "തല്ക്കാലസ്ഥിതിഗതികളെ പരിഗ ണിച്ചു" നമ്മുടെജാത്യൈക്യപരമായ സംഘടനയും രജി സ്റ്റർചെയ്യുന്നതാണുത്തമം. നമ്മുടെ സമുദായത്തിനു പൊതുവിൽ സാധിക്കേണ്ടസാമുദായികതാല്പൎയ്യങ്ങഠം നി രവധിയാണ്. ചേരമർ മഹാജനസഭ എന്ന പൊതു സംഘടനയിൽ നില്ക്കുന്നപക്ഷം ചേരമരായ ഹിന്ദുക്കളും ക്രിസ്ത്യാനികളും അവരുഠംപ്പെട്ടുനില്ക്കുന്ന മതസമൂഹങ്ങ ളിൽനിന്നും അനുഭവിക്കുന്നതായ അവശതകളെയും അ സമത്വങ്ങളെയും നിഷ്പ്രയാസം പരിഹരിക്കാവുന്നതാ ണ്. എങ്ങനെയെന്നാൽ ചേരമർ മഹാജനസഭയിൽ നിന്നുകൊണ്ടു ക്രൈസ്തവചേരമൎക്കു ന്യായമായി ലഭിക്കേ ണ്ട അവകാശങ്ങളെയും അവർ അനുഭവിച്ചുകൊണ്ടിരി ക്കുന്ന അസമത്വങ്ങളെയും അവശതകളെയും ക്രൈസ്തവ മതസമൂഹങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനൊരുമ്പെടുന്ന പക്ഷം ആയതിനു നിവാരണമാൎഗ്ഗം പെട്ടെന്നുണ്ടാകാ

മെന്നുള്ളതിനു രണ്ടുപക്ഷമില്ല. അതുപോലെതന്നെ ഹൈന്ദവചേരമർക്കും മതസംഘടനകളിൽ അവർക്കുള്ള അസമത്വങ്ങളും മററും ചേരമർ മഹാജനസഭ എന്ന പൊതുസംഘടനയിൽ ഉൾപ്പെട്ടുനില്ക്കുന്നതായാൽ നിഷ്പ്രയാസം അവ പരിഹരിക്കാവുന്നതുമാണ്. ചേരമർ മഹാജനസഭ എന്ന വർഗ്ഗീയ സംഘടനയിൽ നാം ഏകോപിച്ചു നില്ക്കുന്നതായാൽ വിവിധമതസംഘടനകളിലുള്ള സവർണ്ണസമുദായങ്ങളെല്ലാം നമ്മെ വേണ്ടതുപോലെ സഹായിക്കുന്നതിന് ഉത്സുകരും നിർബന്ധിതരുമായിവരാം. "ജനസംഖ്യാബഹുലമായ ഒരു സംഘടനാപ്രസ്ഥാനം ഇതരസമുദായങ്ങളുടെ മതിപ്പിന്നും, ഗവർമ്മെൻറു കാര്യമായി പരിഗണിക്കുന്നതിന്നും, അവശതാപരിഹാരാർത്ഥമുള്ള പരിശ്രമങ്ങൾ ഫലപ്രദമാകുവാനും പര്യാപ്തമാകുന്നു" നമ്മുടെ വർഗ്ഗീയ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനും രാഷ്ട്രീയഅവകാശങ്ങളെ കരസ്ഥമാക്കുന്നതിനുമായി യാതൊരു സാമൂഹ്യകെട്ടുപാടുകളിലും പ്രത്യേകാൽ ഉൾപ്പെടാതെ സ്വതന്ത്രമായ നമ്മുടെ വർഗ്ഗീയസംഘടനയായ ചേരമർ മഹാജനസഭയിൽനിന്നും പ്രവൃത്തിക്കുന്നപക്ഷം ഗവർമ്മെൻറിൻെറ ദയാദൃഷ്ടിക്കും ആനുകൂല്യങ്ങൾക്കും പാത്രമാകുന്നതുകൂടാതെ സഹൃദയരായ സർവ്വസവർണ്ണസമുദായങ്ങളുടെ പൊതുവിലുള്ള സഹകരണവും ലഭ്യമാകുന്നതാണ്.

ചേരമർ മഹാജനസഭയുടെ ഉപസഭകളായി ചേരമർഹിന്ദുമഹാജനസഭയെന്നോ, ക്രൈസ്തവചേരമർമഹാജനസഭയെന്നോ പ്രസ്ഥാനങ്ങൾ സമാരംഭിക്കേണ്ടതാണെന്നു പൊതുവെ അഭിപ്രായമുള്ളപക്ഷം അവകൾക്കൊക്കയും പ്രത്യേകം പ്രത്യേകം നിയമസംഹിതകൾ

ഉണ്ടായിരിക്കേണ്ടതുമാണ്. ചേരമർ ഹിന്ദുമഹാജനസഭയ്ക്ക്, ചേരമർഹിന്ദുമഹാജനസഭയുടെ നിയമസംഹിത; ഹൈന്ദവആദർശങ്ങളെ മുൻനിറുത്തിയും, സമുദായപുരോഗമനത്തിന് പര്യാപ്തവും, തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽ പ്രചരിപ്പിക്കുന്നതിനുപയുക്തവും ആയിരിക്കേണ്ടതാണ്. അതുപോലെതന്നെ പലവകപ്പു ക്രിസ്ത്യാനികൾക്കു സഹകരിക്കാവുന്നതുംസഹകരിക്കേണ്ടതുമായ രൂപത്തിൽ ക്രൈസ്തവചേരമർ മഹാജനസഭയ്ക്കും നിയമസംഹിത സൃഷ്ടിക്കേണ്ടതാണ്.

ചേരമർ മഹാജനസഭയ്ക്കു ചേരമർ ജനതതിയുടെ പൊതുവിലുള്ള സാമുദായികവും രാഷ്ട്രീയവുംആയ താല്പര്യങ്ങളെ പുരോഗമനപൂർവം പരിരക്ഷിക്കുന്നതിനു പര്യാപ്തവും ഉപസഭകളായ ചേരമർമഹാജനഹിന്ദുസഭയുടേയും ക്രൈസ്തവചേരമർ മഹാജനസഭയുടേയും പൊതുചട്ടങ്ങളിലുള്ള് സാരാംശങ്ങളെ ക്രോഡീകരിച്ചു ഒരു നിയമസംഹിത എഴുതിയുണ്ടാക്കി പ്രസ്തുത നിയമനിർദ്ദേശത്തെ (ബൈലാ) അടിസ്ഥാനപ്പെടുത്തി ചേരമർമഹാജനസഭ രജിസ്റ്റർചെയ്യേണ്ടതാണ്.

ചേരമർ മഹാജനസഭയുടെ ഉപസഭകളായ ചേരമർ ഹിന്ദുമഹാജനസഭയും ക്രൈസ്തവചേരമർ മഹാജനസഭയും തിരുവിതാംകൂർ മുഴവൻകരകൾതോറും പ്രത്യേകം ശാഖാസഭകൾ സ്ഥാപിക്കണം. എല്ലാ കരകളിലും ചേരമർമഹാജനസഭയുടെപേരിൽ ശാഖാസഭകൾക്കു യോഗമന്ദിരങ്ങളും ശ്മശാനസ്ഥലങ്ങളും പ്രത്യേകം വേണ്ടതാണ്. താലൂക്കുകൾതോറും ചേരമർ ഹിന്ദുമഹാജനസഭയുടേയും ക്രൈസ്തവചേരമർ മഹാജനസഭയുടേയും പ്രതിനിധികൾക്കുംമററും ഏകീകരിച്ചുള്ള പ്രവ

ത്ഥാനപന്ഥാവിനെ തുടരുന്നതിന്ന ചേരമർമഹാജനസഭയുടെപേരിൽ യൂണിയൻകേന്ദ്രങ്ങളും ഉണ്ടായിരിക്കണം.

ചേരമർ മഹാജനസഭയ്ക്ക്, ഹൈന്ദവചേരമരും ക്രൈസ്തവചേരമരും ഉൾപ്പെട്ട ഒരു കേന്ദ്രഭരണസമിതി ഉണ്ടാകുമെന്നുവന്നാൽ തികച്ചുമുള്ള സംസ്കാരസമുദ്ധാരണത്തിന്ന പര്യാപ്തവുമാകും. പ്രസ്തുത കേന്ദ്രഭരണസമിതി അംഗങ്ങളെ ചേരമർ ഹിന്ദുമഹാജനസഭയിൽനിന്നും ക്രൈസ്തവചേരമർ മഹാജനസഭയിൽനിന്നും തിരഞ്ഞെടുക്കേണ്ടതുമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ചേരമർമഹാജനസഭയെ സംബന്ധിച്ചുള്ള പൊതുഭരണം പ്രസ്തുത സമിതിയാൽ നടത്തപ്പെടേണ്ടതാണ്.

ചേരമർ ഹിന്ദുമഹാജനസഭയുടെ പ്രത്യേകാലുള്ള താല്പര്യങ്ങളെ സംബന്ധിച്ച്,ഹിന്ദുസഭയുടെ ഭരണസമിതിയാലും ക്രൈസ്തവചേരമരെ മാത്രം ബാധിക്കുന്ന സംഗതികൾ ക്രൈസ്തവചേരമർ മഹാജനസഭയുടെ ഭരണസമിതിയെക്കൊണ്ടും ഭരിക്കപ്പെട്ടാൽ മതിയാകും. ക്രൈസ്തവചേരമരേയും ഹൈന്ദവചേരമരേയും പൊതുവേ ബാധിക്കുന്ന കാര്യാദികൾ മാത്രമേ ചേരമർമഹാജനസഭയുടെ വീക്ഷണകോണത്തിൽപെടാവൂ.

## പ്രധാന ഉദ്ദേശങ്ങൾ.

1. ചേരമർസമുദായത്തിൻെറ ധനസ്ഥിതി, വിദ്യാഭ്യാസം, സംസ്കാരം എന്നിത്യാദി സംഗതികളിൽ അംഗങ്ങളെ പ്രോത്സാഹിപ്പിക്കുക.

2. സമുദായാംഗങ്ങളിൽ നിലവിലിരിക്കുന്നതും പരിഷ്കാരത്തിനും സംസ്കാരത്തിനും യോജിക്കാത്തതര

ത്തിലുള്ള ആചാരനടപടികളെ നിഷ്കാസനംചെയ്യുന്നതിന്ന വേണ്ട ഏൎപ്പാടുകൾ ചെയ്യുക.

3. സമുദായത്തിൻെറ പൊതുവിലുള്ള അവശതകളേയും ആവശ്യങ്ങളേയും സഹൃദയരായ പ്രബലസമുദായങ്ങളുടേയും ബഹുമാനപ്പെട്ട ഗവൎമ്മെൻറിൻേറയും ദൃഷ്ടിയിൽപെടുത്തി വേണ്ട പരിഹാരമാൎഗ്ഗങ്ങൾ നേടുന്നതിനായി പരിശ്രമിക്കുക.

4. സമുദായത്തിൻെറ ധനസ്ഥിതി നന്നാക്കുന്നതിനായി കുടിൽ വ്യവസായങ്ങൾ ആയ നൂൽനൂൽപ്പ് കയററുവ്യവസായം (ചകരികയറുനിൎമ്മാണം) തേനീച്ച വളർത്തൽ—പട്ടുനൂൽപുഴ വളൎത്തൽ – കോഴിവളൎത്തൽ—വർഗ്ഗീയതൊഴിലായ നെയ്ത്ത് (പായ്—വട്ടി മുതലായവ) നെയ്ത്ത് പ്രചാരത്തിൽ വരുത്തുന്നതിന് പരിശ്രമിക്കുക.

5. വ്യവസായപരിശീലനത്തിനും ധനപരിപോഷണത്തിനുമായി മരപ്പണിശാലകൾ തുണിനെയ്ത്തുശാലകൾ മുതലായത് അതത് സ്ഥലങ്ങളിലേപ്പെടുത്തുക.

6. സമുദായത്തിൻെറ മാനസികപരിപോഷണത്തിനും വിദ്യാപരിശീലനത്തിനുമായി വിദ്യാപാഠശാലകൾ നിശാപാഠശാലകൾ വായനശാലകൾ മതമഹാപാഠശാല, മുതലായവ സ്ഥാപിച്ചുനടത്തുക.

7. ആരോഗ്യസംരക്ഷണത്തിനും ആതുരസംരക്ഷണത്തിനുമായി വൈദ്യശാലകൾ ആതുരശാലകൾ മുതലായവ ഏൎപ്പെടുത്തുക.

8. വിവിധവിഷയങ്ങളിൽ സാമുദായിക അംഗങ്ങളെ അറിവുള്ളവരാക്കിത്തീൎക്കുന്നതിനും പ്രോത്സാഹ

നംനൽകുന്നതിനുമായി കുടുംബസംരക്ഷണം, ശിശുപരിപാലനം, സന്മാൎഗ്ഗപരിശീലനം, ആരോഗ്യസംരക്ഷണം, ധനവിനിയോഗക്രമങ്ങൾ, ധനാഗമമാൎഗ്ഗങ്ങൾ, കൃഷിവിഷയങ്ങൾ വിവിധവ്യവസായങ്ങൾ, എന്നിങ്ങനെയുള്ള വിഷയങ്ങൾ സംബന്ധിച്ചു പ്രസംഗങ്ങൾ നടത്തുന്നതിനും ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തുക.

9. പണക്രയവിക്രയങ്ങളെ പഠിപ്പിക്കുന്നതിനും ധനപരിപോഷണത്തിനുമായി പരസ്പരസഹായസംഘങ്ങളും ചിട്ടികൾ മുതലായവയും സ്ഥാപിച്ചു സാമ്പത്തികസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുക.

10. ഗവൎമ്മെൻറിൻെറ സഹായസഹകരണത്തോടും സഹൃദയരായ സവൎണ്ണപ്രതിനിധികളുടെ സഹായത്തോടുംകൂടി സമുദായാംഗങ്ങൾ അന്യന്മാരുടെ പുരയിടങ്ങളിൽ അടകുടിയായിക്കിടക്കുന്ന കുടിപാൎപ്പിനെ വ്യത്യാസപ്പെടുത്തി കുടുംബത്തിനു 10 സെൻറു ഭൂമിയെങ്കിലും സമ്പാദിച്ചുകൊടുക്കുന്നതിനു വേണ്ട പരിശ്രമങ്ങൾ ചെയ്യുക.

11. തിരുവിതാംകൂറിലെ തൊഴിലാളിവൎഗ്ഗമായ നമുക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന കൂലി തുലോം തുഛമാണല്ലോ. ബഹുമാനപ്പെട്ട ഗവൎമ്മെൻറിൻെറ പിൻതുണയോടും സഹൃദയരായ സവൎണ്ണസമുദായങ്ങളുടെ ആൎദ്രതയ്ക്കു അൎഹരായി കൂലിനിരക്കു വൎദ്ധിപ്പിക്കുന്നതിനു വേണ്ട പരിശ്രമങ്ങൾ ചെയ്ക.

12. ജനസംഖ്യാനുപാതികമായിട്ടെങ്കിലും സമുദായത്തിൽ വിദ്യാഭ്യാസമുള്ളവരെ ഗവൎമ്മെൻറുജോലിയിൽ പ്രവേശിക്കുന്നതിനു വേണ്ട ഒത്താശകൾ ചെയ്ക.

13. ഗവൺമെൻറു സഹായസഹകരണത്തോടുകൂടി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ചങ്ങനാശേരി എന്നീ പ്രധാന പട്ടണങ്ങളിലുള്ള കാളേജുകളോടും ഹൈസ്കൂളുകളോടും അനുബന്ധിച്ചു കുട്ടികൾക്കു വീതം താമസിച്ചു പഠിക്കുന്നതിനു ഓരോ വിദ്യാർത്ഥിമന്ദിരങ്ങൾ സ്ഥാപിച്ചു നടത്തുന്നതിനു വേണ്ടതു ചെയ്യുക.

14. ശാഖാസഭകൾക്കു കരകൾതോറും യോഗമന്ദിരം, ശ്മശാനം ഇവകൾക്കു സ്ഥലകെട്ടിടാദികൾ ഗവൺമെൻറു സഹായത്തോടുകൂടി ഏർപ്പെടുത്തുക.

15 ചേരമർമഹാജനസഭയുടെ വിജയപരിപൂർണ്ണമായ നടത്തിപ്പിനുവേണ്ടി അവശസമുദായ സംരക്ഷണവകുപ്പിൽനിന്നും ഒരു ഗ്രാൻറുനൽകുന്നതിനു ഗവൺമെൻറിനോടാവശ്യപ്പെടുക. ഈദൃശങ്ങളായ ഉദ്ദേശസാദ്ധ്യതകളും ഇതിലപ്പുറവുമായ അഭിവൃദ്ധിമാർഗ്ഗങ്ങളും നേടേണ്ടതായ നാം ജനസംഖ്യാബഹുലമായ ഒരു സംഘടനയിലാണല്ലോ നില്ക്കേണ്ടതു്. അതിനാൽ ചേരമർമഹാജനസഭയെന്ന ജാത്യൈക്യപരമായ സംഘടനാപ്രസ്ഥാനത്തിൽനിന്നുകൊണ്ടു നമ്മുടെ പുരോഗമനത്തിനു പരിശ്രമിക്കരുതോ?

ക്രൈസ്തവരും ഹൈന്ദവരുമായ ചേരമർ വെവ്വേറെ സംഘടന രജിസ്റ്റർചെയ്യണമെന്നു ഉൽബോധിപ്പിക്കുന്ന ചില വേഷധാരികളും ഇല്ലാതില്ല. സംഘടന രജിസ്റ്റർചെയ്തതിനുശേഷം സംയുക്തകക്ഷിയായി രണ്ടു വിഭാഗക്കാരും യോജിച്ചുനിന്നുകൊണ്ടു അഭിവൃദ്ധിക്കായി പരിശ്രമിക്കുന്നതാണു് ഉത്തമമെന്നവർ ഉപദേശിക്കുന്നു. എന്തുകൊണ്ടെന്നാൽ ജനസംഖ്യാബഹുലമല്ലാത്ത ഒരു സംഘടന ജനസംഖ്യാനുപാതികമായി രാഷ്ട്രീ

യാനകൃത്യങ്ങൾ വിതരണംചെയ്തുകൊണ്ടിരിക്കുന്ന ഇക്കാലത്തു പ്രയോജനരഹിതമാണല്ലോ. അതിനാൽ ഒരു ജാതിക്കാരായ നമുക്കു വിഭിന്നമതസ്ഥരെങ്കിൽ സംയുക്തകക്ഷിയായിനിന്നു നമ്മുടെ വർഗ്ഗീയസംഘടന രജിസ്റ്റർ ചെയ്യുകയല്ലേ വേണ്ടതു്? സംഘടന രജിസ്റ്റർചെയ്തതിനുശേഷം സംയുക്തകക്ഷിയായി നില്ക്കാമെന്നുള്ള അഭിവാഞ്ഛ ഫലവത്താകുന്നതല്ല. ഹിന്ദുക്കളും ക്രിസ്തീയരുമായ ചേരമരെ പരസ്പരം കലഹിപ്പിക്കുന്നതിനും മററുമായി പല വേഷപ്രച്ഛന്നരും പലസ്ഥാനത്തുനിന്നും പ്രത്യക്ഷപ്പെടാവുന്നതാണു്. നമ്മുടെ സമുദായത്തിലുള്ള നേതാക്കന്മാർ പലരും അന്യോന്യം അസുഖപ്രമുഖന്മാരായിട്ടാണല്ലോ ഇപ്പോൾതന്നെ കാണപ്പെടുന്നതു്. ഇവരുതന്നെയായിരിക്കുമല്ലോ രജിസ്റ്റർചെയ്യുന്ന സമയത്തും പ്രഥമസ്ഥാനത്തു കാണപ്പെടാവുന്നതു്. അപ്പോൾ അഴകുപിണക്കത്താൽ അലംകൃതരായ ഈദൃശനേതാക്കന്മാർ പരസ്പരം കലഹിക്കുന്നതിനും സംയുക്തപാർട്ടി അധികകാലതാമസംകൂടാതെതന്നെ നാമാവശേഷമാകുന്നതിനുമാണെളുപ്പം. നമ്മുടെ സമുദായത്തിലെ പല നേതാക്കന്മാരും സമുദായാഭിവൃദ്ധിയെ ഉദ്ദേശിച്ചു പരിശ്രമിക്കുന്നവരായി കണ്ടുവരുന്നില്ല. നമ്മുടെ സമുദായത്തിനു നാളതുവരെ ഒരു പൊതുസമുദായസംഘടന ഉണ്ടായിട്ടുണ്ടോ? നമ്മുടെ സമുദായത്തിൻെറ അഭിവൃദ്ധിയെന്തു്? എവിടെ? എത്രത്തോളം? ബഹുമാന്യനായ ടി. കെ. മാധവൻ ഈഴവസമുദായത്തെ ഒരു പൊതുസംഘടനയിലല്ലേ ഉറപ്പിച്ചുനിൎത്തിയിട്ടുള്ളതു്. അതല്ലയോ നമ്മുടെ സമുദായാഭ്യുന്നതിക്കു പററിയ ഒരുമാൎഗ്ഗം. നാം പല ജാതിക്കാരുൾപ്പെട്ടുനില്ക്കുന്ന പല മതസമൂഹങ്ങളിൽ ചേൎന്നുനില്ക്കുന്നു! മതസംഘടനകളിലുള്ള ഇതരവൎഗ്ഗ

ക്കാർ നമ്മോടു സഹകരിക്കുന്നതിനൊരുമ്പെടുന്നുമില്ല. നമുക്ക് അവരോടു സഹകരിക്കാൻ നിവൃത്തിയുമില്ല. ഇതാണല്ലോപരിതസ്ഥിതി. അതുകൊണ്ടു മതവ്യത്യാസങ്ങളെ പരിഗണിക്കാതെ വർഗ്ഗീയ അഭിവൃദ്ധിയെ ഉദ്ദേശിച്ചു യോജിച്ചുനില്ക്കുകയല്ലേ വേണ്ടതു്. നാം എല്ലാം ഒരു ജാതിയിൽപെട്ടവരും ആണല്ലോ? അതിനാൽ ചേരമർമഹാജനസഭയുടെ അംഗങ്ങളായി നമ്മുടെ സാമുദായിക അഭിവൃദ്ധിക്കുവേണ്ടി നമുക്ക് ഏകോപിച്ചു പ്രവർത്തിക്കാം. ഏതു മതത്തിലും എവിടെയും നിന്നുകൊള്ളുന്നതിനു ദൂഷ്യമില്ല. ജാതിപരമായി ഒന്നായി നില്ക്കണമെന്നു മാത്രം അഭിലഷിക്കുന്നു. "മതം ഏതായാലും മനുഷ്യർ നന്നായ! ഒന്നായാൽ മതി!" എന്ന ചേരമർ മഹാജനസഭയുടെ മുദ്രാവാക്യാദർശം മറക്കരുതേ!

---

## ൧൨. സഹൃദയരായ സർവരുടെയും സത്വരശ്രദ്ധയ്ക്കു്.

---

ചേരമർ (പുലയ)സമുദായത്തെ ഇനിയും ഏകീകരണമില്ലാത്ത വിഭിന്നസമൂഹങ്ങളായി വേർതിരിച്ചു നിർത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി നേതാക്കന്മാരെന്ന് അഭിമാനിക്കുന്ന ചിലർ യത്നിച്ചുവരുന്നതായി ഒരു കിംവദന്തിയുണ്ടു്. ഓരോ കരകളിലും നിവസിക്കുന്ന ചേരമരുടെ ഇടയിൽ സംഘടനാപരമായ പ്രചരണവേല നടത്തി, ജനതതിയുടെ പൊതുവിലുള്ള അഭിമതം പത്ര

പ്രഖ്യാപനംമൂലം പ്രസിദ്ധംചെയ്തതിന്നശേഷം മാത്രമെ തിരുവിതാംകൂറിലെ ചേരമരെ (പുലയ) ആകമാനം ബാധിക്കുന്ന ഒരു സമുദായസംഘടന രജിസ്റ്റർ ചെയ്യുന്നതിന്ന ഉദ്യമിക്കാവൂ എന്നു പ്രത്യേകം "സംഘരജിസ്ട്രേഷൻ പ്രവർത്തകന്മാർ" ധരിച്ചിരുന്നാൽ കൊള്ളാം. "ഓരോ കരകളിലെയും ചേരമർ (പുലയ) കുടുംബങ്ങൾ എത്രയെന്നും, അവരുടെ സ്ഥിതിഗതികൾ എന്തെന്നും, സംഘടനാപരമായ സാമുദായികപ്രശ്നത്തെപ്പററിയുള്ള ഭൂരിപക്ഷാഭിപ്രായഗതി എങ്ങനെയെന്നും, പ്രസിദ്ധീകരണത്തിൽ വിശദീകരിച്ചിരിക്കേണ്ടതുമത്രെ."

സാധുജനപരിപാലനസംഘം, ചേരമർ സംഘം, പുലയമഹാജനസഭ, ചേരമർ ക്രിസ്ത്യൻ അസോസിയേഷൻ, ചേരമർ ഹിന്ദുമഹാജനസഭ എന്നിങ്ങനെയുള്ള പ്രസ്ഥാനങ്ങളാണല്ലോ, ഇപ്പോൾ ഓരോ സ്ഥലങ്ങളിലും ചില സന്ദർഭങ്ങളിൽ മാത്രമെങ്കിലും, പ്രസംഗവേദികളിൽ പ്രഘോഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നതു്. ജനബാഹുല്യമുള്ള സ്ഥലത്തോടനുബന്ധിച്ചു കമനീയമായി കെട്ടിഅലങ്കരിച്ചിട്ടുള്ള പന്തലിൽവച്ചും സുപ്രസിദ്ധ പ്രാസംഗികന്മാരുടെയും, സംഗീതവിദഗ്ദ്ധന്മാരുടെയും അകമ്പടിയോടുകൂടി സാധാരണ യോഗനടപടികൾ ആരംഭിക്കുന്നതുനിമിത്തം സന്നിഹിതരാകുന്ന ജനതതിക്കും ഒട്ടും കുറവില്ലെന്നു വരാവുന്നതാണു്. യോഗഭാരവാഹികളുടെ അഭിമതമനുസരിച്ചുള്ള നിശ്ചയങ്ങൾ പാസാക്കി പത്രങ്ങളിൽ പരസ്യവും ചെയ്യുന്നു. പ്രത്യേകാൽക്ഷണനമോ, ആ യോഗത്തിൽ അഭിപ്രായം പുറപ്പെടുവിക്കുന്നതിന്ന അവകാശമോ, ഇല്ലാത്തവരും, വെറും സമയവിനിയോഗത്തിനും, ശ്രവണസുഖത്തിനും, യാദൃശ്ചിക

മായും യോഗത്തിൽ സന്നിഹിതരാകുന്ന സമുദായാംഗങ്ങളും വിഭിന്നവംശജരും വളരെ ഉണ്ടാകും. അങ്ങനെയുള്ള ജനസംഖ്യാധിക്യത്തെയും ഉൾപ്പെടുത്തി ആ യോഗത്തിൽ പാസാക്കിയ നിശ്ചയങ്ങൾക്കു ജനതാമദ്ധ്യത്തിൽ പ്രാബല്യവും പ്രസക്തിയും ഉണ്ടാകുന്നതിനുവേണ്ടി (ജനിക്കുന്നതിനു) പ്രസിദ്ധീകരണം നടത്തുന്നു. "ഈദൃശമായ യാതൊരു റിപ്പോർട്ടുകളും തിരുവിതാംകൂറിലെ ചേരമർ ജനതതിയുടെ അഭിപ്രായത്തെ പ്രതിധ്വനിപ്പിക്കുന്നതായി പരിഗണിക്കുവാൻ പാടില്ല."

ബഹുമാന്യനായ രാജശ്രീ ററി. കെ. മാധവൻ ഈഴവസമുദായത്തെ ഒരു സംഘടനയിൽ ഉൾപ്പെടുത്തുതിനായി കരകൾതോറും സഞ്ചരിച്ചു പ്രചരണവേലചെയ്ത പ്രകാരം സമുദായക്ഷേമകാംക്ഷികളായ ഒരു പ്രവത്തകസംഘം (ഹിന്ദുക്കളും ക്രിസ്ത്യാനികളും ഉൾപ്പെട്ട) തിരുവിതാംകൂർ മുഴുവൻ സഞ്ചരിച്ചു, കരകൾതോറും സംഘടന ഏപ്പെടുത്തി, ചേരമർ (പുലയ) ജനതതിയുടെ പൊതുവിലുള്ള താല്പര്യങ്ങളെ പുരോഗമനപൂവ്വം പരിരക്ഷിക്കുന്നതിനു പര്യാപ്തമായ ഒരു സാമുദായികസംഘടന ഏപ്പെടുത്തേണ്ടതു് അത്യാവശ്യമാകുന്നു.

ഈദൃശമായ ഒരു പ്രവത്തകസമിതിക്കു ഗവമെൻറു് ആനുകൂല്യങ്ങളും പ്രബലസമുദായങ്ങളുടെ സഹായസഹകരണങ്ങളും ലഭ്യമാകുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. ജാതീയന്യൂനതകളെ പരിഹരിക്കുന്നതിനും, താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനും, സമുദായസംഘടന വേണ്ടതുതന്നെയാണെങ്കിലും "ജാതിമതാദിചിന്തകൾക്കതീതമായി രാഷ്ട്രത്തിന്റെ സവ്വവിധൈശ്വര്യോൽക്കഷ

പരിശ്രമമായിരിക്കണം നമ്മുടെ പരമമായ ലക്ഷ്യ" മെന്നു പ്രത്യേകം ധരിച്ചിരിക്കേണ്ടതുമാണ്.

നമ്മുടെ സമുദായത്തിൽ ഗംഭീരപ്രസംഗങ്ങൾചെയ്യുന്ന പ്രവർത്തകന്മാർ അനവധി. നമ്മുടെ സമുദായം അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ പ്രസംഗം കഴിവതും കുറച്ചും സമുദായോദ്ധാരണത്തിനുള്ള പ്രവർത്തനത്തിൽ ഉത്സുകരും സമുദായഭക്തരുമായ പ്രവർത്തകന്മാർ ഉണ്ടാകേണ്ടിയിരിക്കുന്നു. ചേരമർ സമുദായമേ! ജഗദീശ്വരങ്കൽ പ്രാർത്ഥിക്കുക, നിന്നെ ഉദ്ധരിക്കുവാൻ ഭക്തന്മാരുണ്ടാകട്ടെ!! ത്യാഗികൾ സമുദായസേവനത്തിനായി; ഇറങ്ങിവരട്ടെ!!!

സമാപ്തം.

Printed at the M. S. Press, Kottayam — 1933.

## ഈ ലഘുഗ്രന്ഥപ്രസിദ്ധീകരണ സഹായക

# സമിതി അംഗങ്ങൾ

---

മെസ്സേഴ്സ്

| | | |
|---|---|---|
| 1 | കാരിക്കത്തറ കുഞ്ഞു് | വെങ്ങളം |
| 2 | പി. ജോൺ പോൾ | ,, |
| 3 | പരുത്തിപ്പള്ളി ചീരാടി കുഞ്ഞച്ചൻ | ,, |
| 4 | താഴത്തുതറ യോഹന്നാൻ | ,, |
| 5 | കൊച്ചുതറ കുഞ്ഞപ്പൻ | ,, |
| 6 | പുതുപ്പറമ്പിൽ കുഞ്ഞുഞ്ഞു് | ,, |
| 7 | വല്യതറ കുട്ടി | ,, |
| 8 | ചാലങ്കത്തറ യോഹന്നാൻ | ,, |
| 9 | മണത്ര ശിംശോൻ | ,, |
| 10 | പള്ളിത്തറ് മത്തായി | ,, |
| 11 | പാലത്തറ മത്തായി പത്രോസ് | ,, |
| 12 | പുത്തൻപറമ്പിൽ പൗലൂസ് | ,, |
| 13 | പരുത്തിപ്പള്ളി ആൻഡ്രൂ | ,, |
| 14 | മണലോടി ചാക്കോ | ,, |
| 15 | തെക്കേഅറുപതിൽ അഴകൻ | ,, |
| 16 | മണത്തറ ഈശോ തോമ്മസ് | ,, |
| 17 | വീരാശ്ശേരി ചാക്കോ | ,, |
| 18 | വാഴപ്പറമ്പിൽ പൗലൂസ് | ,, |
| 19 | കാരിക്കത്തറ ജോസഫ് | ,, |
| 20 | പട്ടടയിൽ ചാക്കോ | ,, |
| 21 | പുതുക്കാട്ടിൽ ചാക്കോ | ,, |
| 22 | ടി പത്രോസ് | ,, |

| | | |
|---|---|---|
| 23 | വാഴവേലി ശിംശോൻ | ചെങ്ങളം |
| 24 | നാല്പതുംപറമ്പിൽ തിരിയൻ | കിളിരൂർ |
| 25 | അമ്പേപ്പുറമ്പിൽ പൂവഞ്ചൻ കുട്ടൻ | ,, |
| 26 | കരിമ്പാറ വാവ | ,, |
| 27 | ഇരുപത്തേഴിൽ കൊച്ചോല പാപ്പൻ | ,, |
| 28 | കരിത്തറ കുഞ്ഞച്ചൻ | ,, |
| 29 | ആയ്യപ്പള്ളി തേവൻ | |
| 30 | ഇരുപത്തഞ്ചിൽ ഔസേപ്പ് | ,, |
| 31 | കരിമ്പാറ കണ്ണൻ | ,, |
| 32 | പെരിയാപറമ്പിൽ കുഞ്ഞൻ | പാമ്പാടി |
| 33 | വി. കെ. മോശ | , |
| 34 | പി. എം. മാത്തു | ,, |
| 35 | കെ. പി. എബ്രഹാം | കോത്തല |
| 36 | യു. സി. കുഞ്ഞൂഞ്ഞു് | ,, |
| 37 | തോട്ടത്തിൽ അഴകൻ | കാഞ്ഞാകുളം |
| 38 | നടുവിലപ്പുറമ്പിൽ ജോൺ | ,, |
| 39 | കടിയാക്കൽ ശരതൻ | വെള്ളൂർ |
| 40 | ഇട്ടംപറമ്പിൽ കേശവൻ | അയ്മനം |
| 41 | മുകളേൽ കുഞ്ഞൻ കുഞ്ഞൻ | ,, |
| 42 | വാളത്താററിൽ രാമൻ | മീനടം |
| 43 | മച്ചുകാട്ടു് ദാസ്സ് | പുതുപ്പള്ളി |
| 44 | പാറേട്ട ജോൺ | ,, |
| 45 | കിഴക്കേപുത്തൻപറമ്പിൽഇസ്സാക്കു് | ഏററുമാനൂർ |
| 46 | കോലടിത്തുണ്ടംമത്തായിയോഹന്നാൻ | ,, |
| 47 | മേച്ചേരിൽ ചോതി അഴകൻ | ,, |
| 48 | മാലിയിൽ ശങ്കരൻകുട്ടി | ചങ്ങനാശേരി |

| | | |
|---|---|---|
| 49 | തറപ്പേൽ ഔസേപ്പ് | കാളികാവു |
| 50 | വെള്ളാക്കൽ അഴകൻ ചോതി | ,, |
| 51 | വാഴത്തോപ്പിൽ മത്തായി | കുമരകം |
| 52 | ആററാത്തറ കുഞ്ഞൻ കുഞ്ഞൻ | ,, |
| 53 | വാരിക്കാട്ടു ശീതങ്കൻ | ,, |
| 54 | തകരപ്പറമ്പിൽ കുഞ്ഞപ്പൻ | ,, |
| 55 | കുമ്പേലിത്തറ യോഹന്നാൻ | ,, |
| 56 | ഭഗവതിതറ കുഞ്ഞപ്പൻ | ,, |
| 57 | ചാമത്തു പൈലി | ,, |
| 58 | പള്ളിത്തറ ഇട്ട്യാതി | ,, |
| 59 | കൊച്ചുപറമ്പിൽ കുഞ്ഞൻ കുഞ്ഞൻ | ,, |
| 60 | തോപ്പിൽ ദാവീദ് | ,, |
| 61 | വല്യാറ പൈലോ | ,, |
| 62 | പുതുവലിൽ കാളി | അയ്മനം |
| 63 | തെക്കേകരി വാവ | ,, |
| 64 | കല്ലൂർ ചാക്കോ | വല്യാട്ട് |
| 65 | മാമ്പറമ്പിൽ കൊച്ചെറുക്കൻ | കൈപ്പുഴ |
| 66 | വാവക്കാട്ടിൽ ഇസ്സാക്ക് | മഞ്ചാടിക്കരി |
| 67 | കണ്ണങ്കേരിത്തറ പൗലൂസ് | ,, |
| 68 | ഇരുപത്തിരുപറ തേവൻ | തിരുവാർപ്പ് |
| 69 | വി. കെ. ഗോപാലൻ | ,, |
| 70 | വി. കെ. വാസു | ,, |
| 71 | കൊച്ചുപറമ്പിൽ കുഞ്ഞച്ചൻ | ,, |
| 72 | എഴപത്തെട്ടിൽ ജോൺ | , |
| 73 | പതിനഞ്ചിത്തറ പാപ്പു | ,, |

| | | |
|---|---|---|
| 74 | കാഞ്ഞരത്തിൽ യോഹന്നാൻ | വേളൂർ |
| 75 | പുളിനാക്കൽ രാജശേഖരൻ | ,, |
| 88 | വാളത്താററിൽ കുരുപ്പൻ | ,, |
| 89 | എമ്പ്രയിൽ പൗലൂസ് | ,, |
| 75 | ററി. സി. കാർലോസ് | ,, |
| 76 | വരാൻവേലിൽ കുഞ്ഞു് | ,, |
| 77 | കന്നുവെവട്ടിൽ മത്തായി | വയലാ |
| 87 | ക്രൂറോച്ചാലിൽ മൈലൻ | ,, |
| 78 | വള്ളോമ്പ്ര ചാക്കോ യോഹന്നാൻ | കടപ്പൂരു് |
| 79 | തോപ്പിൽ ചോതൻ | ,, |
| 80 | ഇലവുങ്കൽ പാപ്പൻ | ,, |
| 81 | കൊങ്ങൂർപള്ളി പാപ്പൻ | കാരാപ്പുഴ |
| 82 | ററി. പണിക്കൻ | വള്ളംകുളം |
| 83 | മാണിക്കാലിൽ മാത്തു | വാകത്താനം |
| 84 | തേവാരത്തു ചോതി | ,, |
| 85 | അയ്യാമാന്തറെ ഉലഹന്നൻ | ക്രൂരോപ്പട് |
| 86 | പുതുപ്പറമ്പിൽ കാളി | ,, |
| 90 | കാഞ്ഞരത്തിൽ കറിയാ | മുളക്കുഴ |
| 91 | പൂവങ്കശ്ശേരിൽ കുഞ്ഞൻ | മരിയാത്തുരുത്തു |
| 92 | പറക്കാവിൽ നാരായണൻ | പൊൻകുന്നം |
| 93 | കൊളത്താമാക്കൽ പുരുഷോത്തമൻ | വെളിച്ചവയൽ |
| 94 | പുളിക്കൽ മത്തായി | മുണ്ടക്കയം |
| 95 | ഇലവുങ്കൽ അഴകൻ പാപ്പൻ | ,, |
| 96 | ഈട്ടിക്കൽ ആഗസ്തി | ചിറക്കടവു് |
| 97 | തെക്കേതിൽ ചിറ കുഞ്ഞൻ | ,, |
| 98 | തോപ്പിൽ ചാക്കോ | പനയക്കഴിപ്പു |

| | | |
|---|---|---|
| 99 | മണപ്പുറത്തു ശാമുവേൻ | ,, |
| 100 | നെടിയമുകളിൽ മൈലൻ | പേരൂർ |
| 101 | കരോട്ടുതറ ഔസേപ്പ് | ,, |
| 102 | തലവെക്കംകാലായിൽ മൈലൻ | ,, |
| 103 | തണ്ടാശ്ശേരി ഇട്ടി | ,, |
| 104 | ഇട്ടംപറമ്പിൽ വക്കി | മററക്കര |
| 105 | ഏലംമാണിക്കത്തറ മത്തായി | മേവെള്ളൂർ |
| 106 | വെട്ടുവേലിൽ മത്തായി | വൈക്കം |
| 107 | നെട്ടോടിമുറിയിൽ അബ്രഹാംപോറം | കടുത്തുരുത്തി |
| 108 | മനാപുഞ്ച മത്തായി | വടയാർ |
| 109 | ഇടക്കുഴി ഇട്ടി ചാക്കോ | മാഞ്ഞൂർ |
| 110 | ചലിയംകുന്നേൽ ഔസേപ്പ് | തണ്ണീർമുക്കം |
| 111 | പുത്തൻപുരയ്ക്കൽ പൂമതി പാപ്പി | ,, |
| 112 | പുതിയാത്തു തോമ്മസ് മത്തായി | ,, |
| 113 | മുല്ലശ്ശേരി പാപ്പി കുഞ്ഞൻ | വാരണം |
| 114 | ചാലിയത്തറ മക്കേരം പാപ്പി | ,, |
| 115 | ആറവുതറ ഇസാക്കു തോമ്മസ് | വരമ്പിനകം |
| 116 | വാഴത്തോപ്പിൽ മത്തായി | ,, |
| 117 | ഇത്തിക്കായൽ ചെറിയാൻ | ,, |
| 118 | കടിയക്കൽ ജോൺ | വടക്കെ ചെങ്ങളം |
| 119 | ഇല്ലംപള്ളി പോറം | ,, |
| 120 | മണത്തറ തോമ്മസ് | ,, |
| 121 | പത്തിത്തറ കുഞ്ഞൻ പൂവൻ | ,, |
| 122 | കണ്ണത്തറ അനന്തൻ | ചെമ്പിൽ |
| 123 | മാണിയാക്കാട്ടു അയ്യപ്പൻ | തുരുത്തി |
| 124 | കട്ട്ളയ്ക്കൽ ജോസഫ് | പരിപ്പ് |

| | | |
|---|---|---|
| 125 | നട്ടത്തറ യോഹന്നാൻ | ഒല്ലൂ |
| 126 | പുല്ലിക്കൽ ജോൺ | ക്രുട്ടിക്കൽ |
| 127 | എം. ചാക്കോ | കീഴെപെരുന്തറ |
| 128 | കെ. ജോൺ | കാനം |
| 129 | നട്ടപ്പറമ്പിൽ യോഹന്നാൻ | എഴുത്തുകല്ലുംവയലിൽ |
| 130 | വെള്ളറ ദാനിയേൽ | ,, |
| 131 | ,, മോശ | ,, |
| 132 | നട്ടപ്പറമ്പിൽ മത്തായി | ,, |
| 133 | കൈപ്പത്താനം ചാക്കോ | നെട്ടമാവ് |
| 134 | കൊളത്താമാക്കൽ യോഹന്നാൻ | നെന്മല |
| 135 | കഴിച്ചറ കുഞ്ഞാപ്പി | വാഴൂർ |
| 136 | മുള്ളംകുഴിത്തറ യോഹന്നാൻ കറിയാ | കാണക്കാലി |
| 137 | തെക്കേഅൻപതിൽ യോഹന്നാൻ | വെള്ളൂർ |
| 138 | തൊണ്ണൂററിചിറ ജോൺ | കിളിരൂർ |
| 139 | പൂതകുഴി മോശ | കുംഭത്താനം |
| 140 | പെരകോട്ടിൽ മത്തായി | ചെറുവാണ്ടൂർ |
| 141 | കുററുപറിച്ചയിൽ ദാനിയേൽ | മുട്ടമ്പലം |
| 142 | അറയ്ക്കപ്പറമ്പിൽ വറുഗീസ് | കുമ്മനം |
| 143 | പീടികപ്പറമ്പിൽ പൂവഞ്ചൻ കുട്ടൻ | ,, |
| 144 | പള്ളിത്തറ ഔസേപ്പ് | ,, |
| 145 | കുദലിക്കാട്ടുതറ യോഹന്നാൻ | ,, |
| 146 | കാങ്കത്തറ കുഞ്ഞു് | ,, |
| 147 | പത്താഴപുരയ്ക്കൽ മത്തായി | ,, |
| 148 | തൈത്തറ കുട്ടി | പൂവം |

149 പില്ലറക്കുഴി വക്കി പുന്നത്തറ
150 ചിറയിൽപടി കുട്ടൻ വെങ്ങളം.

ഇനിയും പേരുകൾ ചേർക്കുവാനുണ്ട്. സ്ഥലദൗർലഭ്യത്താൽ ഇവിടെ നിറുത്തുന്നു. ആരും പരിഭവിക്കരുതെന്നു പ്രത്യേകം അപേക്ഷ.

ഈ പുസ്തകം താഴെ കാണുന്ന ഏതു വിലാസത്തിലും ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

ചേരമർമഹാജനസഭആഫീസ്,
വെങ്ങളം,
ഒളശ്ശ (A. O.)
കോട്ടയം.

or

ചേരമർമഹാജനസഭ
സംഘടന ആഫീസ്,
കാരാപ്പുഴ,
കോട്ടയം.

or

എൻ. ജോൺശമുവേൽ വൈദ്യർ,
കോത്തല,
പുളിക്കൽകവല,
പാമ്പാടി (A. O.)

ചേരമർമഹാജനസഭയുടെ ആഭിമുഖ്യത്തിൽ
പ്രസിദ്ധപ്പെടുത്തുന്ന
എൻ. ജോൺസമുവേൽവൈദ്യരുടെ

# ഇതര കൃതികൾ

---

1. പിതൃയുഗവും അവതാരപുരുഷന്മാരും.

(ധർമ്മസ്ഥാപനാർത്ഥം അവതാരമെടുത്തു സന്മാർഗ്ഗീകോപദേശങ്ങൾ ലോകത്തിനു പ്രദാനംചെയ്തിട്ടുള്ള ശ്രീകൃഷ്ണൻ, ശ്രീബുദ്ധൻ, ശ്രീയേശു, മഹമ്മദുനബി മുതലായവരെക്കുറിച്ചും ക്ഷേത്രപ്രവേശനവിളംബരത്താൽ സമത്വസാഹോദര്യം പുനഃസ്ഥാപനംചെയ്ത ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മമഹാരാജാവു തിരുമനസ്സിലെ അപദാനങ്ങളെ സംബന്ധിച്ചും—സർവ്വപ്രധാനമായി മതം, സാമുദായികം, രാഷ്ട്രം, സാന്മാർഗ്ഗീകസംരക്ഷണം എന്നീ വിഷയങ്ങളെ മുൻനിറുത്തിയും പ്രതിപാദിച്ചിരിക്കുന്ന ഒരു മഹൽഗ്രന്ഥമാണിതു.)

2. ശത്രുനാഗമം.

3. പഞ്ചദശപ്രഭാഷകന്മാർ.

[പുലയ (ചേരമർ) സമുദായത്തിലെ 15 നേതാക്കന്മാരുടെ സമുദായനേതൃത്വപരമായ പ്രവൃത്തനങ്ങളെ നിഷ്പക്ഷബുദ്ധ്യാ വിമർശിച്ചിരിക്കുന്നു.]

4. അൽപ്രാണയായ അയിത്തരാക്ഷസിയുടെ [illegible] രാഗം; ഒന്നാംഭാഗം.

5. രണ്ടാംഭാഗം.

6. മൂന്നാംഭാഗം.

7. പിതൃയുഗത്തിലെ അവശസമുദായങ്ങൾ. അഥവാ അവർണ്ണരുടെ സുവർണ്ണകാലം.

8. പുലയജാതിരാക്ഷസിയുടെ തിരിഞ്ഞുനോട്ടം.

കേരളത്തിലെ സുപ്രസിദ്ധസാഹിത്യകാരന്മാരുടെ അവതാരിക, അഭിപ്രായം ഇവകളോടുകൂടിതയ്യാറായിവരുന്നു.